# പരിശീലന മാർഗ്ഗങ്ങൾ

## അദ്ധ്യായം ഒന്ന്
# ശുദ്ധീകരണ മാർഗ്ഗങ്ങൾ

## I
## മനഃശുദ്ധീകരണം

1. മനുഷ്യൻ ലൗകികവികാരങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്നു, അതവനെ മായികാലോകത്തിലേയ്ക്കും തുടർന്ന് ദുഖത്തിലേയ്ക്കും വലിച്ചിഴക്കുന്നു. അഞ്ചു മാർഗ്ഗങ്ങളുടെ സഹായത്താൽ ഒരുവന് ലൗകികവികാരങ്ങൾ സൃഷ്ടിക്കുന്ന മായയിൽ നിന്ന് രക്ഷപ്രാപിക്കുവാൻ സാധിക്കുന്നു.

ആദ്യമായി, മനുഷ്യന് എല്ലാറ്റിനെക്കുറിച്ചും കൃത്യമായ ധാരണ ഉണ്ടായിരിക്കണം, ഈ ധാരണ ഭൂമിയിലുള്ള വസ്തുക്കളെയും സംഭവങ്ങളെയും കൃത്യമായി വീക്ഷിക്കുന്നതിൽ നിന്ന് ഉണ്ടായതായിരിക്കണം, അവ കാര്യകാരണങ്ങളെ ആധാരപ്പെടുത്തിയുള്ളവയായിരിക്കണം. മനുഷ്യദുഃഖങ്ങളുടെ കാരണം മനസ്സിന്റെ അമിതാഗ്രഹങ്ങളെയും അഭിനിവേശങ്ങളെയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായിരുന്നാലും, അഭിനിവേശവും അത്യാഗ്രഹവും അഹന്ത നിറഞ്ഞ മനസ്സിനെ അജ്ഞാനത്തിന്റെ സ്വാധീനത്താൽ കാര്യകാരണങ്ങൾ മറന്ന് ആത്മാവായി തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ളതിനാലും, അത് തെറ്റായ നിരീക്ഷണത്തിന്റെ ഫലമായി ഉണ്ടാകുന്നതിനാലും, ഒരു മനുഷ്യൻ ശാന്തിയും സമാധാനവും ഇച്ഛിക്കുന്നുവെങ്കിൽ അവൻ ലൗകികാഗ്രഹങ്ങളിൽ നിന്ന് മോചനം നേടണം.

രണ്ടാമതായി, ലൗകികാഗ്രഹങ്ങളും വികാരങ്ങളും ഉളവാക്കുന്ന തെറ്റായ നിരീക്ഷണങ്ങളെ വളരെ ശ്രദ്ധാപൂർവ്വമുള്ള മനോനിയന്ത്രണ മാർഗ്ഗങ്ങളിലൂടെ മാറ്റിയെടുക്കുവാൻ സാധിക്കും. ഈ ധ്യാനരീതി ഒരുമനുഷ്യനെ വികാരങ്ങൾ ഉണർത്തുവാൻ കെൽപ്പുള്ള അവന്റെ പഞ്ചേന്ദ്രിയങ്ങളുടെമേൽ സ്ഥായിയായ നിയന്ത്രണം ഉണ്ടാക്കിയെടുക്കുവാൻ സഹായിക്കുന്നു. അങ്ങനെ ചെയ്യുന്നതുമൂലം ഒരുവന് അവനിലുള്ള ലൗകികവികാരങ്ങളുടെയും ആഗ്രഹങ്ങളുടെയും അടിസ്ഥാന കാരണങ്ങൾ മനസ്സിലാക്കിയെടുക്കുവാൻ സാധിക്കും.

മൂന്നാമതായി, മനുഷ്യർക്ക് വസ്തുക്കളുടെ ഉപയോഗത്തെപ്പറ്റിയും ഉപയോഗരീതിയെപ്പറ്റിയും ശരിയായ ധാരണയും ആശയ കൃത്യതയും ഉണ്ടായിരിക്കണം. ഉദാഹരണത്തിന് വസ്ത്രങ്ങളും ഭക്ഷണവും മറ്റും ഒരിക്കലും സുഖഭോഗ മാർഗ്ഗങ്ങളായി കാണാതിരിക്കുകയും, മറിച്ച് അവയെ ജീവൻ നിലനിർത്തുന്നതിനും രക്ഷയ്ക്കുമുള്ള ഉപാധികളായി മാത്രം കാണുകയും ചെയ്യണം. വസ്ത്രങ്ങൾ മനുഷ്യശരീരത്തിനെ ശീതോഷ്ണത്തിൽ നിന്ന് രക്ഷിക്കുന്നതിനോടൊപ്പം മനുഷ്യന്റെ നാണം മറയ്ക്കുവാനും സഹായിക്കുന്നു; അതുപോലെ ഭക്ഷണം മനുഷ്യശരീരത്തിന് ആവശ്യമായ പോഷണം നല്കുന്നതിനോടൊപ്പം ധ്യാനം തുടങ്ങിയ ആത്മീയകാര്യങ്ങൾ മുറയ്ക്കു ചെയ്യുന്നതിനുള്ള ശക്തിയും മനക്കരുത്തും പ്രദാനം ചെയ്യുന്നു. ഇത്തരം ശരിയായ ചിന്തകൾ മനുഷ്യമനസ്സിനെ ലൗകികവികാരങ്ങൾക്ക് അടിമപ്പെടുന്നതിൽ നിന്നും രക്ഷിക്കുന്നു.

നാലാമതായി, മനുഷ്യർ ഇക്കാര്യങ്ങളിൽ മനക്കരുത്ത് സ്വരൂപിക്കണം: ചൂടിനെയും തണുപ്പിനെയും നേരിടുവാനുള്ള കരുത്ത്; വിശപ്പിനെയും ദാഹത്തിനെയും നേരിടുവാനുള്ള ത്രാണി; മറ്റുള്ളവരുടെ കുറ്റപ്പെടുത്തലുകളെയും തിരസ്കാരങ്ങളെയും സമചിത്തതയോടെ വീക്ഷിക്കുവാനുള്ള മനസ്സ്. ഒരു മനുഷ്യൻ ഇതിൽ മനക്കരുത്ത് നേടുന്നതുമൂലം അവന് ലൗകികാഗ്രഹങ്ങളും വികാരങ്ങളും ഉണ്ടാക്കുന്ന വൈഷമ്യങ്ങളിൽ നിന്നും കഷ്ടപ്പാടുകളിൽ നിന്നും രക്ഷപ്രാപിക്കുവാൻ സാധിക്കും.

അഞ്ചാമതായി ഒരു മനുഷ്യൻ സംയമന രീതികൾ സ്വായത്തമാക്കുവാൻ ശ്രമിക്കണം അത് അവനെ, ബുദ്ധിമാനായ ഒരു മനുഷ്യൻ പേപ്പട്ടികളിൽ നിന്നും കടിഞ്ഞാണിടാത്ത കുതിരയിൽ നിന്നും ഒഴിഞ്ഞു നടക്കുന്നതുപോലെ, അപകടങ്ങളിൽ നിന്ന് രക്ഷിക്കും. അതുകൊണ്ട് ഒരുവൻ ചീത്തകൂട്ടുകെട്ടുകളിൽ നിന്നും അപകടമുണ്ടാക്കുന്ന സാഹചര്യങ്ങളിൽ നിന്നും ജാഗ്രതയോടെ ശ്രദ്ധാപൂർവ്വം സംയമനം ശീലിക്കുകയാണെങ്കിൽ, അവന്റെ ജീവിതസൗഖ്യത്തെയും ലക്ഷ്യങ്ങളെയും നശിപ്പിക്കുന്ന ലൗകികാഗ്രഹങ്ങളിൽ നിന്നും തൃഷ്ണയിൽ നിന്നും സ്വയം രക്ഷപ്രാപിക്കുവാൻ സാധിക്കും.

2. അഞ്ചുഗണത്തിൽപ്പെടുത്താവുന്ന ലൗകികാഗ്രഹങ്ങൾ ഈ ലോകത്തിലുണ്ട്.

ആഗ്രഹങ്ങൾ: കണ്ണുകൾ വസ്തുക്കളുടെ രൂപം കാണുന്നതിൽ നിന്നും; കാതുകൾ ശബ്ദം കേൾക്കുന്നതിൽ നിന്നും; മൂക്ക് വസ്തുക്കളെ മണത്തറിയുന്നതിൽ നിന്നും; നാക്ക് അവയെ രുചിച്ചറിയുന്നതിൽ നിന്നും; വസ്തുക്കൾ സ്പർശനത്താൽ ഗ്രഹിക്കുന്നതിൽ നിന്നും. ഈ അഞ്ച് ഇന്ദ്രിയങ്ങളുടെ വാതിലുകളിലൂടെയാണ് മനുഷ്യൻ അവന്റെ പ്രധാന സുഖത്തിനുവേണ്ടിയുള്ള വഴികൾ തിരയുന്നത്.

മനുഷ്യശരീരത്തിൽ ആന്തരിക ചോദനയായ സുഖം തിരയുകയെന്ന യജ്ഞത്തിൽ ഈ ഇന്ദ്രിയങ്ങൾ വളരെ പ്രധാനമായ പങ്കുവഹിക്കുന്നു. അവ ഒരു നായാട്ടുകാരന്റെ കെണിപോലെ മനുഷ്യമനസ്സാകുന്ന മാൻപേടയെ കെണിയിൽ അകപ്പെടുത്തുന്നു. സാധാരണ മനുഷ്യർ ഇന്ദ്രിയസുഖങ്ങളുടെ പിന്നിലുള്ള അപകടങ്ങളെപ്പറ്റി ബോധവാന്മാരല്ല. ഒരുതരത്തിൽ പറഞ്ഞാൽ ഇന്ദ്രിയങ്ങളുണ്ടാക്കുന്ന പ്രചോദനമാണ് മനുഷ്യനെ നാശത്തിലേയ്ക്കു നയിക്കുന്ന ഏറ്റവും വലിയ വികാരം. ഈ ലൗകികവികാരങ്ങളുടെ കെണിയിൽപ്പെടുന്ന മനുഷ്യൻ ദുഃഖദായകമായ അവസ്ഥകളിലേയ്ക്ക് വലിച്ചിഴക്കപ്പെടുന്നു. ഒരുവൻ അവയിൽ നിന്ന് രക്ഷപ്രാപിക്കുന്നതിനുള്ള വഴികൾ കണ്ടുപിടിക്കണം.

3. ലൗകികാഗ്രഹങ്ങളിൽ നിന്നും വികാരങ്ങളിൽ നിന്നും വളരെയെളുപ്പത്തിൽ രക്ഷപ്രാപിക്കുവാൻ സാധിക്കുകയില്ല. ഉദാഹരണത്തിന്, ഈ ആറുമൃഗങ്ങളെ: പാമ്പ്, മുതല, പക്ഷി, നായ, കുറുക്കൻ, കുരങ്ങ് തുടങ്ങിയവയെ ഒന്നിച്ചൊരു കയറിൽ കെട്ടി സ്വതന്ത്രമായി വിടുകയാണെങ്കിൽ, ഓരോ മൃഗവും അതിന്റെ ചോദനക്കും ഇച്ഛക്കുമനുസരിച്ച് അതതിന്റെ രീതിയിൽ വിഹരിക്കുവാൻ തുടങ്ങും. പാമ്പ് പുല്ലുകൾക്കിടയിൽ ഒളിക്കുവാനും; മുതല തടാകത്തിലെ വെള്ളത്തെതേടിയും; പക്ഷി സ്വതന്ത്രമായി ആകാശത്തിൽ പറക്കുന്നതിനായും; നായ ഗ്രാമത്തിൽ ഉലാത്തുന്നതിനായും; കുറുക്കൻ സ്വതന്ത്രമായ വെളിപ്രദേശത്തെതേടിയും; കുരങ്ങ് വനത്തിൽ തന്റെ പ്രധാന താവളമായ മരങ്ങളെ തേടിയും പുറപ്പെടും. അങ്ങനെ ഓരോന്നും അതിന്റെ സ്വാഭാവിക വിഹാരരംഗങ്ങളെ തേടി പുറപ്പെടും, പക്ഷെ പരസ്പരം കെട്ടിയിട്ടിരിക്കുന്നതിനാൽ കൂട്ടത്തിൽ ശക്തിയും സാമർത്ഥ്യവുമുള്ളത് അവയുടെ വഴിക്ക് മറ്റുള്ളവയെ വലിച്ചു കൊണ്ടുപോകുന്നു.

ഇവിടെ വിവരിച്ച ഉദാഹരണത്തിലെ മൃഗങ്ങളെപ്പോലെ മനുഷ്യർ ആറ് ഇന്ദ്രിയങ്ങൾ ഉണ്ടാക്കുന്ന പ്രചോദനത്തിലും ശീലങ്ങളിലും അകപ്പെട്ടു പോകുന്നു. ആഗ്രഹങ്ങൾ പ്രധാനമായും കണ്ണ്, മൂക്ക്, നാവ്, ചെവി, സ്പർശം, മനസ്സ് തുടങ്ങിയ ഇന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു.

ഈ ആറു മൃഗങ്ങളെയും ഒരു തൂണിൽ കെട്ടിയിടുകയാണെങ്കിൽ, അത് സ്വയം സാധിക്കുന്ന വിധത്തിൽ ആ ബന്ധനത്തിൽ നിന്നു മോചിക്കപ്പെടുന്നതിനായി ശ്രമിക്കും, ഒരുപക്ഷെ ക്ഷീണിതരായി ആ തൂണിന്റെ അടിയിൽ വീണുകിടക്കും. അതുപോലെ മനുഷ്യർ അവരുടെ ഇന്ദ്രിയങ്ങളെ നിയന്ത്രണത്തിൽ കൊണ്ടുവരുകയാണെങ്കിൽ അവർക്ക് മറ്റ് അഞ്ച് ഇന്ദ്രിയങ്ങളിൽ നിന്ന് പ്രചോദനമുണ്ടാകുകയില്ല. മനസ്സിനെ നിയന്ത്രണത്തിൽ വരുത്തുന്നവന് സന്തോഷം എപ്പോഴും സ്ഥായിയായി നിലനിൽക്കും.

4. മനുഷ്യർ അവരുടെ അഹങ്കാരം നിറഞ്ഞ മനസ്സിനെ സ്നേഹിക്കുന്നു. ആ മനസ്സിന് പേരും പെരുമയും ധാരാളം വേണം. എന്നൽ പേരും പെരുമയും സുഗന്ധദ്രവ്യങ്ങൾ പോലെയാണ്: അവ വളരെ പ്പെട്ടന്ന് ബാഷ്പീകരണം ചെയ്തുപോകുന്നു. ഒരുവൻ പെരുമയുടെയും സമൂഹത്തിലെ വ്യാജമായ അന്തസ്സിന്റെയും പുറകെ പോകുകയും സത്യത്തിന്റെ മാർഗ്ഗത്തെ മറക്കുകയും ചെയ്യുകയാണെങ്കിൽ, അവൻ അപകടകരമായ സ്ഥിതിയിലാണ് ജീവിക്കുന്നത്, വളരെ താമസിക്കാതെ അതിനെപ്പറ്റി വ്യസനിക്കുകയും ചെയ്യും.

ഒരു മനുഷ്യൻ പെരുമയുടെയും പണത്തിന്റെയും കാമപൂരിതമായ സ്നേഹത്തിന്റെയും പുറകെ പോകുകയാണെങ്കിൽ, അവനെ ഒരു കത്തിമുനയിൽ നിന്ന് തേൻ നക്കികുടിക്കുന്ന ഒരു കുട്ടിയോടുപമിക്കാം. തേനിന്റെ മധുരം ആസ്വദിക്കുന്നതിനൊപ്പം അവൻ അവന്റെ നാക്ക് മുറിപ്പെടുന്നതിൽ നിന്ന് ശ്രദ്ധിക്കണം. അവനെ ആളിക്കത്തിക്കൊണ്ടിരിക്കുന്ന ഒരു പന്തം കാറ്റുള്ളസമയത്ത് കൈയ്യിലേന്തിനടക്കുന്ന ഒരുവനോട് ഉപമിക്കാം, കാരണം ആ തീനാളങ്ങൾ അവന്റെ കൈകളെ എപ്പോഴെങ്കിലും പൊള്ളിക്കും.

ഒരുവൻ വിഡ്ഢിത്തങ്ങളും അഹങ്കാരംനിറഞ്ഞതുമായ അവന്റെ മനസ്സിനെയും മനോവ്യാപാരങ്ങളെയും ആശ്രയിക്കരുത്. അതുപോലെ

ഒരിക്കലും തന്റെ മനസ്സിനെ സ്വതന്ത്രമായി കറങ്ങിത്തിരിയുവാൻ അനുവദിക്കരുത്, മറിച്ച് മനസ്സിനെ കർശ്ശനമായ നിയന്ത്രണത്തിൽ നിർത്തണം.

5. മനസ്സിനെ നിയന്ത്രണത്തിൽ നിർത്തുകയെന്നത് ഒരുപക്ഷെ ഏറ്റവും ദുഷ്ക്കരമായ കാര്യമാണ്. ആര് ജ്ഞാനവും നിർവ്വാണവും ആഗ്രഹിക്കുന്നുവോ അവർ മനസ്സിലുള്ള ആഗ്രഹമെന്ന അഗ്നിയെ നശിപ്പിക്കണം. ആഗ്രഹമെന്നത് കത്തികൊണ്ടിരിക്കുന്ന ഒരു തീകുണ്ഡമാണ്. മോചനം അഗ്രഹിക്കുന്ന മനുഷ്യൻ ഒരു വൈക്കോൽ കെട്ട് ചുമന്നുകൊണ്ടു പോകുന്നവനെപ്പോലെ ആഗ്രഹമാകുന്ന അഗ്നിയെ ഭയപ്പെടണം.

അതേസമയം ഒരു മനുഷ്യൻ ആഗ്രഹങ്ങളുണ്ടാക്കുന്ന വസ്തുക്കളെ ഭയപ്പെട്ട് മാറി നില്ക്കരുത്. അത് ഒരിക്കലും ആശാസ്യമായ കാര്യമല്ല. മറിച്ച് ഒരു മനുഷ്യൻ അവന്റെ മനസ്സിനെ ആരോഗ്യകരമായ രീതിയിൽ നിയന്ത്രണത്തിലാക്കണം, അങ്ങനെ ചെയ്യുമ്പോൾ ദുർബല വികാരങ്ങൾ അവനെ സ്വാധീനിക്കുകയില്ല.

ജ്ഞാനത്തിന്റെയും നിർവ്വാണത്തിന്റെയും പാത പിൻതുടരുകയെന്നത് വളരെ ദുഷകരമായ കാര്യമാണ്, പക്ഷെ അതുപോലെ തന്നെ ദുഷ്ക്കരമായകാര്യമാണ് അങ്ങനെയൊരു പാതപിൻതുടരാതിരിക്കുകയെന്നതും. നിർവ്വാണം സാധിക്കാൻ ശ്രമിക്കാതിരിക്കുകയെന്നത് ലോകത്തെ ദുഃഖത്തിൽ ആഴ്ത്തി നശിപ്പിക്കാൻ ശ്രമിക്കുന്നതിനു തുല്യവുമാണ്.

ജ്ഞാനത്തിലേയ്ക്കും നിർവ്വണത്തിലേയ്ക്കുമുള്ള പാത, വലിയ ഒരു ഭാരം വഹിച്ചുകൊണ്ട് ചെളിയിൽക്കുടി നടക്കേണ്ടിവരുന്ന ഒരു കാളക്ക് തുല്യമാണ്. ആ കാള അതിനെക്കൊണ്ട് പറ്റുന്നവിധത്തിൽ മറ്റുകാര്യങ്ങളിലേക്ക് ശ്രദ്ധതിരിച്ചുവിടാതെ ആ ഭാരം വഹിക്കുകയാണെങ്കിൽ അതിന് ആ ചെളിക്കുണ്ടിൽ നിന്ന് വേഗത്തിൽ രക്ഷപ്പെടുവാൻ സാധിക്കുകയും അവസാനം കുറച്ചുസമയം നന്നായി വിശ്രമിക്കുവാനും സാധിക്കും. അതുപോലെ മനസ്സിനെ ശാന്തമായി പക്വപ്പെടുത്തി ശരിയായരീതിയിൽ ചിന്തിച്ച് അഹങ്കാരമാകുന്ന ചെളിയെ മാറ്റി നിർത്തി ഒരുവൻ പ്രവർത്തിക്കുകയാണെങ്കിൽ അവനിൽ നിന്ന് നിശ്ചയമായും ദുഃഖവും ദുഃഖമുണ്ടാക്കുന്ന സാഹചര്യങ്ങളും അകന്നുപോകും.

6. ഈ ലോകദുഃഖങ്ങളിൽ നിന്നും മോചനവും നിർവ്വാണവും ആഗ്രഹിക്കുന്ന ഒരു മനുഷ്യൻ ആദ്യമായി അവന്റെ അഹങ്കാരം

നിറഞ്ഞമനസ്സിനെ നിയന്ത്രണത്തിൽ കൊണ്ടുവരണം, അതുപോലെ അവൻ എളിമയോടുകൂടി ബുദ്ധന്റെ വചനങ്ങൾ ശ്രവിക്കുവാൻ തയ്യാറാകണം. ലോകത്തിലുള്ള സർവ്വവസ്തുക്കളും, സകല സ്വർണ്ണവും വെള്ളിയും ധനവും എല്ലാ ശ്രേഷ്ഠബഹുമതികളും, ബുദ്ധദർശനം നല്കുന്ന ബോധത്തിനും അതിൽനിന്ന് ഉരുവാകുന്ന ഗുണങ്ങൾക്കും തുല്യമല്ല.

നല്ല ആരോഗ്യം പ്രാപിക്കുന്നതിനും ശരിയായ സന്തോഷം കുടുംബത്തിൽ ഉണ്ടാക്കിയെടുക്കുന്നതിനും, തന്റെ ചുറ്റുമുള്ള എല്ലാവർക്കും സമാധാനവും സന്തോഷവും ഉണ്ടാക്കുന്നതിനും, ഒരു മനുഷ്യൻ ആദ്യമായി അവന്റെ മനസ്സിനെ നിയന്ത്രണത്തിൽ കൊണ്ടുവരുകയും മനോനിയന്ത്രണം ഒരു ശീലമാക്കുകയും ചെയ്യണം. നിയന്ത്രണത്തിൽ കൂടി ഒരുവന് നിർവ്വാണത്തിലേയ്ക്കുള്ള മാർഗ്ഗം തുറന്നു കിട്ടുന്നു, അതോടൊപ്പം ബോധവും ഗുണങ്ങളും സ്വാഭാവികമായി അവനോടൊപ്പം വരുന്നു.

എങ്ങനെ നിധികൾ ഭൂമിയിൽ നിന്ന് വീണ്ടെടുക്കുന്നുവോ, അതുപോലെ ഗുണങ്ങൾ നല്ലപ്രവർത്തിയിലൂടെ പുറത്തുകൊണ്ടുവരപ്പെടുന്നു. മാത്രമല്ല ശാന്തിയും സമാധാനവും നിറഞ്ഞ മനസ്സിൽ പ്രജ്ഞ സ്വാഭാവികമായി കാണുന്നു. ജീവിതയാത്ര കഷ്ടതകളില്ലാതെയും സുഗമമായും നിർവ്വഹിക്കുന്നതിന് ഒരാൾക്ക് പ്രജ്ഞ നല്കുന്ന പ്രകാശവും ഗുണങ്ങളുടെ പ്രബോധനങ്ങളും ആവശ്യമാണ്.

ബുദ്ധോപദേശങ്ങൾ എപ്പോഴം ഒരു നല്ല വഴികാട്ടിയാണ്, അത് മനുഷ്യനെ അഹങ്കാരത്തിൽ നിന്നും ദേഷ്യത്തിൽ നിന്നും വിഡ്ഢിത്തരങ്ങളിൽ നിന്നും മോചിതരാകുവാനുള്ളവഴി പഠിപ്പിച്ചുതരുന്നു, ആ സാരോപദേശങ്ങൾ പിൻതുടരുകവഴി ഒരുവന് സന്തോഷവും നല്ലജീവിതവും നേടുവാൻ സാധിക്കുന്നു.

7. മനുഷ്യൻ അവന്റെ ചിന്തകൾക്കനുസരണമായി പ്രവർത്തിക്കുന്ന സ്വഭാവമാണുള്ളത്. അവർ ലോഭചിന്തകളെ മനസ്സിൽ സൂക്ഷിക്കുകയാണെങ്കിൽ അവർ കൂടുതൽ ആർത്തിയും അത്യാഗ്രഹവുമുള്ളവരായിത്തീരും; അവർ ക്രോധചിന്തകളെ മനസ്സിൽ കൊണ്ടുനടക്കുകയാണെങ്കിൽ കൂടുതൽ ദേഷ്യമുള്ളവരായിതീരും; വിഡ്ഢിത്തരമായി ചിന്തിക്കുകയാണെങ്കിൽ വിഡ്ഢിത്തരം അവരുടെ പ്രവർത്തനങ്ങളെ സ്വാധീനിക്കും.

കൊയത്തുകാലത്ത് കർഷകർ തങ്ങളുടെ ആടുമാടുകളെ കൂട്ടികെട്ടിയിട്ട് പരിപാലിക്കുന്നു. അല്ലെങ്കിൽ അവ വിളഞ്ഞു നിൽക്കുന്ന പാടത്തിൽ കയറി വിളകൾ നശിപ്പിക്കുകയും അല്ലെങ്കിൽ ഒരുപക്ഷെ മറ്റു കൃഷിക്കാർ അവയെ

കൊന്നെന്നുമിരിക്കും. അതുപോലെ മനുഷ്യർ തങ്ങളുടെ മനസ്സിനെ സുരക്ഷിതമായി കഷ്ടതകൾക്കെതിരെയും വഞ്ചിതരാകുന്നതിനെതിരെയും കാത്തു സൂക്ഷിക്കണം. അവർ തങ്ങളുടെ ചിന്തകളെ അത്യാഗ്രഹത്തിലും വിഡ്ഢിത്തത്തിലും വീഴുന്നതിൽ നിന്ന് സംരക്ഷിക്കണം.

വസന്തകാലം വരുമ്പോൾ വിളവെടുപ്പു കഴിഞ്ഞപാടങ്ങൾ പച്ചപ്പുല്ലുകൾകൊണ്ട് നിറഞ്ഞിരിക്കും അപ്പോൾ കന്നുകാലികളെയും ആടുമാടുകളെയും അവിടെ സ്വതന്ത്രമായി മേയാൻ അനുവദിക്കാം; പക്ഷെ ആ കന്നുകാലികളുടെ മേൽ ശ്രദ്ധ എപ്പോഴും വെച്ചിരിക്കണം. അതുപോലെതന്നെയാണ് മനുഷ്യമനസ്സിന്റെ കാര്യത്തിലും. ഏറ്റവും നല്ല സാഹചര്യങ്ങളിൽപോലും മനുഷ്യൻ അവന്റെ മനസ്സ് അഹങ്കാരത്തിന്റെയും തിന്മയുടെയും വഴിയെ പോകാതിരിക്കുവാൻ ശ്രദ്ധിക്കണം.

8. ഒരിക്കൽ കൗസാംബി എന്ന സ്ഥലത്ത് ഭഗവാൻ ബുദ്ധനും ശിഷ്യരും താമസിച്ചിരുന്നു. ഭഗവാനോട് വിയോജിപ്പുണ്ടായിരുന്ന ഒരു വ്യക്തി ബുദ്ധനെപ്പറ്റി നുണപ്രചരണം നടത്തുന്നതിനായി ചിലർക്ക് പണം നല്കി. അതനുസരിച്ചുള്ള അവരുടെ പ്രർത്തന ഫലമായി ഭഗവാനും ശിഷ്യർക്കും ഭിക്ഷയെടുക്കുവാനോ ആവശ്യാനുസരണം ഭക്ഷണം ലഭിക്കുവാനോ സാധിച്ചില്ല. അത്രമോശമായിരുന്നു അവരെപ്പറ്റിയുണ്ടാക്കിയ നുണപ്രചരണം.

ഇതിനെത്തുടർന്ന് ശിഷ്യന്മാരിൽ ഒന്നാമനായ ആനന്ദൻ ബുദ്ധനോടു പറഞ്ഞു, '' നമ്മളീ നഗരത്തിൽ ജീവിക്കുന്നതിൽ അർത്ഥമില്ല, ഇങ്ങനെ അധികം നാൾ നമുക്ക് തുടരുവാൻ സാധിക്കുകയില്ല. ഇതിലും നല്ല നഗരങ്ങൾ ഇവിടെയടുത്തുണ്ട്. നമ്മൾ ഇവിടെ നിന്ന് പോകുന്നതാണ് ബുദ്ധി.''

അപ്പോൾ ഭഗവാൻ ഇങ്ങനെ മറുപടി പറഞ്ഞു ,'' അടുത്ത നഗരവും ഇതുപോലെയാണെങ്കിൽ നമ്മളെന്തുചെയ്യും?'''' അപ്പോൾ നമ്മൾ മറ്റൊരു നഗരത്തെ തേടി പോകും.''

ഭഗവാൻ അതിനുത്തരമായി ഇങ്ങനെ ഉപദേശിച്ചു, ''ഇല്ല ആനന്ദാ, അങ്ങനെ ചെയ്യുന്നത് ഒരു അവസാനമില്ലാതെ തുടരും, അതനുവദിച്ചുകൂടാ, നമ്മൾ ഇവിടെത്തന്നെ ഈ നുണപ്രചരണങ്ങളുടെ തീവ്രത അവസാനിക്കുന്നതുവരെ താമസിക്കും, അതുവരെ നമ്മൾ അവയെ

ക്ഷമയോടെയും സമചിത്തതയോടെയും സഹിക്കും. അവയുടെ തീവ്രത അവസാനിച്ചു കഴിഞ്ഞാൽ നമ്മൾ മറ്റൊരു നഗരത്തിലേയ്ക്ക് താമസം മാറ്റും.''

'' ഈലോകത്തിൽ ലാഭവും നഷ്ടവും, മര്യാദയും അപമര്യാദയും, പുകഴ്ത്തലും അപകീർത്തിപ്പെടുത്തലും, സുഖവും ദുഃഖവും ജീവിതത്തിന്റെ ഭാഗമായുണ്ട്. ബൗദ്ധം സിദ്ധിച്ച ഒരുവ്യക്തി ഇത്തരം നൈമിഷികങ്ങളായ കാര്യങ്ങളെ കാര്യമായെടുത്ത് തീരുമാനങ്ങളെടുക്കുകയില്ല. ഇത്തരം കാര്യങ്ങൾ വന്നതുപോലെ മറഞ്ഞുപോകും.''

## II
## നല്ല ശീലങ്ങളും പെരുമാറ്റരീതിയും

1. ജ്ഞാനവും നിർവ്വാണവുമാഗ്രഹിക്കുന്ന ഒരു വ്യക്തി ശരീരവും മനസ്സും ചിന്തയും വാക്കുകളും സൂക്ഷ്മമായും തുടർച്ചയായും ശുദ്ധമായി വെക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി തികച്ചും നല്ല അവബോധം ഉണ്ടാക്കിയെടുക്കണം. അതിലേയ്ക്കായി ഒരുവൻ അവന്റെ ശരീര ശുദ്ധിക്കായി ഒരു ജീവിയുടേയും ജീവനെടുക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം, അതുപോലെ തന്നെ മോഷ്ടിക്കാതിരിക്കുവാനും വ്യഭിചരിക്കാതിരിക്കുവാനും ശ്രമിക്കണം. വാക്കുകളുടെ ശുദ്ധത സംരക്ഷിക്കുന്നതിന്, നുണപറയാതിരിക്കുകയും, അസഭ്യം പറയാതിരിക്കുകയും, പറഞ്ഞു ചതിക്കാതിരിക്കുകയും അല്ലെങ്കിൽ വ്യർത്ഥവും അശ്ലീലംനിറഞ്ഞതുമായ സംഭാഷണരീതി പിൻതുടരാതിരിക്കുകയും ചെയ്യണം. അതുപോലെ മനസ്സിനെ ശുദ്ധീകരിക്കുന്നതിനായി മനസ്സിൽ നിന്ന് അഹങ്കാരം, ലോഭം, ദേഷ്യം, തെറ്റായ പ്രസ്താവനകൾ തുടങ്ങിയവയിൽ നിന്ന് മാറി നിൽക്കുവാൻ ശ്രമിക്കണം.

ഒരു മനുഷ്യന്റെ മനസ്സ് അശുദ്ധമാണെങ്കിൽ അവന്റെ കർമ്മങ്ങളും അശുദ്ധമായിത്തീരും; കർമ്മങ്ങൾ അശുദ്ധമായാൽ ജീവിതം ദുഃഖപൂരിതമാകും. അതുകൊണ്ട്, മനുഷ്യജീവിതത്തിൽ ഏറ്റവും പ്രധാനമായകാര്യമാണ് മനസ്സിനെയും ശരീരത്തെയും ശുദ്ധമാക്കിവെക്കുകയെന്നത്.

2. ഒരിടത്ത് ഒരിക്കൽ ധനികയായ ഒരു വിധവ ജീവിച്ചിരുന്നു. അവൾ എളിമക്കും കരുണക്കും ഉപചാരങ്ങൾക്കും പ്രസിദ്ധയായിരുന്നു. അവർക്ക് സമർത്ഥയും ബുദ്ധിമതിയുമായ ഒരു ജോലിക്കാരി ഉണ്ടായിരുന്നു.

ഒരു ദിവസം ആ ജോലിക്കാരി ഇങ്ങനെ ചിന്തിച്ചു, '' എന്റെ വീട്ടമ്മ നല്ലസ്വഭാവമുള്ളവളെന്ന് എല്ലാവരും പറയുന്നു. എനിക്കതിൽ ചെറിയ സംശയമുണ്ട്, ഒരുപക്ഷെ അവരുടെ നല്ലസ്വഭാവം സ്വാഭാവികമായി അവരുടെ ചുറ്റുപാടുകളിൽ നിന്ന് തോന്നുന്നതായിരിക്കാം. ഞാൻ ആ രഹസ്യം കണ്ടുപിടിക്കും.''

അതിന്റെ അടുത്ത ദിവസം തന്റെ യജമാനത്തിയെ പരീക്ഷിക്കുന്നതിനുവേണ്ടി ഉച്ചയാകുന്നതുവരെ ജോലിക്കുവരാതെ വീട്ടമ്മയിൽ നിന്ന് മാറി നിന്നു. ഉച്ചക്കുവന്ന അവളെ വീട്ടമ്മ നിയന്ത്രണമില്ലാതെ കണ്ടമാനം വഴക്കുപറഞ്ഞു. അതിനു മറുപടിയായി ഇങ്ങനെ പറഞ്ഞു, '' ഞാൻ ഒന്നോ രണ്ടോ ദിവസം മാറിനിന്നുവെന്നുവെച്ച് നിങ്ങൾ എന്നോട് പിണങ്ങരുത്. '' അതുകേട്ട വീട്ടമ്മ വീണ്ടും ദേഷ്യപ്പെട്ടു.

അടുത്ത ദിവസം രാവിലെ ജോലിക്കാരി വീണ്ടും താമസിച്ചുവന്നു, ഇപ്പോൾ അവൾ ഉച്ചയോടുകൂടിയാണ് വന്നത്. ഈ പ്രാവശ്യം നിയന്ത്രണംവിട്ട വീട്ടമ്മ അവളെ ഒരു വടികൊണ്ട് അടിച്ചു. ഈ സംഭവം എല്ലാവരും കേൾക്കുകയും നല്ല സ്വഭാവശാലിയെന്ന അവരുടെ പ്രശസ്തിക്ക് കളങ്കം വന്നു ചേരുകയും ചെയ്തു.

3. മിക്കവാറും ജനങ്ങൾ ഈ കഥയിൽ വിവരിച്ച സ്ത്രീയെപ്പോലെയാണ്. അവരുടെ ചുറ്റുപാടുകളും സാഹചര്യങ്ങളും നല്ലതാണെങ്കിൽ അവർ കരുണയും ശാന്തതയും എളിമയുമുള്ള നല്ല സ്വഭാവം പ്രകടിപ്പിക്കും. പക്ഷെ ആ നല്ല സാഹചര്യം മാറിയാൽ അവർ നല്ല സ്വഭാവം പ്രകടിപ്പിക്കുമെന്നതിന് യാതൊരു ഉറപ്പുമില്ല.

ഒരു വ്യക്തി എല്ലാ സാഹചര്യങ്ങളിലും മോശമായ സംസാരം ചെവിക്കൊള്ളേണ്ടി വന്നാലും, ആരെങ്കിലും അവരോട് മോശമായ രീതിയിൽ പെരുമാറിയാൽ പോലും; അല്ലെങ്കിൽ ആവശ്യസാധനങ്ങൾ ആവശ്യാനുസരണം ലഭ്യമല്ലാതിരുന്നാലും തന്റെ നല്ലസ്വഭാവം നിലനിർത്തുകയാണെങ്കിൽ മാത്രമെ അയാളെ നല്ല സ്വഭാവശാലിയെന്നു വിളിക്കുവാൻ സാധിക്കുകയുള്ളു.

അതുകൊണ്ട്, ആര് നല്ല കർമ്മങ്ങൾ ചെയ്യുന്നതും ശാന്തമായി പെരുമാറുന്നതും അവരുടെ സാഹചര്യങ്ങൾ നല്ലരീതിയിലിരിക്കുമ്പോൾ മാത്രമാണെങ്കിൽ അവരെ യഥാർത്ഥത്തിൽ നല്ലമനുഷ്യരെന്ന് വിളിക്കുവാൻ സാധിക്കുകയില്ല. എന്നാൽ, ആര് ബുദ്ധന്റെ ഉപദേശങ്ങൾ ശ്രവിക്കുകയും അതനുസരിച്ച് മനസ്സിനെ നല്ല ശീലങ്ങൾ അഭ്യസിപ്പിക്കുകയും ചെയ്യുന്നവരെ മാത്രമെ നല്ലവരെന്നും എളിമയുള്ളവരെന്നും വിളിക്കുവാൻ സാധിക്കുകയുള്ളു.

4. വാക്കുകളുടെ ഉപയോഗവും പ്രയോഗരീതിയും അഞ്ചു ജോടികളായി തിരിക്കാം: ഓരോ സാഹചര്യത്തിനും യോജിക്കുന്ന പ്രയോഗരീതി, സാഹചര്യങ്ങൾക്ക് അത്ര അനുയോജ്യമല്ലാത്ത പ്രയോഗരീതി; വസ്തുതകൾക്ക് ചേരുന്നപ്രയോഗരീതി, വസ്തുതകളുമായി യാതൊരു ബന്ധവുമില്ലാത്ത പ്രയോഗരീതി; സന്തോഷദായകമായ വാക്യ പ്രയോഗരീതി, വെറുപ്പുളവാക്കുന്ന തരത്തിലുള്ള പ്രയോഗരീതി; ഗുണദായകമായ വാക്യ പ്രയോഗരീതി, ശത്രുത ഉണ്ടാക്കുന്ന പ്രയോഗരീതി; ദൈന്യതയും കരുണയും ഉണ്ടാക്കുന്നരീതിയിലുള്ള പ്രയോഗരീതി, ധൃഷ്ടത്വവും അഹംഭാവവുമുളവാക്കുന്ന പ്രയോഗരീതി.

നമ്മൾ സംസാരിക്കുന്നതിനായി വാചകങ്ങൾ തിരഞ്ഞെടുക്കുമ്പോൾ സാഹചര്യങ്ങൾക്കനുയോജ്യമായി വേണം അവയെ തിരഞ്ഞെടുക്കുവാൻ. അതുകേൾക്കുന്നവരെ അത് നല്ലരീതിയിലും മോശമായ രീതിയിലും സ്വാധീനിക്കുന്നു. മനുഷ്യമനസ്സ് ദൈന്യതകൊണ്ടും കാരുണ്യംകൊണ്ടും നിറഞ്ഞിരിക്കുകയാണെങ്കിൽ നമ്മൾക്കെതിരെ വിളിക്കപ്പെടുന്ന ശകാരങ്ങളും ശാപവാക്കുകളും മറ്റും നിഷ്ഫലമായി പോകും. അതുപോലെ നമ്മൾ നമ്മളുടെ വായിൽ നിന്ന് കഠിനവും വെറുപ്പുളവാക്കുന്നതുമായ വാക്യങ്ങൾ പ്രയോഗിക്കാതിരിക്കുവാൻ ശ്രദ്ധിക്കണം. കാരണം അത്തരം പ്രയോഗങ്ങൾ കേൾക്കുന്നവന്റെ മനസ്സിൽ ദേഷ്യവും വെറുപ്പും ഉണ്ടാക്കുന്നു. നമ്മൾ വിവേകപർവ്വം സംസാരിക്കുകയും ആ വാക്കുകൾ എപ്പോഴും സ്നേഹവും കാരുണ്യവൂം നിറഞ്ഞവയായിരിക്കണം.

തറയിൽ നിന്ന് എല്ലാ കുപ്പയും മാറ്റി അവിടം ശുദ്ധിചെയ്യണമെന്നാഗ്രഹിക്കുന്ന ഒരു മനുഷ്യനുണ്ടെന്നു വിചാരിക്കുക, അതിനായി അയാൾ ഒരു ചൂലും അതിനോടൊപ്പം ഒരു പങ്കയും ഉപയോഗിക്കുന്നുവെന്നും കരുതുക. അയാൾ അടിച്ചുകൂട്ടുന്ന കുപ്പ ആ പങ്കയിൽ നിന്നുവരുന്ന കാറ്റ് വീണ്ടും ചിതറിച്ചുകളയും. അതൊടെ വൃത്തിയാക്കുകയെന്ന അയാളുടെ കർമ്മം വിഫലമായിപോകും. ആ വിഡ്ഢിയായ മനുഷ്യനെപ്പോലെ നമുക്ക്, നമ്മളിൽ അപ്രീതി ഉണ്ടാക്കുന്ന എല്ലാ വാക്യങ്ങളെയും തുടച്ചുമാറ്റുവാൻ സാധിക്കുകയില്ല. മറിച്ച് അവയുടെ മോശമായ ഫലം നമ്മളിൽ

ഉളവാക്കുന്നതിൽ നിന്ന് രക്ഷപ്പെടുന്നതിന് സാധിക്കും. അതിനായി നമ്മൾ നമ്മളുടെ മനസ്സിൽ അത്തരം വാക്യപ്രയോഗങ്ങളുടെ തിക്തഫലങ്ങളെ നശിപ്പിക്കുവാൻ സാധിക്കുന്ന വിധത്തിൽ ദാക്ഷിണ്യവും കാരുണ്യവും സ്നേഹവും ഉളവാക്കിയെടുക്കണം.

നീലാകാശത്തെ പ്രതലമാക്കി ഒരുവൻ ഒരുചിത്രം വരയ്ക്കാൻ ശ്രമിക്കുന്നുവെന്നാൽ അത് തികച്ചും വിഫലമായ ശ്രമമാണ്. അതുപോലെതന്നെയാണ് ഒരു വലിയ നദിയിലെ ജലം മുഴുവനും ഒരുവൈക്കോൽ പന്തത്തിൽ നിന്ന് വരുന്ന ചൂടിന്റെ സഹായത്താൽ വറ്റിച്ചെടുക്കാമെന്ന് കരുതുന്നത്, അല്ലെങ്കിൽ ഊറക്കിട്ട തോലിൽ നിന്ന് ഭയങ്കരമായ ശബ്ദം ഉണ്ടാക്കാമെന്ന് ആശിക്കുന്നത്. ഈ ഉദാഹരണങ്ങളിൽ വിവരിച്ചതുപോലെ അത്രയും തന്നെ ദുഷ്കരമായകാര്യമാണ്, ശരിയായി പരിശീലിപ്പിച്ച മനസ്സിനെ അശ്ലീകരവും ദുഃഖദായകവുമായ വചനങ്ങളോ വാക്കുകളോ കൊണ്ട് ദുഃഖിപ്പിക്കുകയോ മോശമാക്കുകയോ ചെയ്യാമെന്ന് വിചാരിക്കുന്നത്.

മനുഷ്യർ അവരുടെ മനസ്സിനെ ഭൂമിയുടെ വിശാലതയും പരപ്പും പോലെയും ആകാശത്തിന്റെ അപാരതപോലെയും, നദിയുടെ ആഴംപോലെയും, നല്ലതുപോലെ ഊറക്കിട്ട തോൽപോലെയും, പരിശീലനങ്ങളിലൂടെ പൂർണ്ണത നേടണം.

നിങ്ങൾ ബുദ്ധമാർഗ്ഗം സ്വീകരിക്കുവാൻ തയ്യാറല്ലെങ്കിൽ, നിങ്ങളുടെ ശത്രുവിന്റെ അസൂയയെക്കുറിച്ചും പീഡിപ്പിക്കുന്നതിനെക്കുറിച്ചും നിങ്ങൾ വളരെ പരിതപിക്കും. എന്നാൽ അത്തരം സാഹചര്യങ്ങളിൽ നിങ്ങൾ ഇങ്ങനെ ചിന്തിക്കുവാൻ പഠിക്കണം: ''എന്റെ മനസ്സ് ഉറച്ചതായിരിക്കണം. പ്രതികാരത്തിന്റെയും ധാർഷ്ട്യത്തിന്റെയും വാക്കുകൾ എന്റെ വായിൽ നിന്ന് പുറപ്പെടുകയില്ല. ഞാൻ എന്റെ ശത്രുവിന്റെ ദുഷ്ടപ്രവർത്തികളെ എന്റെ മനസ്സിൽ നിന്ന് ഉണരുന്ന കാരുണ്യത്തിന്റെയും സഹതാപത്തിന്റെയും സഹജീവികളോടുള്ള സ്നേഹത്തിന്റെയും രീതിയുപയോഗിച്ച് നേരിടും. ഞാൻ ശത്രുവിന്റെ പ്രവർത്തനത്തിൽ ഒരിക്കലും സ്വയം പരിതപിക്കുകയില്ല.

5. പകലിൽ എരിയുകയും രാത്രിയിൽ പുകയുകയും ചെയ്യുന്ന ഒരു പുറ്റിനെ കണ്ട ഒരു മനുഷ്യനെപ്പറ്റി ഒരുകഥയുണ്ട്. അയാൾ പഠിപ്പും അറിവുമുള്ള ഒരാളോട് അതിനെക്കുറിച്ചാരായുകയും അതിനായി എന്തുചെയ്യണമെന്ന് ചോദിക്കുകയും ചെയ്തു. അയാൾ മറുപടിയായി ആ മനുഷ്യനോട് ആ പുറ്റിലേയ്ക്ക് ഒരു വാൾ കുത്തിയിറക്കുവാൻ ഉപദേശിച്ചു. അത് അയാൾ അനുസരിച്ചു. അതിൽ നിന്ന് ഒരു വാതിലിന്റെ കഴി, വെള്ള കുമിളകൾ, ഒരു കത്തിയുടെ കഷ്ണം, ഒരു പെട്ടി, ഒരു ആമ, കശാപ്പുകാരന്റെ കത്തി, ഒരു കഷ്ണം മാംസം എന്നിവക്കു പുറമെ അവസാനമായി ഒരു വ്യാളിയും പുറത്തുവന്നു. ആ മനുഷ്യൻ ബുദ്ധിമാനായ തന്റെ ഉപദേശിയോട് അവിടെ കണ്ടകാര്യങ്ങൾ വിവരിച്ചു. മറുപടിയായി ആ ബുദ്ധിമാനായ മനുഷ്യൻ വീണ്ടും ഇങ്ങനെ ഉപദേശിച്ചു, '' ആ വ്യാളിയൊഴിച്ച് മറ്റെല്ലാം നശിപ്പിച്ചുകളഞ്ഞിട്ട് ആ വ്യാളിയെ സ്വതന്ത്രമായി പോകുവാൻ അനുവദിക്കൂ''.

ഈ കഥയിലെ 'പുറ്റ്' മനുഷ്യശരീരത്തോട് ഉപമിക്കാം. ' പകലിൽ എരിയുന്നത്' മനുഷ്യർ മുൻരാത്രിയിൽ തീരുമാനിച്ച കാര്യങ്ങൾ അടുത്ത ദിവസം ചെയ്തുതീർക്കുന്നതിനെ സൂചിപ്പിക്കുന്നു. രാത്രിയിൽ പുകയുകന്നു' എന്നത് പകലിൽ ചെയ്തകാര്യങ്ങളെ രാത്രിയിൽ സ്മരിക്കുകയും അതിൽ സന്തോഷം നല്കുന്നവയെയും സന്താപം നല്കുന്നവയെയും വേർതിരിക്കുന്നതിനെ സൂചിപ്പിക്കുന്നു.

ഈ കഥയിലെ 'ഒരു മനുഷ്യൻ' നിർവ്വാണം ആഗ്രഹിക്കുന്ന ഒരുവ്യക്തിയെ സൂചിപ്പിക്കുന്നു. അതുപോലെ 'ബുദ്ധിമാനായ മനുഷ്യൻ' ബുദ്ധനെയും 'വാൾ' എന്നത് പ്രജ്ഞയെയും 'കുത്തി ഇറക്കുക' യെന്നത് അയാൾ നിർവ്വാണം സിദ്ധിക്കുന്നതിനു വേണ്ടി നടത്തുന്ന പരിശ്രമങ്ങളെയും സൂചിപ്പിക്കുന്നു.

തുടർന്ന് ഈ കഥയിലെ 'വാതിലിന്റെ കഴി' യെന്നത് അജ്ഞാനത്തെയും; 'പതപോലെ പൊങ്ങിവരുന്ന വെള്ളകുമിളകൾ'ദുഃഖത്തെയും ദേഷ്യത്തെയും സൂചിപ്പിക്കുന്നു; 'കത്തിയുടെ കഷ്ണമെന്നത്' വിമുഖതയെയും അസ്വസ്ഥതയെയും സൂചിപ്പിക്കുന്നു; അതുപോലെ 'പെട്ടി' യെന്നത് അഹങ്കാരം ദേഷ്യം, മടി, മനസാന്നിദ്ധ്യമില്ലായ്മ, പശ്ചാത്താപം, മോഹാലസ്യം തുടങ്ങിയവയുടെ കലവറയെ സൂചിപ്പിക്കുന്നു; 'ആമ' യെന്നത് ശരീരത്തെയും മനസ്സിനെയും സൂചിപ്പിക്കുന്നു; 'കശാപ്പു കത്തി' യെന്നത് അഞ്ച് ഇന്ദ്രിയങ്ങളുടെ പ്രവർത്തനത്തിന്റെ സമീകരണത്തെ സൂചിപ്പിക്കുന്നു; ''ഒരു കഷ്ണം മാംസമെന്നത്' ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനുശേഷമുള്ള ആഗ്രഹത്തെ സൂചിപ്പിക്കുന്നു. ഈ വസ്തുക്കളെല്ലാം മനുഷ്യന് നാശം മാത്രം നല്കുന്നവയായതിനാൽ ബുദ്ധൻ അവയെല്ലാം ഉപേക്ഷിക്കുവാൻ ആഹ്വാനം ചെയ്തു.

ഈ കഥയിലെ 'വ്യാളി' യെന്നത് എല്ലാ ദൂഷ്യങ്ങളും അകറ്റിയ പരിശുദ്ധമായ മനസ്സിനെ സൂചിപ്പിക്കുന്നു. ഒരു മനുഷ്യൻ അവനെ സംബന്ധിക്കുന്ന എല്ലാകാര്യങ്ങളിലേയ്ക്കും അവന്റെ മനോവ്യാപാരങ്ങളിലേയ്ക്കും പ്രജ്ഞയാകുന്ന വാളുകൊണ്ട് കുത്തിയിറക്കുകയാണെങ്കിൽ അവസാനമായി അവനിൽ കുടികൊള്ളുന്ന വ്യാളിയിൽ ചെന്നുചേരും. 'വ്യാളിയെമാത്രം തിരിച്ചുനിർത്തിയിട്ട് അതിനെ പരിരക്ഷിക്കണം' എന്നതിന്റെ അർത്ഥം മനസ്സിൽ നിന്ന് എല്ലാ ദുഷ്ചിന്തകളെയും വിചാരങ്ങളെയും ഉപേക്ഷിച്ചിട്ട്, മനസ്സിന്റെ ശുദ്ധതയെ നിലനിർത്തണമെന്നാണ്.

6. പിണ്ഡള യെന്ന ബുദ്ധശിഷ്യൻ നിർവ്വാണം പ്രാപിച്ചതിനുശേഷം തന്റെ ഗ്രാമമായ കൗസംബിയിൽ പോയി, അവിടെ തന്റെ ദേശവാസികളോട് അവർ നല്കിയ സഹായത്തിനും സ്നേഹാദരവുകൾക്കും പിണ്ഡള തന്റെ നന്ദിയും കടപ്പാടും അറിയിച്ചു. അങ്ങനെ ചെയ്യുക വഴി അയാൾ ബുദ്ധം എന്ന വിത്ത് ആ ദേശത്ത് പാകുന്നതിനുവേണ്ടി നിലത്തെ പാകപ്പെടുത്തിയെടുക്കുകയെന്ന പ്രവൃത്തി നടത്തി.

കൗസംബിയുടെ വെളിപ്രദേശത്ത് ഗംഗാനദിയുടെ ഓരം ചേർന്ന് ഒരു ഉദ്യാനമുണ്ട്. അവിടെ നിരനിരയായി നിൽക്കുന്ന കേരവൃക്ഷങ്ങൾ വളരെ സുഖദായകമായ ശീതളഛായ നല്കുന്നു മാത്രമല്ല അവിടേയ്ക്ക് വേനൽ ചൂടിനെ ശമിപ്പിക്കുംവിധം എപ്പോഴും ഒരു കുളിർക്കാറ്റ് അടിച്ചുകൊണ്ടുമിരിക്കുന്നു.

അങ്ങനെയൊരു വേനൽ കാലദിവസം, പിണ്ഡള ആ കേരവൃക്ഷങ്ങളുടെ ശീതളഛായയിലിരുന്ന് ധ്യാനത്തിൽ മുഴുകി. അപ്പോൾ ഉദയനയെന്ന രാജാവ് തന്റെ പരിവാരങ്ങളും കൊട്ടാരനർത്തകികളും മറ്റുംചേർന്ന് സംഗീതവും നൃത്തവുമൊക്കെയായി സമയം ചിലവിടുന്നതിനും വിശ്രമിക്കുന്നതിനുമായി അവിടെയെത്തുകയും, വിവിധ വിനോദങ്ങളിൽ ഏർപ്പെട്ടശേഷം രാജാവ് ക്ഷീണം തീർക്കുന്നതിനായി മറ്റൊരു മരത്തണലിലേക്ക് മാറുകയും ചെറുതായൊന്ന് മയങ്ങുകയും ചെയ്തു.

രാജാവ് ഉറക്കത്തിലായിരുന്നപ്പോൾ അദ്ദേഹത്തിന്റെ റാണിമാരും മറ്റുസ്ത്രീകളും മെല്ലെ ആ ഉദ്യാനത്തിനു ചുറ്റും നടക്കുകയും അവിടെ ധ്യാനനിരതനായിരുന്ന പിണ്ഡളയെ കാണുകയും ചെയ്തു. ആദ്ദേഹത്തെ മനസ്സിലാക്കിയ അവർ, അവരെ പഠിപ്പിക്കുവാൻ ആവശ്യപ്പെട്ടു. അതെത്തുടർന്ന് അവർ അദ്ദേഹത്തിന്റെ ഭാഷണം കേൾക്കുകയും ചെയ്തു.

രാജാവ് ഉറക്കത്തിൽ നിന്ന് ഉണർന്നപ്പോൾ അവിടെയുണ്ടായിരുന്ന തന്റെ ഭാര്യമാരെയും മറ്റു സ്ത്രീകളെയും കാണാതെ പരിഭ്രാന്തനായി അവരെ തേടി പുറപ്പെടുകയും, അധികം താമസിയാതെ അവർ പിണ്ഡളയുടെ ഭാഷണം കേട്ടുകൊണ്ടിരിക്കുന്നത് കാണുകയും ചെയ്തു. സ്ത്രീകളോട് അനായാസമായി സംസാരിച്ചുകൊണ്ടിരിക്കുന്ന പിണ്ഡളയെക്കണ്ട് അസൂയക്കുവശംവദനായി രാജാവ് ദേഷ്യത്തോടെ പിണ്ഡളയെ ഇങ്ങനെ ശകാരിച്ചു: ''ഒരു യഥാർത്ഥ സന്യാസിയെങ്ങനെ സ്ത്രീകളുടെ നടുവിലിരുന്ന് ഇങ്ങനെ ഉല്ലസിച്ച് സംസാരിക്കും''. ഇതുകേട്ട പിണ്ഡള നിശ്ശബ്ദനായി മറുപടിയൊന്നും പറയാതെ കണ്ണുമടച്ച് ധ്യാനത്തിലേയ്ക്ക് മടങ്ങി.

ദേഷ്യംപൂണ്ട രാജാവ് തന്റെ ഉടവാൾ ഉറയിൽ നിന്നൂരി ഉച്ചത്തിൽ ആക്രോശിച്ചു; പക്ഷെ, അതൊന്നും കേട്ട് ഭയപ്പെടാതെ പിണ്ഡള അവിടെയിരുന്ന് തന്റെ ധ്യാനം തുടർന്നു. പാറപോലെയുറച്ചിരുന്ന് തന്റെ ധ്യാനം തുടന്നുകൊണ്ടിരുന്ന പിണ്ഡള രാജാവിനെ വീണ്ടും പ്രകോപിതനാക്കി, രാജാവ് അവിടെ അടുത്തുണ്ടായിരുന്ന ഒരു ഉറുമ്പുപുറ്റ് ഇളക്കി വിട്ട് കുറച്ച് ഉറുമ്പുകളെ പിണ്ഡളയുടെ മുന്നിലേയ്ക്ക് എറിഞ്ഞുകൊടുത്തു. പക്ഷെ, പിണ്ഡള അതൊന്നുംകൊണ്ട് ഭയപ്പെടാതെ തന്റെ ധ്യാനം തുടർന്നുകൊണ്ടിരുന്നു. ശാന്തനായി ആ സന്യാസി വേദനയേയും ആ രാജാവിന്റെ വെറുപ്പിനേയും അഹങ്കാരത്തെയും സഹിച്ചു.

പിണ്ഡളയുടെ മനോധൈര്യവും ദൃഢനിശ്ചയവും കണ്ട് മനംമാറിയ രാജാവ് തന്റെ പ്രവർത്തനത്തിലും അജ്ഞതയിലും ലജ്ജിതനായി അദ്ദേഹത്തോട് ക്ഷമചോദിച്ചു. ഈ സംഭവത്തിൽ നിന്ന് ബുദ്ധന്റെ ഉപദേശങ്ങൾക്ക് കൊട്ടാരത്തിൽ ഉന്നതമായ സ്ഥാനം ലഭിക്കുകയും അവിടെനിന്ന് ആ രാജ്യം മുഴുവനും പ്രചാരം ലഭിക്കുകയും ചെയ്തു.

7. കുറച്ചു ദിവസങ്ങൾക്കുശേഷം രാജാവ് ഉദയന പിണ്ഡളയുടെ വനത്തിലുള്ള ആശ്രമം സന്ദർശിച്ചു. രാജാവ് പിണ്ഡളയോട് സൗമ്യമായി ഇങ്ങനെ ചോദിച്ചു: '' അഭിവന്ദ്യനായ ഗുരുവേ! എന്താണ് ബുദ്ധശിഷ്യന്മാർക്ക് അവരുടെ യൗവ്വനത്തിൽപോലും മനസ്സും ശരീരവും ശുദ്ധമാക്കി അത്യാഗ്രഹത്തിന്റെയും കാമത്തിന്റെയും പ്രേരണകൾക്ക് വിധേയരാകാതെ ജീവിക്കുവാൻ സാധിക്കുന്നത്.''

അതിനു മറുപടിയായി പിണ്ഡള ഇങ്ങനെ പറഞ്ഞു: ''ബഹുമാന്യനായ പ്രഭോ, ഭഗവാൻ ബുദ്ധൻ ഞങ്ങളെയെല്ലാവരെയും സ്ത്രീകളെ അവരുടെ പ്രായത്തിനും സ്ഥാനത്തിനും അനുസരിച്ച് ബഹുമാനിക്കുവാനും സ്നേഹിക്കുവാനും പഠിപ്പിച്ചു: പ്രായമായ സ്ത്രീകളെ മാതാവിനെപ്പോലെയും; സ്വപ്രായക്കാരെ സഹോദരിമാരെപ്പോലെയും; പ്രായത്തിൽ താണവരെ പുത്രിമാരെപ്പോലെയും കാണുവാനും അതിനനുസരിച്ച് ബഹുമാനിക്കുവാനും ശീലിപ്പിച്ചു. ഈ ബുദ്ധോപദേശങ്ങൾ ഞങ്ങളെ ഞങ്ങളുടെ യൗവ്വനത്തിൽപോലും മനോനിയന്ത്രണമുള്ളവരും മനഃശുദ്ധിയുള്ളവരുമാക്കി തീർത്തു.''

''പക്ഷെ, ഗുരുവേ,'' രാജാവ് തുടർന്നു, ''ഒരു മനുഷ്യന് സാധാരണയായി മാതവിന്റെയോ സഹോദരിയുടെയോ പ്രായമുള്ള സ്ത്രീകളോട് കാമാഭിനിവേശം തോന്നുന്നത് സാധാരണയാണ്, അത് മാനുഷികമായ ഒരു വികാരംകൂടിയാണ്, അത്തരം വികാരങ്ങളെ ബുദ്ധശിഷ്യന്മാർ എങ്ങനെയാണ് നിയന്ത്രിക്കുന്നത്?''

മറുപടിയായി പിണ്ഡള ഇങ്ങനെ മറുപടി പറഞ്ഞു, '' ബഹുമാന്യനായ രാജാവേ! അനുഗ്രഹീതനായ ബുദ്ധന്റെ ഉപദേശമനുസരിച്ച് മനുഷ്യ ശരീരം നശ്വരവും ചോര, ചളി, മലങ്ങൾ, വിയർപ്പ്, തുടങ്ങിയ അശുദ്ധമായ സംഗതികൾ കൊണ്ട് നിറഞ്ഞിരിക്കുന്നതുമാണ്. അതിനെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കിയിരിക്കുന്നതുമൂലവും ആ അവബോധം മനസ്സിൽ ഉള്ളതുകൊണ്ടും ഞങ്ങൾക്ക് യൗവ്വനാവസ്ഥയിൽ പോലും അത്തരം അശുദ്ധചിന്തകളെ മനസ്സിൽ നിന്ന് മാറ്റിനിർത്തുവാൻ സാധിക്കുന്നു.'

ഈ മറുപടിയിൽ തൃപ്തനാകാതെ രാജാവ് തന്റെ സംഭാഷണം തുടർന്നു, ''അഭിവന്ദ്യനായ ഗുരുവേ! പരിശീലനം സിദ്ധിച്ച അങ്ങേക്കും അങ്ങയെപ്പോലുള്ള സന്യാസിവര്യന്മാർക്കും ഇത്തരം രീതിയിൽ ചിന്തിക്കുന്നത് സാധ്യമായേക്കാം,

പക്ഷെ സാധരണമനുഷ്യർക്ക് അങ്ങനെ ചിന്തിക്കുവാൻ പ്രയാസമാണ്. ഒരുപക്ഷെ, അവർക്ക് അശുദ്ധമയ വസ്തുക്കളെയും അവയുടെ സമീകരണങ്ങളെയും പറ്റി അറിവുണ്ടായിരിക്കാം എന്നാൽ ഭംഗിയുള്ളതും സുന്ദരങ്ങളുമായ രൂപങ്ങളെക്കാണുമ്പോൾ അവരുടെ മനസ്സ് പതറുകയും അവയെ പിൻതുടരുകയും ചെയ്യും. അവർ അശുദ്ധമായ വസ്തുക്കളെ വെറുക്കുന്നതുപോലെ തന്നെ സുന്ദരങ്ങളായ വസ്തുക്കളാൽ ആകൃഷ്ടരാകുകയും അവയുടെ പിന്നാലെ അഭിനിവേശത്തോടുകൂടി പിൻതുടരുകയും ചെയ്യും. അതുകൊണ്ട് ബുദ്ധശിഷ്യന്മാരെ അവരുടെ സംയമനശീലത്തിന് മറ്റേതോ കാര്യം സഹായിക്കുന്നുണ്ട്.

അതിനു മറുപടിയായി പിണ്ഡോള ഇങ്ങനെ പറഞ്ഞു, ''മഹാനായ രാജാവേ! അനുഗ്രഹീതനായ ബുദ്ധൻ ഞങ്ങളെ പഠിപ്പിച്ചത് മനസ്സിന്റെ ദ്വാരങ്ങളായ പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രണത്തിൽ കൊണ്ടുവരുവാനാണ്. നമ്മൾ ഭംഗിയുള്ള വസ്തുക്കളെ കണ്ണുകൾകൊണ്ട് കാണുകയും, ചെവികൊണ്ട് കർണ്ണാന്ദങ്ങളായ സ്വരം ശ്രവിക്കുകയും, മൂക്കിൽകൂടി സുഗന്ധം അനുഭവിക്കുകയും, നാക്കുകൊണ്ട് രുചികരങ്ങളായ ഭക്ഷണം രുചിക്കുകയും, ശരീരം മാർദ്ദവമുള്ള വസ്തുക്കളിൽ സ്പർശിക്കുകയും ചെയ്യുമ്പോൾ, ഞങ്ങൾ ആ സുഖത്തിൽ അലിഞ്ഞുചേരുകയോ അവയുമായി താദാത്മ്യം പ്രാപിച്ച് അവയെ ആശ്രയിക്കുന്ന നിലയിലേക്ക് എത്തുന്നില്ല, മാത്രമല്ല, ഞങ്ങൾ അരൂപങ്ങളും അശുദ്ധങ്ങളുമായ വസ്തുക്കളെ വെറുക്കുകയോ അകറ്റി നിർത്തുകയോ ചെയ്യുന്നില്ല. ഞങ്ങൾ പഞ്ചേന്ദ്രിയങ്ങളെ വളരെ ശ്രദ്ധയോടെ നിയന്ത്രണ വിധേയമാക്കുവാൻ പരിശീലിച്ചിട്ടുണ്ട്. ഇത്തരം അനിതരസാധാരണങ്ങളായ ഭഗവാൻ ബുദ്ധന്റെ ഉപദേശങ്ങളും പരിശീലനങ്ങളുമാണ് യൗവ്വനയുക്തരായ ശിഷ്യന്മാരെപ്പോലും അവരുടെ മനസ്സിനെ നിയന്ത്രണത്തിൽ നിർത്തുവാൻ സഹായിക്കുന്നത്.

''ഭഗവാന്റെ ഉപദേശങ്ങൾ അമൂല്യങ്ങളാണ്, അവക്ക് മനുഷ്യനിൽ അത്ഭുതകരങ്ങളായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ സാധിക്കും. എന്റെ അനുഭവത്തിൽ തന്നെ, ഞാൻ ഏതെങ്കിലും സുന്ദരങ്ങളായ വസ്തുക്കളെ മനോനിയന്ത്രണമില്ലാത്തപ്പോൾ കാണുകയാണെങ്കിൽ, ഞാനും അവയുടെ ആകർഷണവലയത്തിൽ പെട്ടുപോയിയെന്നു വരും; അതിനാൽ ഒരുവൻ അവന്റെ ഇന്ദ്രിയങ്ങളുടെമേൽ നിയന്ത്രണം കൊണ്ടുവരുകയും അങ്ങനെ സ്വയം എപ്പോഴും മനസ്സിനെ ശുദ്ധമായി വെക്കുകയും ചെയ്യണം.

8. എപ്പോൾ ഒരു മനുഷ്യൻ അവന്റെ ചിന്തകളെ മനസ്സിന്റെ പ്രവൃത്തികളുടെമേൽ ചെലുത്തുവാൻ അനുവദിക്കുന്നുവോ, അപ്പോൾ അതിന്റെ പ്രതിപ്രവർത്തനവും, അനന്തര പ്രതിപ്രവർത്തനവും ഒരു ശൃംഖലപോലെ തുടരും. ആരെങ്കിലും നിങ്ങളെ ശകാരിക്കുകയാണെങ്കിൽ നിങ്ങൾക്ക് അതിനോട് പ്രതികരിക്കുവാനും പഴിവാങ്ങുവാനുമുള്ള ഒരു ത്വര

ഉദ്ദീപിപ്പിക്കപ്പെടുന്നു. ഒരുവൻ അത്തരത്തിലുള്ള നൈസർഗ്ഗിക വാസനകൾ മനസ്സിൽ ഉണ്ടാകുന്നതിനെതിരെ നിയന്ത്രണം പരിശീലിക്കണം. അത്തരം പ്രവർത്തികളെ കാറ്റിനെതിരെ തുപ്പുന്നതിനോട് ഉപമിക്കാം. പ്രവർത്തിചെയ്യുന്ന ആളിനെ അത് ഏറ്റവും കൂടുതൽ ബാധിക്കുന്നു. അല്ലെങ്കിൽ കാറ്റുള്ളപ്പോൾ മുറ്റമടിച്ച് വൃത്തിയാക്കുന്ന ഒരുവനോടും ഉപമിക്കാം, ചൂലുകൊണ്ടടിക്കുമ്പോൾ ഉണ്ടാകുന്ന പൊടി അടിക്കുന്നവനെ ഏറ്റവും കൂടുതൽ ഉപദ്രവിക്കുന്നു. കഷ്ടകാലം, പ്രതികാരം ചെയ്യുവാൻ ഉദ്യമിക്കുന്നവനെ ഒരു നിമിത്തംപോലെ പിൻതുടരുന്നു.

9. അഹങ്കാരത്തെ അകറ്റിനിർത്തി സേവനത്തിന്റെയും ജീവകാരുണ്യത്തിന്റെയും പ്രവൃത്തികളിൽ മനസ്സിനെ വ്യപൃതമാക്കുന്നതാണ് ഏറ്റവും വലിയകാര്യം. അതിലുമുപരിയായ ഫലം ഒരുവന് ലഭിക്കുന്നത് അവൻ അഷ്ടാംഗമാർഗ്ഗത്തിന്റെ പാതയിൽ ജീവിതം നയിക്കുന്നതിൽ നിന്നാണ്.

ഒരുവൻ സ്വാർത്ഥതയിലധിഷ്ഠിതമായ മനസ്സിനെ നിയന്ത്രണത്തിൽ നിർത്തി അതിനെ ആത്മാർത്ഥമായി മറ്റുള്ളവരെ സാഹായിക്കുന്നതിനു സന്നദ്ധതയുള്ള ഒരു മനസ്സാക്കിമാറ്റേണ്ടതാണ്. സന്തോഷമുണ്ടാക്കുന്ന ഒരു പ്രവൃത്തി അതനുഭവിക്കുന്ന ഒരുവനെ മറ്റൊരുവനെ സന്തോഷപ്പെടുത്തുന്നതിനുള്ള പ്രവൃത്തിലേർപ്പെടുവാൻ പ്രേരിപ്പിക്കുന്നു. അങ്ങനെ സന്തോഷം നല്ല പ്രവർത്തികളിൽ നിന്നും മാത്രം ഉളവാക്കപ്പെടുന്നു.

ആയിരകണക്കിന് വിളക്കുകൾ ഒരു എരിയുന്നവിളക്കിന്റെ തീയിൽനിന്ന് തെളിക്കുവാൻ സാധിക്കും. അങ്ങനെ ചെയ്യുന്നതുമൂലം ആ വിളക്കിന്റെ അവസ്ഥക്ക് ഒരു ദോഷവും സംഭവിക്കുന്നില്ല. സന്തോഷവും പങ്കുവെക്കുന്നതുമൂലം വളരുന്നതല്ലാതെ ഒരു ദോഷവും സംഭവിക്കുന്നില്ല.

നിർവ്വാണം ആഗ്രഹിക്കുന്ന ഒരുവ്യക്തി അതു സാധ്യമാക്കുന്നതിനുവേണ്ടി ക്രമമായ പ്രവർത്തനങ്ങളിലൂടെ ശ്രമിക്കണം. ഒരാളുടെ ആഗ്രഹം എത്രവലുതായിരുന്നാലും നിർവ്വാണത്തിനുവേണ്ടിയുള്ള അയാളുടെ പ്രവൃത്തികൾ ചിട്ടയോടും പടിപടിയായും നിർവ്വഹിക്കേണ്ടതാണ്. ഓരോ ദിവസവും അതിനുവേണ്ടിയുള്ള ശ്രമത്തിൽ അയാൾ ശ്രദ്ധയോടെ ഏർപ്പെടണം.

10. നിർവ്വാണം സിദ്ധിക്കുന്നതിനുള്ള ശ്രമത്തിന്റെ തുടക്കത്തിൽ തന്നെ ഒരുവന് ഇരുപത് തടസ്സങ്ങളെ ഈ ലോകത്തിൽ അഭിമുഖികരിക്കേണ്ടതായിവരുന്നു; അവയെ ഇങ്ങനെ വിവരിക്കാം: (1) ഒരു ദരിദ്രനായ മനുഷ്യന് ഒരിക്കലും ഉദാരമതിയായിത്തീരുവാൻ സാധിക്കാത്ത അവസ്ഥ, (2) അഹങ്കാരിയായ ഒരു മനുഷ്യന് നിർവ്വാണം സിദ്ധിക്കുന്നതിനുള്ള പരിശീലനം നടത്തുകയെന്നത്, (3) സ്വയം ആത്മ പീഡനത്തിലൂടെ ഒരുവൻ നിർവ്വാണം സിദ്ധിക്കുവാൻ ശ്രമിക്കുകയെന്നത്, (4) ഭഗവാൻ ബുദ്ധൻ ജീവിച്ചിരുന്നകാലത്ത് ജനിക്കുവാൻ സാധിക്കുകയെന്നത്, (5)ബുദ്ധമുഖത്തുനിന്ന് ഉപദേശങ്ങൾ ശ്രവിക്കുകയെന്നത്, (6) ബുദ്ധവചനങ്ങൾ ശ്രവിക്കുവാൻ സാധിക്കുകയെന്നതിന്റെ ബുദ്ധിമുട്ട്, മനുഷ്യമനസ്സിനെ പ്രചോദനങ്ങൾക്കും പ്രലോഭനങ്ങൾക്കും അതീതമായി നിലനിർത്തുകയെന്നത്, (7) ഭംഗിയുള്ളതും സുന്ദരങ്ങളുമായ വസ്തുക്കളുടെ പ്രചോദനങ്ങളിൽ നിന്ന് സ്വതന്ത്രമാകുകയെന്നത്, (8) ആരോഗ്യവാനും ശക്തനുമായ ഒരു വ്യക്തിക്ക് അവന്റെ നൈസർഗ്ഗിക വാസനകൾക്ക് അതീതമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാതിരിക്കുകയെന്നത്, (9) അപമാനിക്കപ്പെടുമ്പോൾ ദേഷ്യപ്പെടാതിരിക്കുകയെന്നത്, (10) സാഹചര്യങ്ങൾ പ്രലോഭിപ്പിക്കുമ്പോൾ നിസംഗത പാലിക്കുകയെന്നത്, (11) വളരെ വസ്തുനിഷ്ഠമായും വ്യവസ്ഥാപിതമായും ചിന്തിക്കുകയും പഠിക്കുകയും ചെയ്യുകയെന്നത്, (12) ഒരു പ്രവൃത്തി ആരംഭിക്കുവാൻ പോകുന്ന ഒരുവനെ നിരുത്സാഹപ്പെടുത്താതിരിക്കുകയെന്നത്, (13) എളിമയോടുകൂടി ജീവിക്കുകയെന്നത്, (14) നല്ല സുഹൃത്തുക്കളെ കണ്ടുപിടിക്കുകയെന്നത്, (15) നിർവ്വാണം സിദ്ധിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തടസമില്ലാതെ തുടരുകയെന്നത്, (16) ബാഹ്യമായ സ്ഥിതിഗതികളെയും ചുറ്റുപാടുകളെയും മാറ്റമില്ലാതെ നിലനിർത്തുകയെന്നത്, (17) മറ്റുള്ളവരുടെ മനോധർമ്മത്തെയും അറിയുവാനുള്ള കഴിവിനെയും മനസ്സിലാക്കി പഠിപ്പിക്കുകയെന്നത്, (18) ശാന്തസ്വഭാവം നിലനിർത്തുകയെന്നത്,(19) നല്ലതിനെയും ചീത്തയെയും കുറിച്ച് തർക്കിക്കാതിരിക്കുകയെന്നത്, (20) നല്ല രീതികളെ മനസ്സിലാക്കുകയും പഠിക്കുകയും ചെയ്യുകയെന്നത്.

11. നൈസർഗ്ഗികമായ രീതികളെയും പെരുമാറ്റത്തെയും അടിസ്ഥനപ്പെടുത്തി ഒരുനല്ല വ്യക്തിയെയും ചീത്തവ്യക്തിയെയും വേർതിരിച്ച് മനസ്സിലാക്കുവാൻ സാധിക്കും. മോശമായ വ്യക്തിത്വമുള്ള മനുഷ്യൻ ഒരിക്കലും പാപപ്രവർത്തികളെ തിന്മയായി കാണുകയില്ല; ആരെങ്കിലും അവരുടെ പ്രവർത്തികളെ തിന്മയായി ചൂണ്ടികാണിക്കുകയാണെങ്കിൽ അവർ അതിനെ വകവെക്കുകയോ ആരെങ്കിലും അങ്ങനെ സംസാരിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുകയില്ല. എന്നാൽ ബുദ്ധിമാനായ മനുഷ്യൻ സൽപ്രവർത്തികളെയും പാപപ്രവർത്തികളെയും തിരിച്ചറിയുന്നതിനോടൊപ്പം അവയെപ്പറ്റി ജാഗരൂകരുമായിരിക്കും. അവർ ഒരു പ്രവർത്തി തിന്മയെന്നുമനസ്സിലാക്കിയാൽ അപ്പോൾതന്നെ അതിനെ നിർത്തുന്നു.; മാത്രമല്ല ആരെങ്കിലും അവരുടെ പ്രവർത്തിയിലെ തിന്മയെ ചൂണ്ടികാണിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നില്ല.

നല്ല മനുഷ്യരും ചീത്തമനുഷ്യരും വ്യത്യസ്ഥരാണ്. മോശസ്വഭാവമുള്ള മനുഷ്യർ മറ്റുള്ളവരുടെ സ്നേഹത്തിനെയും കരുണ പ്രവർത്തികളെയും ഒരിക്കലും ആദരിക്കുകയില്ല, പക്ഷെ ബുദ്ധിമാനായ മനുഷ്യൻ എപ്പോഴും അത്തരം പ്രവർത്തികളെയും മനോഭാവങ്ങളെയും എന്നും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യും. ബുദ്ധിമാനായ മനുഷ്യൻ സ്നേഹം പ്രകടിപ്പിക്കുന്നവരോടു മാത്രമല്ല എല്ലാവരോടും ആദരവും ബഹുമാനവും കാണിക്കുന്നു.

## III
## പഴംകഥകളുടെ പൊരുൾ

1. ഒരു കാലത്ത് ഒരു ദേശത്ത് വൃദ്ധരും അനാഥരുമായ മനുഷ്യരെ ദൂരെ ഏതെങ്കിലും മലംപ്രദേശത്ത് ഉപേക്ഷിക്കുന്ന ഒരു രീതിയുണ്ടായിരുന്നു.

ആ ദേശത്തെ ഒരു രാജ്യത്തിലെ ഒരു മന്ത്രിക്ക് ഈ പാരമ്പര്യരീതിപ്രകാരം തന്റെ സ്വന്തം പിതാവിനെ ഈ രീതിയിൽ ഉപേക്ഷിക്കുവാൻ വിഷമം തോന്നി. അതിനാൽ അയാൾ സ്വയം ഒരു ചെറിയ വീടുണ്ടാക്കി പിതാവിനെ അവിടെ പാർപ്പിച്ചു.

ഒരു ദിവസം ഒരു ദേവൻ ആ രാജ്യത്തിലെ രാജാവിനെ കാണുകയും വളരെ വിഷമകരമായ ഒരു ചോദ്യം ചോദിക്കുകയും ചെയ്തു. അതിനുശേഷം സ്വർഗ്ഗത്തിൽ നിന്നുവന്ന ആ ദേവൻ തന്റെ അന്ത്യശാസനവും അറിയിച്ചു: '' ഈ പ്രശ്നം തൃപ്തികരമായി പൂർത്തീകരിക്കുന്നില്ലെങ്കിൽ ഞാൻ ഈ രാജ്യം നശിപ്പിക്കും'' ആ പ്രശ്നം ഇതായിരുന്നു: ''ഇവിടെ രണ്ടു സർപ്പങ്ങളുണ്ട് അവയുടെ ലിംഗം എന്തെന്നു നിർണ്ണയിച്ചാലും.''

രാജാവിനോ രാജ്യസദസിലുള്ളവർക്കോ മറ്റാർക്കുമോ ആ പ്രശ്നത്തിന് ഉത്തരം പറയുവാൻ സാധിച്ചില്ല; അതുകൊണ്ട് ഈ പ്രശ്നത്തിന് ഉത്തരം നല്കുന്നവർക്ക് രാജാവ് വലിയ ഒരു സമ്മാനവും വാഗ്ദാനം ചെയ്തു.

ഈ ചോദ്യത്തിന്റെ ഉത്തരമാരാഞ്ഞ് മന്ത്രി തന്റെ പിതാവിനെ താമസിപ്പിച്ചിരുന്ന ഒളിസങ്കേതത്തിൽ ചെല്ലുകയും ഈ പ്രശ്നത്തിന്റെ ഉത്തരം ആരായുകയും ചെയ്തു. ആ വൃദ്ധനായ മനുഷ്യൻ അതിനുത്തരം അനായാസം ഇങ്ങനെ വിവരിച്ചു: ''ഏറ്റവും എളുപ്പമായ രീതിയിൽ ഉത്തരം കണ്ടുപിടിക്കുവാനുള്ള മാർഗ്ഗം, രണ്ടു പാമ്പുകളെയും മൃദുലമായ പരവതാനിയുടെമേൽ കിടത്തുക; ഏറ്റവും വേഗത്തിൽ സഞ്ചരിക്കുന്ന സർപ്പം ആണും ശാന്തമായി കിടക്കുന്ന സർപ്പം പെണ്ണുമായിരിക്കും.'' ഇതു കേട്ട മന്ത്രി രാജാവിനെ ഈ വിവരം അറിയിക്കുകയും പരീക്ഷണത്തിലൂടേ വൃദ്ധൻ പറഞ്ഞ ആ ഉത്തരം ശരിയായി ഭവിക്കുകയും ചെയ്തു.

അതിനുശേഷം ആ ദേവൻ വീണ്ടും അതിലും ദുഷ്കരമായ ഒരു ചോദ്യം ചോദിക്കുകയും ആ രാജസദസിലുള്ള ആർക്കും അതിന് നല്ലരീതിയിൽ ഉത്തരം കണ്ടുപിടിക്കുവാൻ കഴിയാത്തതിനാൽ മുമ്പത്തെപ്പോലെ മന്ത്രി പിതാവിന്റെ ഒളിസങ്കേതത്തിൽ ചെല്ലുകയും കൃത്യമായ ഉത്തരം നല്കുകയും ചെയ്തു.

ഇതുപോലെ വിഷമമായിട്ടുള്ള പല ചോദ്യങ്ങളും അവിടെ ചോദിക്കപ്പെട്ടു. അവ ഇപ്രകാരമായിരുന്നു: ഉറക്കത്തിൽ കിടക്കുന്ന രണ്ടാളിൽ ആരാണ് ഉണർന്നിരിക്കുന്നുവെന്ന് പ്രസ്താവിക്കുവാൻ സാധിക്കുന്നത്? അതുപോലെ ഉണർന്നിരിക്കുന്നവരിൽ ആർക്കാണ് ഉറക്കത്തിലിരിക്കുന്നവനെപ്പറ്റി പറയുവാൻ സാധിക്കുന്നത്. ഉത്തരം ഇങ്ങനെ വിവരിക്കാം: ആരാണോ നിർവ്വാണം സിദ്ധിക്കുന്നതിനുവേണ്ടിയുള്ള പരിശീലനത്തിൽ ഏർപ്പെട്ടിരിന്നത് അവർക്ക് ഇതു സാധിക്കും. മറ്റുള്ളവർ നിർവ്വാണത്തിന്റെ പാത ഇച്ഛിക്കാതിരിക്കുമ്പോൾ ഒരുവൻ ഉണർന്നിരിക്കുന്നുവെന്ന് പറയാം മറ്റുള്ളവർ നിവ്വാണം സാദ്ധ്യമാക്കിയവരാണെന്നാൽ അവൻ ഉറക്കത്തിലാണെന്നു പറയാം.

''എങ്ങനെയാണ് ഒരു വലിയ ആനയുടെ ഭാരം അളക്കുന്നത്?'' ''ആ മൃഗത്തിനെ ഒരു വഞ്ചിയിൽ കയറ്റിയ ശേഷം അതിന്റെ ഭാരത്താൽ വഞ്ചി എത്രമാത്രം വെള്ളത്തിൽ താഴുന്നുവെന്ന് ആദ്യം കണക്കാക്കുക അതിനുശേഷം ആനയെ മറ്റിയശേഷം വഞ്ചിയിൽ കല്ലുകൾ നിറച്ച്, കല്ലുകളുടെ ഭാരത്താൽ വഞ്ചി ആനയുടെ ഭാരത്തിനൊപ്പം താഴുന്നതിനനുസരിച്ച് തുലനം ചെയ്ത് ആനയുടെ ഭാരം നിർണ്ണയിക്കുക.''

എന്താണ് ''ഒരു കപ്പിലെ വെള്ളത്തിന് ഒരു സാഗരത്തിലെ വെള്ളത്തിനെക്കാൾ മൂല്യമുണ്ടന്ന് പറയുന്ന്ത്?'' അതിന്റെ ഉത്തരം ഇങ്ങനെയാണ്, ''ഒരു കപ്പ് ദാഹജലം ഒരുവൻ അവന്റെ മാതാപിതാക്കൾക്കോ അല്ലെങ്കിൽ രോഗിയായ ഒരു മനുഷ്യനോ നല്കുകയാണങ്കിൽ അതിന് അനശ്വരമായ പുണ്യം ഉണ്ടാക്കുവാൻ സാധിക്കും, എന്നാൽ ഒരുപക്ഷെ സാഗരത്തിലെ വെള്ളം ഒരുദിവസം വറ്റിപോയേക്കാം. പക്ഷെ, പുണ്യം അനശ്വരമാണ്.''

'' എന്നെക്കൾ വിശക്കുന്നവനായി ആരെങ്കിലും ഈ ലോകത്തിൽ ജീവിച്ചിരിപ്പുണ്ടോ?'' എന്ന് എപ്പോഴും പുലഭ്യം പറഞ്ഞുകൊണ്ടിരിക്കുന്ന എല്ലുംതൊലിയുമായി മാറിക്കൊണ്ടിരിക്കുന്ന മനുഷ്യനെപ്പറ്റി ആ ദേവൻ ചോദിച്ചു. അതിനുത്തരം ഇങ്ങനെയായിരുന്നു, അയാൾ തന്നെക്കുറിച്ചുമാത്രം എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുന്നതിനാൽ അയാൾക്ക് ബുദ്ധമാർഗ്ഗത്തിന്റെ അമൂല്യ നിധികളായ ബുദ്ധം, ധർമ്മം, സംഘം തുടങ്ങിയകാര്യങ്ങളെക്കുറിച്ച് അത്രബോധമുണ്ടായിരുന്നില്ല, മാത്രമല്ല, അയാൾ തന്റെ മാതാപിതാക്കൾക്കുവേണ്ടിയോ ഗുരുക്കന്മാർക്കുവേണ്ടിയോ ദക്ഷിണയും മറ്റും കൊടുക്കുവാൻ കൂട്ടാക്കിയില്ല.

അതുകൊണ്ട് അയാളുടെ വിശപ്പും ദാരിദ്ര്യവും ഒരിക്കലുമടങ്ങാതെ അത് എന്തുകിട്ടിയാലും മാറാത്ത അവസ്ഥയെ പ്രാപിച്ചിരിക്കുന്നു. അത് വിശപ്പിന്റെയും ദാരിദ്ര്യത്തിന്റെ ഭൂതത്താന്മാരുടെ കൈയ്യിൽ എത്തിയിരിക്കുന്നു. തന്റെ നിലപാടു മാറ്റാതെ അയാൾക്ക് അവരിൽ നിന്ന് മോചനമുണ്ടാവില്ല.

" ഇവിടെ കാണുന്ന ചന്ദനമരത്തിന്റെ മരം ഏതുഭാഗമാണ് , വേരു്, ഏതുഭാഗമാണ്, തലയുടെ ഭാഗം ഏത്?" 'ഈ മരത്തിനെ വെള്ളത്തിൽ മുക്കിയാൽ അതുമനസ്സിലാകും: ഏതു ഭാഗമാണോ വെള്ളത്തിൽ അല്പം താഴുന്നതായി കാണുന്നത് ആ ഭാഗം വേരിന്റെ ഭാഗത്തിനെ സൂചിപ്പിക്കുന്നു."

മറ്റൊരു ചോദ്യം: " ഇവിടെ ഒരേ തരത്തിലും വലിപ്പത്തിലുമുള്ള രണ്ടു കുതിരകളുള്ളതിൽ ഏതാണ് അമ്മ ഏതാണ് അതിന്റെ മകൻ എന്ന് എങ്ങനെ തിരിച്ചറിയുവാൻ സാധിക്കും?" "രണ്ടിനും ഒരേസമയം വൈക്കോൽ തിന്നാൻ കൊടുത്താൽ അമ്മ മകന്റെ ഭാഗത്തേയ്ക്ക് വൈക്കോൽ തള്ളി കൊടുക്കുകയും മകനെ അത് തിന്നുവാൻ അനുവദിക്കുകയും ചെയ്യും."

എല്ലാ ചോദ്യങ്ങളുടെയും ഉത്തമമായ ഉത്തരം ദേവനേയും രാജാവിനേയും ഒരുപോലെ സന്തോഷിപ്പിച്ചു. രാജാവ് മന്ത്രിയുടെ ഒളിവിൽ താമസിക്കുന്ന പിതാവിൽ നിന്നും ശ്രവിച്ച ഈ ഉത്തരങ്ങളിൽ അതീവസന്തുഷ്ടനായി. അതിന്റെ ഫലമായി രാജ്യത്തെയും രാജാവിനെയും രക്ഷിച്ച ഈ ബുദ്ധിക്കും സാമർത്ഥ്യത്തിനും മുൻപിൽ അതീവ ആദരണീയനായി രാജാവ് വൃദ്ധരെ അവരുടെ വാർദ്ധ്യക്യത്തിൽ ദൂരെയും അജ്ഞാതവുമായ മലനിരകളിൽ ഉപേക്ഷിക്കണമെന്ന പാരമ്പര്യനിയമം പിൻവലിച്ചു.

2. വിദെഹയെന്ന രാജ്യത്തിലെ മഹാറാണി ഒരിക്കൽ തന്റെ സ്വപ്നത്തിൽ ആറ് കൊമ്പുകളുള്ള ഒരു വെള്ളകുതിരയെ കണ്ടു. അവൾ ആ കൊമ്പുകളെ ആഗ്രഹിക്കുകയും രാജാവിനോട് അവയെ അവൾക്ക് കൊണ്ടുവന്ന് കൊടുക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. അത് ഒരു അസാധ്യമായ കാര്യമെന്ന് അറിഞ്ഞിട്ടും, തന്റെ റാണിയോടുള്ള അതീവ പ്രേമം കാരണം അദ്ദേഹം അതുകൊണ്ടുവരുന്ന വേട്ടക്കാർക്ക് തക്കതായ പ്രതിഫലവും വാഗ്ദാനം ചെയ്തു.

**ശുദ്ധീകരണ മാർഗ്ഗങ്ങൾ**

അതിശോക്തിക്കതീതമായി പറഞ്ഞാൽ ആറുകൊമ്പുകളുള്ള ഒരു ആന ഹിമാലയത്തിലുണ്ട്; എന്നാൽ ആന ബുദ്ധമാർഗ്ഗത്തിൽ നിന്ന് സ്വീകരിച്ച പരിശീലനത്തിലും മറ്റും ഏർപ്പെട്ടു കഴിയുകയായിരുന്നു. ഒരിക്കൽ ആ ആന ഒരു മരണത്തിന്റെ വക്കോളം എത്തിയ ഒരു വേട്ടക്കാരനെ തത്സമയത്തെത്തി രക്ഷപ്പെടുത്തി അയാളെ അയാളുടെ നാട്ടിലേയ്ക്കുപോകുവാൻ സഹായിച്ചിട്ടുണ്ട്. ആ ആനയെക്കുറിച്ചറിവുള്ള ആ നായാട്ടുകാരൻ രാജാവിന്റെ പാരിതോഷികങ്ങളിൽ ആകൃഷ്ടനായി, പഴയ ഉപകാരമെല്ലാം മറന്ന്, നല്ലവനായ ആ ആനയെ കൊല്ലുവാനായി കാട്ടിലേയ്ക്ക് പുറപ്പെട്ടു.

വേട്ടക്കാരന് ആനയുടെ ബുദ്ധചര്യമാർഗ്ഗത്തെപ്പറ്റി അറിയാവുന്നതുകൊണ്ട്, അയാൾ ഒരു ബുദ്ധസന്യാസിയുടെ വേഷത്തിൽ കാട്ടിലേയ്ക്കു പുറപ്പെടുകയും, അങ്ങനെ ആനയെ ചതിയിലൂടെ തന്റെ പാട്ടിൽ വരുത്തുകയും അതിനുശേഷം വിഷംചേർത്തിട്ടുള്ള ഒരു അമ്പുകൊണ്ട് അതിനെ എയ്തു വീഴ്ത്തുകയും ചെയ്തു.

തന്റെ അവസാന നിമിഷം ആ അമ്പിന്റെ മുറിവോടുകൂടി അവസാനിക്കുമെന്ന് മനസ്സിലാക്കിയ ആന, തന്നെ ചതിയിലൂടെ ആക്രമിച്ചു വീഴ്ത്തിയ വേട്ടക്കാരന്റെ അജ്ഞതയെപ്പറ്റി നല്ലതുപോലെ മനസ്സിലാക്കി. അയാൾ രാജാവിന്റെ പാരിതോഷികത്തിൽ പ്രഭാവിതനായിരിക്കുന്നുവെന്നും അതാണ് അയാളെക്കൊണ്ട് ഇത്ര ക്രൂരമായ കൃത്യം ചെയ്യുവാൻ പ്രേരിപ്പിച്ചിരിച്ചതെന്നും ആ ആനക്കു വ്യക്തമായി മനസ്സിലായി. അതിനാൽ ആ വേട്ടക്കാരനെ മറ്റു ആനകളുടെ കോപത്തിനിരയാക്കാതെ തന്റെ മരിച്ചുകൊണ്ടിരിക്കുന്ന ശരീരത്തിന്റെ മറവിൽ ഒളിക്കുവാൻ അനുവദിച്ചു. അതിനുശേഷം ആന ആ വേട്ടക്കാരനോട് ആ ക്രൂര കൃത്യം ചെയ്യുവാനുള്ള പ്രചോദനത്തെക്കുറിച്ച് ആരാഞ്ഞു. ആപ്പോൾ അയാൾ അയാളെ വശീകരിച്ച രാജാവിന്റെ പാരിതോഷികത്തെപ്പറ്റി പറയുകയും താൻ ചെയ്ത തെറ്റിനെപ്പറ്റി വിലപിക്കുകയും ചെയ്തു. അതുകേട്ട ആന തന്റെ കൊമ്പുകൾ ഒരുമരത്തിലിടിച്ച് ഉടച്ചശേഷം വേട്ടക്കാരനു നല്കികൊണ്ട് ഇങ്ങനെ പറഞ്ഞു : ‘‘ഈ ദാനം കൊണ്ട് ഞാൻ എന്റെ ബുദ്ധമാർഗ്ഗത്തിലേയ്ക്കുള്ള എല്ലാ പരീക്ഷണങ്ങളും വിജയകരമായി പൂർത്തീകരിച്ചു, അധികം താമസിയാതെ ഞാൻ അമിതാഭബുദ്ധന്റെ പരിശുദ്ധരാജ്യത്തിൽ പുനർജ്ജനിക്കും. ഞാൻ ഒരു ബുദ്ധനായി തീരുമ്പോൾ നിന്നെ നിന്റെ മനസ്സിൽ കുടികൊള്ളുന്ന മൂന്നു അഭിനിവേശങ്ങളായ വിഡ്ഢിത്തരം, ദേഷ്യം, അത്യാഗ്രഹം മുതലായവയിൽ നിന്ന് രക്ഷപ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പഠിപ്പിച്ചുതരുകയും രക്ഷയുടെ മാർഗ്ഗം മനസ്സിലാക്കി ത്തരുകയും ചെയ്യാം.’’

3. ഹിമാലയ സാനുക്കളുടെ താഴ്‌വാരങ്ങളിൽ ഒരു തത്ത മറ്റ് അസംഖ്യം പക്ഷികളോടും മൃഗങ്ങളൊടുമൊത്ത് ജീവിച്ചിരുന്നു. ഒരു ദിവസം അസാധാരണമായി മുളകളുടെ ഉരസലു മൂലമോ മറ്റോ ഒരു കാട്ടുതീ പടർന്നുപിടിക്കുകയാൽ അവിടുത്തെ പക്ഷികളും മൃഗങ്ങളും മറ്റും ഭയംകൊണ്ട് ഓടാൻ തുടങ്ങി. ഇതു കണ്ട് മനസ്സലിഞ്ഞ ആ തത്ത തനിക്ക് വളരെക്കാലം ജീവിക്കുവാൻ ഇടംനല്കിയ ആ ചുടലക്കാടിനും അവിടെ ജീവിച്ചിരുന്ന പക്ഷി മൃഗാദികൾക്കും ഉണ്ടായേക്കാവുന്ന അപകടത്തെ മനസ്സിലാക്കി തന്നാലാവുന്നത് ചെയ്യാമെന്ന് തീരുമാനിച്ചു. ആ തത്ത സ്വയം വെള്ളത്തിൽ പോയി മുങ്ങി നനഞ്ഞ ശരീരവുമായി വന്ന് തീയുടെമേൽ ചിറകുകുടഞ്ഞ് തീ കെടുത്തുവാൻ ശ്രമിച്ചു. അവൻ തന്നാലാവുന്ന വിധത്തിൽ ആ തീയെ നശിപ്പിക്കുവാൻ ആത്മാർത്ഥമായി ശ്രമിച്ചു. അത് അവന്റെ ആ ചുടലക്കാടിനോടും അവിടെ ജീവിച്ചിരുന്ന പക്ഷി മൃഗാദികളോടുമുള്ള ആത്മാർത്ഥതയിൽ നിന്നും സ്നേഹത്തിൽ നിന്നുമുണ്ടായ സഹതാപത്താലുമായിരുന്നു.

ഈ ആത്മാർത്ഥതയും ത്യാഗമനഃസ്ഥിതിയും കാരുണ്യവും സ്വർഗ്ഗത്തിൽ നിന്ന് ദൈവങ്ങൾ വീക്ഷിച്ചുകൊണ്ടിരുന്നു. ഭൂമിയിൽ നടക്കുന്ന ഈ സംഭവത്തിൽ സന്തുഷ്ടരായ അവർ ആ തത്തയെ നോക്കി ഇങ്ങനെ ചോദിച്ചു: ''നിനക്ക് വളരെ വിശാലവും കാരുണ്യഭരിതവുമായ മനസ്സുണ്ട്, പക്ഷെ ഇത്രയും ഘോരമായ തീജ്വാലക്കുമുമ്പിൽ നിന്റെ ഈ പ്രവർത്തനത്തിന് എന്തു ഫലമാണുള്ളത്?'' അതിനു മറുപടിയായി തത്തഇങ്ങനെ പറഞ്ഞു: '' ഈ ലോകത്തിൽ ആത്മാർത്ഥതക്കും ത്യാഗത്തിനും സാധിക്കാത്തതായിട്ട് ഒന്നുമില്ല. ഞാൻ എന്റെ ഈ ശ്രമത്തിൽ നിന്നും ഒരിക്കലും പിന്മാറുകയില്ല, ഒരുപക്ഷെ എനിക്ക് ഈ ശ്രമം എന്റെ വരുംജന്മങ്ങളിൽ കൂടി തുടരേണ്ടിവന്നേക്കാം.'' സ്വർഗ്ഗത്തിലെ ദൈവങ്ങൾ ഈ ശ്രമത്തിൽ സന്തുഷ്ടരായി ഭൂമിയിലിറങ്ങിവന്ന് എല്ലാവരുംകൂടി ആ അഗ്നിയെ നശിപ്പിച്ചു.

4. ഒരിക്കൽ ഹിമാലയ മലനിരകളിൽ ഒരു ശരീരവും രണ്ടു തലകളുമായി വിശേഷമായ ഒരു പക്ഷി ജീവിച്ചിരുന്നു. ഒരിക്കൽ ഒരു തല മറ്റൊരുതല വളരെ രുചികരമായി എന്തോ ഭക്ഷിക്കുന്നതു കണ്ട് അസൂയാപൂർവ്വം ഇങ്ങനെ പറഞ്ഞു: '' ഞാൻ വിഷം അടങ്ങിയ പഴം കഴിക്കുവാൻ പോകുകയാണ് '' എന്നിട്ട് ആ പക്ഷിയുടെ രണ്ടാമത്തെ തല അസൂയയാൽ വിഷം കഴിക്കുകയും ഉടൻ തന്നെ ആ പക്ഷി മുഴുവനായും ചത്തുപോകുകയും ചെയ്തു.

5. ഒരിക്കൽ ഒരു പാമ്പിന്റെ തലയും വാലും തമ്മിൽ ആര് മുന്നിൽ നില്കണമെന്നതിനെക്കുറിച്ച് ഒരു തർക്കമുണ്ടായി. വാല് തലയോട് ഇങ്ങനെ വാദിച്ചു: ''നീ എപ്പോഴും മുന്നിൽ നിൽക്കുന്നു അത് ഒരിക്കലും നല്ലതല്ല, നീ ചിലപ്പോഴെങ്കിലും എന്നെ നയിക്കുവാൻ അനുവദിക്കണം.'' മറുപടിയായി തല ഇങ്ങനെ പറഞ്ഞു: '' അത് പ്രകൃതി നിയമമാണ് ഞാൻ മുന്നിൽ പോകണമെന്നത്; അതുകൊണ്ട് എനിക്ക് നിനക്കായി സ്ഥാനമാറ്റം നടത്തുവാൻ സാധിക്കുകയില്ല. ''

ഈ വഴക്ക് വളരെ നാളുകളിലേക്ക് തുടരുകയും, അതിന്റെ ഫലമായി ഒരുദിവസം വാല് ഒരു മരത്തിലേക്ക് സ്വയം മുറുകി ചുറ്റിപ്പിടിക്കുകയും അങ്ങനെ തലയെ മുമ്പോട്ടു പോകുവാൻ അനുവദിക്കാതിരിക്കുകയും ചെയ്തു. വളരെ നേരം ആ പിടിയിൽ നിന്ന് വിടുവിക്കുന്നതിനായി ശ്രമിച്ച് ക്ഷീണിച്ച ആ പാമ്പ് വാലിന്റെ പിടിയിൽ നിന്ന് വിടുവിക്കുവാനാവാതെ കഷ്ടപ്പെട്ട് യാദൃച്ഛികമായി ഒരു തീയിൽ വീഴുകയും അങ്ങനെ ചത്തുപോകുകയും ചെയ്തു.

ഈ ലോകത്തിൽ എല്ലാ വസ്തുക്കൾക്കും ജീവജാലങ്ങൾക്കും അതതിന്റേതായ ക്രമവും പന്ഥാവുമുണ്ട്. അതിനെ അത്ര എളുപ്പത്തിൽ മാറ്റാൻ സാധിക്കുകയില്ല. ഏതെങ്കിലും വിധത്തിൽ ആ സന്തുലിതാവസ്ഥ മാറ്റിയാൽ അത് മുമ്പോട്ടുള്ള ഗതിയെ മാറ്റിമറിക്കുകയും തന്മൂലം ജീവിതക്രമം നിശിച്ചുപോകുകയും ചെയ്യുന്നു.

6. ഒരിടത്ത് ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അയാൾ വളരെ ചെറിയ കാര്യങ്ങൾക്കുപോലും ദേഷ്യപ്പെടുന്ന സ്വഭാവമുള്ളവനായിരുന്നു. ഒരു ദിവസം അയാളുടെ വീടിന്റെ മുന്നിൽ നിന്ന് രണ്ടുപേർ ഇങ്ങനെ സംസാരിച്ചുകൊണ്ടിരുന്നു:- '' ഈ വീട്ടിൽ താമസിക്കുന്ന മനുഷ്യൻ വളരെ നല്ലവനാണ്, പക്ഷെ ക്ഷമ ഒട്ടും തന്നെയില്ല; അതുകൊണ്ടു തന്നെ അയാൾ വേഗം ശാന്തത കൈവെടിയുകയും വളരെ വേഗം ദേഷ്യപ്പെടുകയും ചെയ്യും.'' ഇതുകേട്ട അയാൾ കോപാകുലനായി വീട്ടിൽ നിന്ന് വെളിയിൽ വരുകയും പുറത്ത് സംസാരിച്ചുകൊണ്ടിരുന്നവരെ അടിച്ച് തൊഴിച്ച് മുറിപ്പെടുത്തി വളരെ ദാരുണമായി ആക്രമിക്കുകയും ചെയ്തു.

ഒരു ബുദ്ധിമാനായ മനുഷ്യൻ അയാളുടെ കുറവുകൾ ആരെങ്കിലും കണ്ടുപിടിച്ച് കാണിച്ചാൽ വളരെ ക്ഷമയോടെ അത് തിരുത്തുകയും തന്റെ പെരുമാറ്റ രീതികളിൽ ഗുണകരമായ മാറ്റംവരുത്തുകയും ചെയ്യുന്നു. എന്നാൽ വിഡ്ഢിയായ ഒരു മനുഷ്യൻ അങ്ങനെ അയാളുടെ പോരായ്മകൾ ആരെങ്കിലും എടുത്തുപറഞ്ഞാൽ ആ ഉപദേശത്തെ വകവെക്കുകയില്ലയെന്നുമാത്രമല്ല, അതേ തെറ്റ് വീണ്ടും ആവർത്തിക്കുകയും ചെയ്യും.

7. ഒരിടത്ത് ഒരു ധനികനും എന്നാൽ അതുപോലെ തന്നെ വിഡ്ഢിയുമായ ഒരു മനുഷ്യനുണ്ടായിരുന്നു. ഒരിക്കൽ അയാൾ എവിടെയോ ആരുടെയൊ സുന്ദരമായ ഒരു മാളിക കാണുകയും അതിൽ അതിയായി ആകൃഷ്ടനാകുകയും ചെയ്തു. അതുപോലെ ഒരു മൂന്നുനില മാളിക തനിക്കും വേണമെന്ന് ആഗ്രഹിക്കുകയും അതനുസരിച്ച് ഒരു ആശാരിയെ വരുത്തി അങ്ങനെ ഒരു മാളിക പണിയുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. മുറയനുസരിച്ച് ആശാരി ആദ്യം മാളികയുടെ തറ പണിയുകയും പിന്നീട് ഒന്നാം നില രണ്ടാം നില മൂന്നാം നില എന്ന് ക്രമമായരീതിയിൽ പണികളാരംഭിക്കുകയും ചെയ്തു. ഇതു കണ്ട ധനികനായ ആ മനുഷ്യൻ കോപാകുലനായി ഇങ്ങനെ പറഞ്ഞു: ''എനിക്ക് ഈ വീടിന്റെ തറയോ ഒന്നാംനിലയോ, രണ്ടാംനിലയോ ഒന്നുമാവശ്യമില്ല അതിനുവേണ്ടി ചിലവാക്കാൻ പണവുമില്ല. എനിക്ക് അവിടെക്കണ്ട മാളികയുടേതുപോലുള്ള ഒരു മൂന്നാം നില മാത്രം മതി. അത് എത്രയും വേഗം പണികഴിപ്പിച്ചാലും.''

വിഡ്ഢികളായ മനുഷ്യർ എപ്പോഴും ഫലങ്ങളെക്കുറിച്ചുമത്രമെ ചിന്തിക്കുകയുള്ളു. ആ ഫലങ്ങൾ സാധിച്ചെടുക്കുവാനുള്ള ശ്രമത്തെയും ക്ഷമയെയും ഒരിക്കലും മാനിക്കുകയില്ല. ഒരിക്കലും ശരിയായ പ്രയത്നമില്ലാതെ ഒരു നല്ല ഫലവും ഉണ്ടാക്കുവാൻ സാദ്ധ്യമല്ല, മൂന്നാംനില തറയും ഒന്നും രണ്ടും നിലകൾ പണിതുപൂർത്തിയാക്കാതെ ഒരിക്കലും പണിയുവാൻ സാധിക്കുകയില്ല.

8. ഒരിക്കൽ ഒരു വിഡ്ഢിയായ മനുഷ്യൻ തേൻ ചൂടാക്കി ക്കൊണ്ടിരിക്കുകയായിരുന്നു.
ആ സമയത്ത് അയാളുടെയൊരു സുഹൃത്ത് അവിടെ വരുകയും അപ്പോൾ കുറച്ച് തേൻ സുഹൃത്തിന് കൊടുക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. അതിനായി ചൂടായ തേനിനെ തണുപ്പിക്കുവാൻ തീരുമാനിച്ചു. തുടർന്ന് അയാൾ അവിടെ തീയിൽ ചൂടായിക്കൊണ്ടിരുന്ന തീ കെടുത്താതെ തീയിൽ നിന്ന് ഇറക്കിവെക്കാതെയോ ചെയ്യാതെ തേനിനെ വീശിതണുപ്പിക്കാൻ ആരംഭിച്ചു. ചൂടായിക്കൊണ്ടിരിക്കുന്ന തേനിനെ വീശി തണുപ്പിക്കുകയെന്നത് അസാധ്യമായ കാര്യമാണ്.

അതുപോലെതന്നെ മനുഷ്യമനസ്സിൽ നിന്ന് അത്യാഗ്രഹങ്ങളും അഹങ്കാരങ്ങളുമാകുന്ന അഗ്നിയെ ശമിപ്പിക്കാതെ പ്രജ്ഞയും വിവേകവും സാധ്യമാക്കിയെടുക്കുകയെന്നത് അസാധ്യമായ കാര്യമാണ്.

9. ഒരിടത്ത് രണ്ട് സാത്തന്മാർ ഒരു വാഗ്വാദത്തിൽ ഏർപ്പെട്ടു. അത്, ഒരു പെട്ടി, ഒരു ചൂരൽ വടി, ഒരു ജോടി ചെരുപ്പ് തുടങ്ങിയവയെപ്പറ്റിയായിരുന്നു. ആ വഴിയെ പോയ ഒരു മനുഷ്യൻ അതുകണ്ട് അത്ഭുതപൂർവ്വം ഇങ്ങനെ ചോദിച്ചു: ''എന്തിനുവേണ്ടിയാണ് നിങ്ങൾ ഇത്തരം ചെറിയ കാര്യങ്ങൾക്കുവേണ്ടി ഇങ്ങനെ വഴക്കുകൂടുന്നത്, ആ വസ്തുക്കളിൽ എന്ത് മാന്ത്രികശക്തിയാണുള്ളത് നിങ്ങളിങ്ങനെ കടിപിടി കൂടുവാൻ?''

ആ സാത്താന്മാർ ആ വസ്തുക്കളെക്കുറിച്ച് വിവരിച്ചു. ആ പെട്ടി ഉപയോഗിച്ച് എന്തു ഭക്ഷണമോ വസ്ത്രമോ നിധിയോ ഇച്ഛാനുസരണം ലഭിപ്പിക്കുവാൻ സാധിക്കും; അതുപോലെ ആ വടി ഉപയോഗിച്ച് ഏത് ശത്രുവിനെയും കീഴ്പ്പെടുത്തുവാൻ സാധിക്കും; മാത്രമല്ല ആ ചെരുപ്പുകൾ അണിയുകയാണെങ്കിൽ വായുവിൽക്കൂടി അനായാസം നടക്കുവാൻ സാധിക്കും.

അതുകേട്ട ആ വഴിപോക്കൻ അവരുടെ പ്രശ്നത്തിന് ഒരു പരിഹാരം നിർദ്ദേശിച്ചു: '' അതിനായി നിങ്ങൾ എന്തിന് കലഹിക്കണം, നിങ്ങൾ കുറച്ചുസമയം മാറിനിൽക്കുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് രണ്ടുപേർക്കും സ്വീകാര്യമായ ഒരു പരിഹാരം നിർദ്ദേശിക്കാം.'' അതനുസരിച്ച് അവർ രണ്ടുപേരും കുറച്ച് മാറിനിന്നു. ആ തക്കം നോക്കി ആ മനുഷ്യൻ ആ ചെരുപ്പുകൾ അണിയുകയും പെട്ടിയും വടിയും എടുത്ത് അവിടെ നിന്ന്മാറിമറഞ്ഞുപോയി.

ആ സാത്തന്മാർ അജ്ഞരായ മനുഷ്യരെ സൂചിപ്പിക്കുന്നു. ആ ചെരുപ്പുകൾ പുണ്യപ്രവൃത്തിയിൽ നിന്നുകിട്ടുന്ന ഫലത്തെ സൂചിപ്പിക്കുന്നു: സാധാരണമനുഷ്യർക്ക് ജീവകാരുണ്യ പ്രവർത്തിയിൽ നിന്ന് കിട്ടാവുന്ന അനിർവചനീയമായ ഫലത്തെക്കുറിച്ച് യാതൊരു അറിവുമില്ല. ആ ചൂരൽ വടി ആത്മീയ പരിശീലനത്തെ സൂചിപ്പിക്കുന്നു: മനുഷ്യർക്ക് ധ്യാനത്തിന്റെയും ഏകാഗ്രതയുടെയും അമൂല്യ ഫലങ്ങളെപ്പറ്റി ഒരു വിവരവുമില്ല. അതുമൂലം ഒരുവന് വളരെ ശ്രേഷ്ഠമായ രീതിയിൽ ലൗകികാഗ്രഹങ്ങളുടെ മേൽ നല്ല

നിയന്ത്രണം ഉണ്ടാക്കിയെടുക്കുവാൻ സാധിക്കും. അവിടെക്കണ്ട ഒരു ജോടി ചെരുപ്പുകളെന്നത് ശുദ്ധവും പരിപാവനവുമായ വിചാരങ്ങളെയും പ്രവൃത്തിയെയും സൂചിപ്പിക്കുന്നു: അത് മനുഷ്യനെ അവാച്യമായ ഒരു ലോകത്ത് എത്തിക്കുവാൻ സാധിക്കുന്നു. അവയുടെ യഥാർത്ഥ മൂല്യം മനസ്സിലാക്കാതെ ഇവിടെ വിവരിച്ച സാത്തന്മാരെപ്പോലെ സാധാരണമനുഷ്യർ അങ്ങോട്ടുമിങ്ങോട്ടും കലഹിക്കുന്നു.

10. ഒരിക്കൽ ഒരു മനുഷ്യൻ തനിച്ച് യാത്ര ചെയ്യുകയായിരുന്നു. വൈകുന്നേരമായപ്പോഴേയ്ക്കും അയാൾ ഒഴിഞ്ഞ ഒരു വീടിന്റെ മുന്നിൽ എത്തിച്ചേരുകയും രാത്രി അവിടെ ചിലവഴിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു. ആ രാത്രി ഒരു സാത്താൻ ഒരു മൃതശരീരം അവിടെ കൊണ്ടുവരുകയും ആ വീടിന്റെ തറയിൽ അതിനെ വിട്ടിട്ടു പോകുകയും ചെയ്തു. അല്പസമയം കഴിഞ്ഞപ്പോൾ മറ്റൊരു സാത്താൻ അവിടെ വരുകയും ആ മൃതശരീരം തനിക്ക് സ്വന്തമാണെന്ന് അവകാശപ്പെടുകയും ചെയ്തു.

ആദ്യത്തെ സാത്താൻ ഈ വിഷയത്തിൽ സംസാരിക്കുന്നതിൽ അർത്ഥമില്ലെന്ന് പറയുകയും ഈ വിഷയത്തിൽ യഥാർത്ഥ അവകാശിയെ നിശ്ചയിക്കുന്നതിന് ആരുടെയെങ്കിലും മദ്ധ്യസ്ഥത തേടുന്നതാണ് അഭികാമ്യമെന്ന് തന്റെ അഭിപ്രായം പറയുകയും ചെയ്തു. മറ്റെ സാത്താനും മദ്ധ്യസ്ഥതയ്ക്ക് സമ്മതിച്ചതിനാൽ ആ വീട്ടിൽ അന്ന് താമസത്തിനു വന്ന മനുഷ്യനോട് ആ കൃത്യം നിർവ്വഹിക്കുവാൻ ആവശ്യപ്പെട്ടു. അതുകേട്ട് ആ മനുഷ്യൻ അസാധരണമായി ഭയപ്പെടുകയും എന്തുതീരുമാനമെടുത്താലും നഷ്ടപ്പെടുന്നവൻ തന്നെ വധിക്കുമെന്ന കാര്യം വ്യക്തമായി മനസ്സിലാക്കി അത് അയാളെ തികച്ചും ദുഃഖിതനാക്കി. തോല്ക്കുന്ന സാത്താന്റെ ദേഷ്യം മദ്ധ്യസ്ഥത പറയാൻപോകുന്ന തന്നോടുമാത്രമായി തിരിയും, എന്നിരുന്നാലും താൻ നേരിട്ടുകണ്ട സത്യം അയാൾ തുറന്നുപറയുവാൻ തന്നെ തീരുമാനിച്ചു.

മുമ്പ് വിചാരിച്ചതുപോലെ തന്നെ തോറ്റ രണ്ടാമത്തെ സാത്താന്റെ കോപം മദ്ധ്യസ്ഥത പറഞ്ഞ വഴിപോക്കന്റെ നേരെ തിരിഞ്ഞു. ദേഷ്യം മൂത്ത സാത്താൻ അയാളുടെ ഒരു കൈ പിഴുതെടുത്തു.

എന്നാൽ ആദ്യത്തെ സാത്താൻ മൃതശരീരത്തിൽ നിന്നെടുത്ത ഒരുകൈ അയാൾക്ക് മാറ്റിവെച്ചുകൊടുത്തു. എന്നാൽ രണ്ടാമത്തെ സാത്താൻ അയാളുടെ മറ്റേ കൈയും പിഴുതെടുത്തു. എന്നാൽ ഉടൻ തന്നെ അത് ശവത്തിൽ നിന്നെടുത്ത മറ്റൊരുകൈകൊണ്ട് മാറ്റിവെച്ചുകൊടുത്തു. അതേതുടർന്ന് അയാളുടെ കാലുകളും, തലയും, ശരീരവും എല്ലാം പിച്ചിചീന്തുകയും അവയെല്ലാം യഥാക്രമം ആ ശവശരീരത്തിൽ നിന്ന് ആദ്യത്തെ സാത്താൻ മാറ്റി വെച്ചുകൊടുക്കുകയും ചെയ്തു. തുടർന്ന് ആ വീടിന്റെ തറമുഴുവനും ശരീരാവശിഷ്ടങ്ങൾ കൊണ്ട് നിറയുകയും ആ സാത്താന്മാർ അവയെ പെറുക്കി ഭക്ഷിച്ചുകൊണ്ട് പോകുകയും ചെയ്തു.

ആ അനാഥമായ വീട്ടിൽ അഭയംതേടിയ ആ പാവം മനുഷ്യൻ അവിടെ നടന്ന ദാരുണമായ സംഭവങ്ങളിൽ തികച്ചും ദുഃഖിതനായി. ആ സാത്താന്മാർ ഭക്ഷിച്ച മാംസം അയാൾക്ക് അയാളുടെ മാതാപിതാക്കളിൽ നിന്ന് കിട്ടിയതായിരുന്നു, എന്നാൽ അയാളുടെ ശരീരത്തിൽ ഇപ്പോൾ ഇരിക്കുന്നവ ഒരു മൃതശരീരത്തിൽ നിന്ന് കിട്ടിയതും. ആരാണ് അയാൾ? നടന്ന സംഭവങ്ങളെപ്പറ്റി ചിന്തിച്ച അയാൾക്ക് അതിനുത്തരം കിട്ടാതെ ആ വിജനമായ വീട്ടിൽ അയാൾ ഒരു ഭ്രാന്തനെപ്പോലെ ഓടിനടന്നു. അതിനുശേഷം അവിടെ നിന്ന് ഓടി ഒരു അമ്പലത്തിൽ എത്തിച്ചേരുകയും അവിടെയുണ്ടായിരുന്ന സന്യാസിമാരോട് നടന്ന സംഭവത്തെപ്പറ്റി വിശദീകരിക്കുകയും ചെയ്തു. ഈ കഥയിൽ നിന്ന് ബുദ്ധോപദേശമായ നൈരാത്മീയതയുടെ പൊരുൾ ജനങ്ങൾക്ക് മനസ്സിലാകും.

11. ഒരിക്കൽ നല്ലതുപോലെ വസ്ത്രം ധരിച്ചവളും സുന്ദരിയുമായ ഒരു യുവതി ഒരു ഭവനം സന്ദർശിച്ചു. ആ വീട്ടുടമ അവളോട് അവളാരെന്ന് ചോദിച്ചപ്പോൾ, അവൾ അതിനു മറുപടിയായി അവൾ ധനത്തിന്റെ ദേവതയെന്ന് സ്വയം പരിചയപ്പെടുത്തി. അതുകേട്ടു സന്തോഷവാനായ വീട്ടുടമ അവളെ നല്ലതുപോലെ സ്വീകരിക്കുകയും പരിചരിക്കുകയും ചെയ്തു.

കുറച്ചു സമയത്തിനുശേഷം മറ്റൊരു സ്ത്രീ അവിടെ പ്രത്യക്ഷപ്പെട്ടു, അവളാകട്ടെ നേരെ മറിച്ച് വിരൂപയും മോശമായി വസ്ത്രധാരണം ചെയ്തവളുമായിരുന്നു. വീട്ടുടമ അവളെക്കണ്ട് ഭയപ്പെടുകയും തുടർന്ന് അവളെ അവിടെനിന്ന് ഓടിക്കുവാൻ ശ്രമിക്കുകയും ചെയ്തു, എന്നാൽ അവിടെ നിന്ന് പോകുവാൻ കൂട്ടാക്കാത്ത അവൾ ഇങ്ങനെ പ്രസ്താവിച്ചു : ''ധനത്തിന്റെ ദേവത എന്റെ സഹോദരിയാണ്, ഞങ്ങൾ തമ്മിൽ ഒരു കരാറുണ്ട് അതനുസരിച്ച് ഞങ്ങൾ ഒരുക്കലും പിരിയുകയില്ല, ആരെങ്കിലും ഞങ്ങളെ പിരിക്കുവാൻ ശ്രമിച്ചാൽ അവിടെ നിന്ന് ഞാൻ മാത്രമല്ല അവളും പുറത്തുപോകും.'' അതനുസരിച്ച് ആ രണ്ടു സ്ത്രീകളും അവിടെനിന്ന് പുറത്തുപോയി.

ജനനം മരണത്തിനൊപ്പവും, ഭാഗ്യം നിർഭാഗ്യത്തിനൊപ്പവും, മോശമായ സമയം നല്ലസമയത്തിനൊപ്പവും മാറിമാറി സംഭവിക്കുന്നു. മനുഷ്യർ ഇക്കാര്യത്തെപ്പറ്റി ബോധമുള്ളവരായിരിക്കണം. വിഡ്ഢികളായ മനുഷ്യർ കഷ്ടതകൾ നിറഞ്ഞകാലത്തെ ഉപേക്ഷിച്ച് അശ്രാന്തമായി നല്ലകാലത്തെ പിൻതുടരുവാൻ മാത്രം ശ്രമിക്കുന്നു. എന്നാൽ നിർവ്വാണം സിദ്ധിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ രണ്ടവസ്ഥകളെയും മറികടന്ന് ലൗകികമായ ബന്ധനങ്ങൾക്ക് വിധേയരാവാതിരിക്കുവാൻ ശ്രമിക്കണം.

12. ഒരിക്കൽ ഒരിടത്ത് ഒരു ദരിദ്രനായ കലാകാരൻ ജീവിച്ചിരുന്നു. ഒരു ദിവസം അയാൾ തന്റെ ഭാര്യയെയും കുടംബത്തെയുമുപേക്ഷിച്ച് ഒരു ഭാഗ്യപരീക്ഷണത്തിനായി പുറപ്പെട്ടു, മൂന്നുവർഷത്തെ കഠിനപരിശ്രമത്തിനുശേഷം അയാൾ മുന്നൂറ് സ്വർണ്ണ കട്ടികൾ സമ്പാദിക്കുകയും തുടർന്ന് സ്വന്തം നാട്ടിലേയ്ക്ക് തിരിച്ചുപോകുവാൻ തീരുമാനിക്കുകയും ചെയ്തു. തിരിച്ചുള്ള വഴിമദ്ധ്യേ അയാൾ ഒരു വലിയ അമ്പലത്തിൽ എത്തിച്ചേർന്നു. തത്സമയത്ത് അവിടെ വലിയ ഒരു കർമ്മം നടന്നുകൊണ്ടിരിക്കുകയായിരുന്നു. അതുകണ്ട് അയാൾ വളരെ സന്തോഷവാനാകുകയും സ്വയം ഇങ്ങനെ ചിന്തിക്കുകയും ചെയ്തു: '' ഇതുവരെ ഞാൻ എന്റെ വർത്തമാനകാലത്തെപ്പറ്റിമാത്രമെ ചിന്തിച്ചിരുന്നുള്ളു. ഭാവിയെപ്പറ്റി ഒരിക്കലും ചിന്തിച്ചിട്ടില്ല. ഇതൊരു വലിയ അനുഗ്രഹമാണ് ഈ സമയത്ത് ഇവിടെ എത്തിച്ചേരുവാൻ സാധിക്കുകയെന്നത്; ഈ അവസരം നല്ലതുപോലെ മുതലെടുത്ത് നല്ല അനുഗ്രഹങ്ങൾ നാളെക്കുവേണ്ടി ഉണ്ടാക്കിയെടുക്കുവാൻ

പോകുകയാണ്.'' അങ്ങനെ ചിന്തിച്ച് അയാൾ അയാളുടെ സമ്പാദ്യം മുഴുവൻ ആ അമ്പലത്തിന് കൊടുത്തിട്ട്, ഒന്നുമില്ലാത്തവനായി വീട്ടിലേയ്ക്കു തിരിച്ചു.

വീട്ടിൽ തിരിച്ചെത്തിയ അയാളോട് ഭാര്യ ഒന്നുംകൊണ്ടുവരാത്തതിൽ കുപിതയായി വളരെയധികം ശകാരിച്ചു. ആ പാവം കലാകാരൻ മറുപടിയായി താൻ കുറച്ചു പണം സമ്പാദിച്ചിരുന്നുവെന്നും അത് സുരക്ഷിതമായി ഒരിടത്ത് നിക്ഷേപിച്ചിരിക്കുകയാണെന്നും അവളോട് പറഞ്ഞു. അവൾ കൂടുതലായി ചോദ്യം ചെയ്തതുമൂലം അയാൾ ആ പണം ഒരു അമ്പലത്തിലെ അന്തേവാസികളായ സന്യാസിമാരുടെ കൈയ്യിൽ കൊടുത്തിരിക്കുകയാണെന്ന് തുറന്നു പറഞ്ഞു.

ഇതുകേട്ട് കൂടുതൽ കുപിതയായ ആ സ്ത്രീ അയാളെ വീണ്ടും ശകാരിക്കുകയും പിന്നീട് ആ കാര്യം കോടതിമുമ്പാകെ അവതരിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ന്യായാധിപന്റെ ചോദ്യങ്ങൾക്ക് ഉത്തരമായി അയാൾ താൻ ഒരിക്കലും വിഡ്ഢിത്തരമായി ഒന്നും ചെയ്തിട്ടില്ലെന്നും വളരെ കഠിനാദ്ധ്വാനത്തിലൂടെയാണ് ഈ പണം സമ്പാദിച്ചിരുന്നതെന്നും അതുകൊണ്ടു തന്നെ അത് തന്റെ ഭാവിക്കുവേണ്ടിയുള്ള ഒരു മുതൽക്കൂട്ടായി വെക്കുവാൻ പോയതെന്നും മറുപടിയായി പറഞ്ഞു. വഴിമദ്ധ്യേ കണ്ട ആ ക്ഷേത്രത്തിൽ എത്തിച്ചേർന്നപ്പോൾ അയാളുടെ ആഗ്രഹം ദൃഢീകരിക്കുകയും ഭാവി സുരക്ഷിതമാക്കുവാനുള്ള ശ്രമമെന്നനിലയിൽ അവിടെ നടന്ന കർമ്മങ്ങൾക്കായി ആ പണം ഉപയോഗിക്കുകയും ചെയ്തു. അയാൾ ആ കോടതിയോട് ഇങ്ങനെ ഉപസംഹരിച്ചു: ''ഞാൻ ആ അമ്പലത്തിൽ സന്യാസിമാരെക്കണ്ട് അവർക്ക് തന്റെ സമ്പാദ്യം നല്കിയപ്പോൾ എനിക്ക് തോന്നി ഞാൻ എന്റെ അഹങ്കാരവും പിശുക്കും എന്റെ മനസ്സിൽ നിന്ന് തുടച്ചുമാറ്റുകയാണെന്ന്, അപ്പോൾ എനിക്ക് തികച്ചും ബോദ്ധ്യമായി യഥാർത്ഥധനം സ്വർണ്ണമല്ല, മനസ്സാണെന്ന്.''

ആ ന്യായാധിപൻ അയാളുടെ പ്രവൃത്തിയെ മുക്തകണ്ഠം പ്രശംസിച്ചു. അതുകേട്ടുകൊണ്ടിരുന്ന കേൾവിക്കാർ അയാളെ മുക്തകണ്ഠം പ്രകീർത്തിക്കുകയും അയാൾക്ക് അവരാലാവുന്ന രീതിയിൽ പാരിതോഷികങ്ങളും മറ്റും നല്കി പ്രശംസിക്കുകയും ചെയ്തു. അങ്ങനെ ആ കലാകാരന്റെ ഭാര്യക്ക് പ്രശംസയോടൊപ്പം അവർക്ക് വേണ്ടുന്നതെല്ലാം ലഭിക്കുകയും ചെയ്തു.

13. ഒരു ശ്മശാനത്തിനടുത്ത് താമസിച്ചുവന്നിരുന്ന ഒരു മനുഷ്യൻ ഒരു ദിവസം എവിടെ നിന്നോ ഒരു ശബ്ദം അയാളെ വിളിക്കുന്നതുപോലെ കേട്ടു. ഭയപ്പെട്ട ആ മനുഷ്യൻ അത് എവിടെനിന്ന് എങ്ങനെ വരുന്നുവെന്ന് മനസ്സിലാക്കുവാൻ കൂട്ടാക്കിയില്ല. അടുത്ത ദിവസം ഒരു സുഹൃത്തിനോട് ആ വിവരം പറയുകയും അയാൾ ആ ശബ്ദം വരുമ്പോൾ ആ സ്ഥലം നിരീക്ഷിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

അയാൾ ഭയന്നുവിറച്ചുകൊണ്ടിരുന്നപ്പോൾ അയാളുടെ സുഹൃത്ത് ധൈര്യപൂർവ്വം ആ ശബ്ദം വരുന്ന സ്ഥലത്തേക്ക് പോകുകയും, അവിടെ നിന്ന് ആ ശബ്ദത്തിനോട് എന്താണ് ആവശ്യമെന്ന് ചോദിക്കുകയും ചെയ്തു. അതിനു മറുപടിയായി ആ ശബ്ദം ഇങ്ങനെ പറഞ്ഞു: '' ഞാൻ ഒരു നിധി സൂക്ഷിച്ചുവെച്ചിട്ടുണ്ട് അത് ഞാൻ ആർക്കെങ്കിലും കൊടുക്കുവാനാഗ്രഹിക്കുന്നു. അത് ഞാൻ കഴിഞ്ഞരാത്രി കൊടുക്കാമെന്ന് വിചാരിച്ചു, പക്ഷെ അയാൾ ഭയംമൂലം ഇവിടെ വന്നില്ല. അതുകൊണ്ട് ഞാൻ അത് നിനക്കുതരാം, നീയത് സ്വീകരിക്കുവാൻ പ്രാപ്തനാണ്. ഞാൻ നാളെ നിന്റെ വീട്ടിലേയ്ക്ക് എന്റെ ഏഴ് അനുചരന്മാരുമായി വരും.''

അപ്പോൾ ആ സുഹൃത്ത് ചോദിച്ചു: ''ഞാൻ നിനക്കായി കാത്തിരിക്കും പക്ഷെ ഒന്നു പറയൂ ഞാൻ എങ്ങനെയാണ് നിന്നെ സ്വീകരിച്ച് സല്കരിക്കേണ്ടത്? അപ്പോൾ ആ ശബ്ദം ഇങ്ങനെ പറഞ്ഞു: ''ഞങ്ങൾ സന്യാസിമാരുടെ വസ്ത്രം ധരിച്ചുകൊണ്ടായിരിക്കും വരുന്നത്, ഞങ്ങൾക്കായി കുടിക്കുവാനുള്ള വെള്ളം സഹിതം ഒരു മുറി ഒരുക്കിവെക്കുക, അതിൽ ഇരിപ്പിടങ്ങളും എട്ടു കോപ്പയിൽ കഴിക്കുവാനുള്ള കഞ്ഞിയും മറ്റുമുണ്ടായിരിക്കണം. ഭക്ഷണത്തിനുശേഷം നീ ഞങ്ങളെ ഓരോരുത്തരെയും ഒരു ഇരുട്ടു മുറിയിലേയ്ക്ക് കൂട്ടി കൊണ്ടുപോകണം അവിടെ വെച്ച് ഞങ്ങൾ ഓരോരുത്തരും തങ്കക്കട്ടികളായി രൂപഭേദം സംഭവിച്ച് മാറും.''

അടുത്ത ദിവസം അയാൾ കുളിച്ച് പുതുവസ്ത്രങ്ങൾ ധരിച്ച്, അവർ അയാളോട് ആവശ്യപ്പെട്ടപ്രകാരം ഒരു മുറി അടിച്ച് വൃത്തിയാക്കി ആ എട്ട് സന്യാസി അതിഥികൾക്കായി ഒരുക്കി കാത്തിരുന്നു. അല്പസമയത്തിനകം അവർ അവിടെ പ്രത്യക്ഷരാകുകയും അയാൾ അവരെ വേണ്ട ഉപചാരങ്ങളോടെ സ്വീകരിക്കുകയും ചെയ്തു.

**ശുദ്ധീകരണ മാർഗ്ഗങ്ങൾ**

അവർ പറഞ്ഞപ്രകാരം ഭക്ഷണവും മറ്റും കഴിച്ചശേഷം അടച്ചിട്ട ഒരു മുറിയിൽ പ്രവേശിക്കുകയും അവിടെ അവരോരുത്തരും സ്വർണ്ണക്കട്ടികളായി മാറുകയും ചെയ്തു.

ആ ഗ്രാമത്തിൽ ഒരു പിശുക്കനും അത്യാഗ്രഹിയുമായ ഒരു മനുഷ്യൻ ജീവിച്ചിരുന്നു. അയാൾ ഇക്കാര്യം കേൾക്കുകയും ധനത്തിനോടുള്ള തന്റെ അത്യാർത്തി മൂലം എട്ടു സന്യാസിമാരെ തന്റെ വീട്ടിലേയ്ക്കു ക്ഷണിച്ച് ഉപചാരങ്ങളും മറ്റും നല്കുവാൻ തീരുമാനിക്കുകയും ചെയ്തു. അങ്ങനെ ചെയ്ത അയാൾ, ഭക്ഷണത്തിനുശേഷം അവരെ അടച്ചിട്ടിരുന്ന ഒരു മുറിയിലേയ്ക്ക് ക്ഷണിക്കുകയും തങ്കക്കട്ടികളായി മാറുവാൻ അപേക്ഷിക്കുകയും ചെയ്തു. ഇതുകേട്ട് ക്ഷുഭിതരായ ആ സന്യാസിമാർ ആ വിവരം പോലീസിനെ അറിയിക്കുകയും അവർ വന്ന് ആ അത്യാഗ്രഹിയായ മനുഷ്യനെ പിടിച്ചുകൊണ്ടുപോകുകയും ചെയ്തു.

ആദ്യം ശ്മശാനത്തിൽ നിന്ന് അശരീരിയുടെ ശബ്ദം ശ്രവിച്ച് ഭയചകിതനായ മനുഷ്യൻ അയളുടെ സുഹൃത്തും ധൈര്യശാലിയുമായ ആ മനുഷ്യന് സ്വർണ്ണവും തങ്കവും ലഭിച്ചുവെന്നറിഞ്ഞ് അയാളുടെ വീട്ടിലേയ്ക്ക് ചെല്ലുകയും താനാണ് ആദ്യം ആ അശരീരി ശബ്ദം കേട്ടതെന്നും അതുകൊണ്ട് സ്വർണ്ണത്തിന്റെ യഥാർത്ഥ അവകാശി താനാണെന്ന് അവകാശപ്പെടുകയും ചെയ്തു. അതനുസരിച്ച് അയാൾ ആ സ്വർണ്ണക്കട്ടികൾ എടുത്തുകൊണ്ടു പോകുവാൻ ശ്രമിക്കയാൽ ആ കെട്ടിൽനിന്ന് പാമ്പുകൾ പുറത്തുവരുന്നതും അത് അയാളെ ആക്രമിക്കുവാൻ വരുന്നതായും കണ്ടു.

ഈ വിവരം അറിഞ്ഞ രാജാവ് ഈ കാര്യത്തിൽ ഇടപെടുകയും ആ സ്വർണ്ണത്തിന്റെ യഥാർത്ഥ അവകാശി ആ ധൈര്യശാലിയായ മനുഷ്യനാണെന്ന് വിധിക്കുകയും അതിനുശേഷം ഇങ്ങനെ വിധിപ്രസ്താവിക്കുകയും ചെയ്തു: ‘‘ലോകത്തിലുള്ള എല്ലാകാര്യങ്ങളും ഇങ്ങനെയാണ് സംഭവിക്കുന്നത്.

വിഡ്ഢികളായ മനുഷ്യർ നല്ല ഫലങ്ങളെ മാത്രം കാംക്ഷിക്കുകയും അതിന്റെ പിറകെ പോകുകയും ചെയ്യുന്നു, പക്ഷെ അവർ ധൈര്യപൂർവ്വം എന്തിനെയെങ്കിലും സാധിച്ചെടുക്കുന്നതിനുവേണ്ടി പരിശ്രമിക്കാറില്ല,

അതിനാൽ എപ്പോഴും പരാജയം ഏറ്റുവാങ്ങുന്നു. അവർക്ക് മനസ്സിൽ നടക്കുന്ന വൈരുദ്ധ്യങ്ങളെ ക്ഷമയോടും ധൈര്യത്തോടും നേരിടുവാനുള്ള കഴിവില്ല, എന്നാൽ മനസ്സിനെ നേരിടുന്നവനെ യഥാർത്ഥവിജയവും ശാന്തിയും സമാധാനവുമുണ്ടാകൂ.''

## അദ്ധ്യായം രണ്ട്

# സിദ്ധിയാർജ്ജിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

## I

## സത്യാന്വേഷണ മാർഗ്ഗം

1. സത്യാന്വേഷണത്തിലേയ്ക്കുള്ള മാർഗ്ഗത്തിൽ ഏതാനും ചില ചോദ്യങ്ങൾക്ക് യാതൊരു പ്രസക്തിയുമില്ല. ഉദാഹരണത്തിന് എന്തു വസ്തുക്കൾകൊണ്ടാണ് പ്രപഞ്ചം സൃഷ്ടിച്ചിരിക്കുന്നത്? അല്ലെങ്കിൽ ഈ പ്രപഞ്ചം നിത്യമാണോ? എങ്ങനെയാണ് മനുഷ്യസമൂഹം രൂപീകൃതമായിരിക്കുന്നത്? ഏതു രീതിയിലുള്ള സാമൂഹ്യവ്യവസ്ഥിതിയാണ് മനുഷ്യസമൂഹത്തിന് പിൻതുടരുവാൻ അഭികാമ്യമായിട്ടുള്ളത്? തുടങ്ങിയ ചോദ്യങ്ങൾ. ഒരു മനുഷ്യൻ ഈ ചോദ്യങ്ങളുടെയുത്തരം കിട്ടിയിട്ടുമാത്രമെ നിർവ്വാണത്തിലേയ്ക്കുള്ള മാർഗ്ഗം തിരഞ്ഞെടുക്കുകയുള്ളുവെങ്കിൽ ആ ശ്രമം ഫലം സിദ്ധിക്കാതെ അയാളുടെ അന്ത്യനിമിഷംവരെ തിരച്ചിൽതുടരും.

ഒരു മനുഷ്യൻ ഒരു വിഷംകലർത്തിയ അമ്പാൽ ആക്രമിക്കപ്പെട്ടുവെന്ന് വിചാരിക്കുക. അയാളുടെ ബന്ധുക്കളും സുഹൃത്തുക്കളും അയാളെ ഒരു വൈദ്യന്റെ അടുത്ത് കൊണ്ടുപോകുകയും ആ അസ്ത്രം എടുത്തുമാറ്റി അവിടെ ചികിത്സിക്കുകയും ചെയ്യും.

എന്നാൽ ആ മുറിവേറ്റ മനുഷ്യൻ ആ അമ്പ് എടുക്കുന്നതിനുമുമ്പ് അത് എടുക്കുവാൻ അനുവദിക്കാതെ പറയുകയാണെന്ന് കരുതുക: ''കുറച്ച് നില്കൂ! നിങ്ങൾ ഈ അസ്ത്രം എടുക്കുന്നതിനുമുമ്പ് എന്നിലേയ്ക്ക് ഇതാരാണ് അയച്ചതെന്നറിയണം. ഇതു ചെയ്തത് ആണാണോ പെണ്ണാണോ? ഉന്നത കുലജാതനോ, അല്ലെങ്കിൽ സാധാരണക്കാരനോ? എന്തുകൊണ്ടാണ് ആ വില്ല് ഉണ്ടാക്കിയിരിക്കുന്നത്? ആ വില്ല് വലുതോ അതോ നന്നെ ചെറുതോ? അത് മുളകൊണ്ടുണ്ടാക്കിയതോ അതോ മരംകൊണ്ടുണ്ടാക്കിയതോ?

എന്തുകൊണ്ടാണ് ആ വില്ലിന്റെ നൂൽ ഉണ്ടാക്കിയിരിക്കുന്നത്? അത് നാരുകൊണ്ടോ അല്ലെങ്കിൽ നൂലുകൊണ്ടോ? തന്റെ മേൽ തറച്ച അസ്ത്രം മുള ഉപയോഗിച്ച് ഉണ്ടാക്കിയതോ അതോ ലോഹ നിർമ്മിതമോ? എന്തുതരം

തൂവലുകളാണ് ഉപയോഗിച്ചിരിക്കുന്നത്? എനിക്കെല്ലാമറിയണം.'' ഇങ്ങനെ അയാൾ പറയുകയാണെങ്കിൽ എന്തു സംഭവിക്കും.

ഈ ചോദ്യങ്ങൾക്കെല്ലാം ശരിയായ ഉത്തരം കിട്ടുന്നതിനുമുമ്പ്, തീർച്ചയായും വിഷം അയാളുടെ രക്തത്തിൽ കലരുകയും അത് ശരീരം മുഴുവൻ വ്യാപിക്കുകയും അയാൾ മരിക്കുകയും ചെയ്യും. അതിനാൽ ഏറ്റവും ആദ്യത്തെ കർമ്മം ആ അമ്പ് അവിടെനിന്ന് നീക്കുകയും ഏതുവിധത്തിലെങ്കിലും ആ ശരത്തിൽ നിന്നുള്ള വിഷം ശരീരത്തിൽ കയറുന്നതിൽ നിന്ന് തടയുകയും ചെയ്യണം.

അത്യാഗ്രഹമെന്ന വിഷം മനുഷ്യജീവിതത്തെതന്നെ അപകടത്തിലാക്കുമ്പോൾ, പ്രപഞ്ചത്തിന്റെ ഉത്ഭവത്തെപ്പറ്റിയും മറ്റും അന്വേഷിക്കുന്നത് ആ അപകടത്തിൽ നിന്ന് രക്ഷപ്രാപിക്കുന്നതിനുള്ള യഥാർത്ഥ മാർഗ്ഗമല്ല. അതുപോലെ മനുഷ്യൻ ഏതുവിധത്തിലുള്ള സാമൂഹ്യജീവിതമാണ് നയിക്കുന്നതെന്ന് തിരയുന്നതിലും ആ കഷ്ടതയിൽ നിന്ന് രക്ഷപ്രാപിക്കുന്നതിനുള്ള യഥാർത്ഥ മാർഗ്ഗമല്ല.

പ്രപഞ്ചത്തിന്റെ സൂക്ഷ്മാർത്ഥങ്ങളെപ്പറ്റി വിമർശന ബുദ്ധിയോടെ തിരയുന്നതിനുമുമ്പ് ഏതെങ്കിലും വിധത്തിൽ ജനനമരണങ്ങളിൽ നിന്നും രോഗങ്ങൾ, കഷ്ടതകൾ, ദുഃഖം, വേദന, തുടങ്ങിയ മനുഷ്യജീവിതത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾക്കും അവയുണ്ടാക്കുന്ന സാഹചര്യങ്ങൾക്കും ഒരു ശാശ്വത പരിഹാരം കണ്ടെത്തണം, അതിനുശേഷം ആ പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിലേയ്ക്കയുള്ള ശ്രമത്തിൽ ഏർപ്പെടുകയും ചെയ്യണം.

ഭഗവാൻ ബുദ്ധന്റെ ഉപദേശങ്ങൾ എന്താണ് മനുഷ്യർ അവശ്യം അറിഞ്ഞിരിക്കേണ്ടകാര്യങ്ങൾ എന്നതിനെ ആധാരപ്പെടുത്തിയാണ്, ഒരിക്കലും അത്യാവശ്യമല്ലാത്തകാര്യങ്ങളെ ആധാരപ്പെടുത്തിയല്ല.

എങ്ങനെയെന്നാൽ, മനുഷ്യർ അവർക്ക് ഏറ്റവും അത്യാവശ്യമായ കാര്യങ്ങൾ പഠിക്കുകയും അറിയുകയും ചെയ്യണം, എന്ത് അവർ മനസ്സിൽ നിന്ന് തുടച്ചുമാറ്റണമോ അത് തുടച്ചുമാറ്റുകതന്നെ ചെയ്യണം, അതുപോലെ അവരെ ബോധവാന്മാരാക്കാവുന്ന കാര്യങ്ങളിൽ പരിശീലനവും നേടണം.

അതുകൊണ്ട്, മനുഷ്യർ ഏറ്റവും പ്രധാനകാര്യങ്ങളെക്കുറിച്ച് അറിവും ബോധവും ഉണ്ടാക്കിയെടുക്കണം, ഏതു പ്രശ്നമാണ് ഏറ്റവും പ്രധാനമെന്നതും ഏതിനെയാണ് ആദ്യം കൈകാര്യം ചെയ്യേണ്ടതെന്നും മറ്റും ക്രമപ്പെടുത്തി അവലോകനം ചെയ്യണം. ഇതു സാധ്യമാക്കിയെടുക്കണമെങ്കിൽ ആദ്യമായി മനസ്സിനെ പരിശീലനങ്ങൾ മുഖേന നിയന്ത്രണത്തിൽ വരുത്തണം. അതിനായി അവർ മനോനിയന്ത്രണം നേടുന്നതിനുള്ള പരിശീലനങ്ങൾ സ്വായത്തമാക്കണം.

2. വനത്തിലെ ഒരു മരത്തിൽ വളരുന്ന ഒരു ചെടി പറിച്ചെടുക്കുന്നതിനുവേണ്ടി ഒരു മനുഷ്യൻ വനത്തിലേയ്ക്കു പോകുന്നുവെന്ന് വിചാരിക്കുക, അയാൾ താൻ തിരഞ്ഞുകൊണ്ടിരുന്ന ചെടി ലഭിച്ചുവെന്നുകരുതി ഒരുകൂട്ടം ചെടി പടലങ്ങളെ ഒരു ഭാണ്ഡകെട്ടിലാക്കി തിരിച്ചുവരുന്നു; ഇത്തരം വിഡ്ഢിപ്രവർത്തനം നടത്തിയ അയാളെ നിങ്ങൾ എന്തുവിളിക്കും? മരത്തിൽ വളരുന്ന ചെടിക്കു പകരമായി മരത്തിന്റെ തൊലി കൊണ്ടുവരുന്ന രീതിയാണ് മിക്കവാറും മനുഷ്യർ പിൻതുടരുന്നത്.

ഒരു മനുഷ്യൻ തന്റെ ജീവിതപന്ഥാവ് ജനനമരണങ്ങളുടെയും, വാർദ്ധക്യത്തിന്റെയും, രോഗങ്ങളുടെയും, കഷ്ടതകളുടെയും, വേദനകളുടെയും, വിലാപങ്ങളുടെയും ഇടയിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി പരിശ്രമിക്കുന്നുവെന്ന് വിചാരിക്കുക; അയൾക്ക് തന്റെ ശ്രമത്തിൽ അല്പം വിജയം ലഭിക്കുകയാണെങ്കിൽ, അതിൽ അയാൾ വളരെ അഭിമാനിക്കുകയും സ്വയം ഒരു അജയ്യനായി പ്രഖ്യാപിക്കുകയും ചെയ്യും. അങ്ങനെയുള്ള ഒരു മനുഷ്യനെ മുമ്പ് വിവരിച്ച ഒരു ചെടിയെത്തേടി പോയി, വലിയ ഒരു ഭാണ്ഡക്കെട്ടുമായി തിരിച്ചുവന്ന ആ വിഡ്ഢിയായ മനുഷ്യനോട് താരതമ്യം ചെയ്യാം.

മറ്റൊരു മനുഷ്യൻ തന്റെ പരിശ്രമത്തിൽ നേരിയ വിജയം കാണുകയും, അതോടെ അതിൽ വളരെ അഭിമാനം കൊള്ളുകയും തുടർന്ന് യാതൊന്നും ചെയ്യാതെ അഹങ്കാരത്തോടെ വിശ്രമിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ ഒരു ചുമട് ചെടികളുമായി കാട്ടിൽ നിന്ന് തിരിച്ചുവരുന്നവന് തുല്യനാണ്.

എന്നാൽ മറ്റൊരുമനുഷ്യൻ അവന്റെ ശ്രമത്തിൽ അവന്റെ മനസ്സ് ശാന്തമാകുന്നതായും അവന്റെ ചിന്തകൾ നേർവഴിയിലാകുന്നതുമായിക്കണ്ട്, ആ പരിശ്രമം നിറുത്തിവെച്ച് വിശ്രമിക്കുകയും, തന്റെ വിജയത്തിൽ കണക്കിലധികം അഹങ്കരിക്കുകയും ചെയ്യുകയാണെങ്കിൽ, അയാളെ ചെടി അന്വേഷിച്ചു പോയി മരത്തിന്റെ തോലുമായി തിരിച്ചുവരുന്നവനോട് ഉപമിക്കാം.

മറ്റൊരാൾ തന്റെ പരിശ്രമത്തിൽ അല്പം ഇന്ദ്രിയാതീത ജ്ഞാനം പ്രാപിക്കുന്നുവെന്ന് കരുതുകയും അതിൽ അസാധാരണമായി അഭിമാനിക്കുകയും ചെയ്യുകയാണെങ്കിൽ, അയാൾ ആ മരത്തിൽ വളരുന്ന അമൂല്യ ചെടിക്കുപകരമായി ആ മരത്തിൽ നിന്ന് വെട്ടിയെടുത്ത മരകഷ്ണങ്ങളുമായി വരുന്നവന് തുല്യനാണ്. ഈ ഉദാഹരണത്തിൽ വിവരിച്ച എല്ലാമനുഷ്യരും അവരുടെ ജീവിതത്തിൽ നിന്ന് ദുഃഖം അകറ്റുന്നതിനായി ചെയ്യുന്ന പരിശ്രമങ്ങളിൽ നേരിയ പുരോഗതി നിരീക്ഷിക്കുയും അതിൽ അസാധാരണമായി അഭിമാനിക്കുകയും തുടർന്ന് തന്റെ ശ്രമങ്ങളിൽ നിന്ന് വിരമിച്ച് ഒരു തരം ആലസ്യത്തിലും മടിയിലും മുഴുകുന്നു. ഈ മനുഷ്യരെല്ലാം വീണ്ടും ദുഃഖത്തിന്റെ പന്ഥാവിലേയ്ക്ക് വഴുതിവീഴുവാൻ സാധ്യതയുള്ളവരായി കണക്കാക്കപ്പെടുന്നു.

ആരാണോ സത്യമായ പാതയിൽ നിർവ്വാണം സാധിക്കുവാൻ ശ്രമിക്കുന്നത്, അയാൾ അതിന്റെ പരിണിത ഫലത്തെപ്പറ്റിയോ അതിൽനിന്ന് കിട്ടുന്ന മാന്യതയെപ്പറ്റിയോ ചിന്തിക്കാതെ തന്റെ ശ്രമം അശ്രാന്തം തുടരുകയും ചെയ്യും. അവർ ഒരിക്കലും തന്റെ ശ്രമങ്ങളിലുണ്ടാകുന്ന ചെറിയപുരോഗതിയെ ആധാരപ്പെടുത്തി അവസാനിപ്പിക്കുകയില്ല.

ആദ്യമായി മനുഷ്യർ വ്യക്തമായി ലോകത്തെപ്പറ്റിയും, ജീവിതത്തെപ്പറ്റിയും, മരണത്തെപ്പറ്റിയും മറ്റും മനസ്സിലാക്കണം.

3. ലോകത്തിന് അടിസ്ഥാനപരമായി ആന്തരികമോ ബാഹ്യമോ ആയ ഒരു സ്ഥായിയില്ല. അത് സാധാരണരീതിയിൽ പറയുകയാണെങ്കിൽ ഒരു വലിയ കാര്യകാരണവ്യവസ്ഥിതിയുടെ സമുച്ചയമാണ്. അവയ്ക്ക് വ്യക്തമായ പിറവിയുണ്ടെന്ന് തോന്നിക്കുമെങ്കിലും, അവ യഥാർത്ഥത്തിൽ മനസ്സിന്റെ അജ്ഞത, കാല്പനീയഭാവം, അമിതാഗ്രഹങ്ങൾ, പ്രലോഭനങ്ങൾ തുടങ്ങിയവയാലാണ് രൂപീകൃതമാകുന്നത്. ബാഹ്യമായ ഒന്നിനെയും ആധാരപ്പെടുത്തിയല്ല മനസ്സ് അയഥാർത്ഥമായ കാല്പനികഭാവങ്ങൾ ഉണ്ടാക്കിയെടുക്കുന്നത്, അല്ലെങ്കിൽ ഏതെങ്കിലും യഥാർത്ഥവസ്തുക്കളെ ആധാരപ്പെടുത്തിയുമല്ല. അത്തരം കാര്യകാരണ വ്യവസ്ഥിതികൾ മനസ്സിലേയ്ക്ക് മനസ്സിന്റെ പ്രവർത്തനങ്ങൾ മൂലം മാത്രമാണ് രൂപീകൃതമായി വരുന്നത്. അത് മനസ്സിലുള്ള മോഹങ്ങളെ പെരുപ്പിച്ചുകാണിക്കുന്നു. അവ മനസ്സിന്റെ ആഗ്രഹങ്ങളാകുന്ന അടിത്തറയിൽ നിർമ്മിക്കപ്പെടുകയും, ലോഭം, ദേഷ്യം, വിഡ്ഢിത്തരം, കാമം തുടങ്ങിയ വികാരങ്ങളുടെ പ്രതിഫലനവുമായി ഭവിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ആര് ഈ ലോകദുഃഖങ്ങളിൽ നിന്ന് നിർവ്വാണം ആഗ്രഹിക്കുന്നുവോ അയാൾ ഇങ്ങനെ വിഹ്വലമായ മനസ്സിന്റെ പ്രവർത്തനങ്ങളെ നേരിടുവാൻ പഠിക്കണം.

4. ''എന്റെ പ്രിയപ്പെട്ടമനസ്സേ! എന്തുകൊണ്ടാണ് നീ മാറിക്കൊണ്ടിരിക്കുന്ന ജീവിതസാഹചര്യങ്ങൾക്കനുസരണമായി അശ്രാന്തം മാറിക്കൊണ്ടിരിക്കുന്നത്? എന്തുകൊണ്ടാണ് നീയെന്നെ തെറ്റിധരിപ്പിച്ച് അക്ഷമമായി ഇരിക്കുവാൻ പ്രേരിപ്പിക്കുന്നത്? എന്തുകൊണ്ടാണ് നീയെന്നെ ധാരാളം വസ്തുക്കൾ സ്വരൂപിച്ചുവെക്കുവാൻ പ്രേരിപ്പിക്കുന്നത്? നീ തുഴയുന്നതിനു മുമ്പ് ഉടഞ്ഞു പോകുന്ന ഒരു തുഴപോലെയും, സമുദ്രത്തിലേയ്ക്ക് ഇറക്കുന്നതിനുമുമ്പ് പലഭാഗങ്ങളായി പിരിഞ്ഞുപോകുന്ന ഒരു വഞ്ചിപോലെയുമാണ്. നമുക്ക് ഈ ജീവിതത്തെ ഫലപ്രദമായി പ്രയോഗിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ എന്തു പ്രയോജനമാണ് പല പുനർജന്മങ്ങൾകൊണ്ട് ഉണ്ടാകുന്നത്?''

'' എന്റെ പ്രിയ മനസ്സേ! ഒരിക്കൽ നിയെന്നെ ഒരു രാജകുടുംബത്തിൽ രാജാവായി ജനിക്കുവാൻ കാരണഭൂതനാക്കുകയും, മറ്റൊരു ജീവിതത്തിൽ എന്നെ ഒരു ചണ്ഡാലബാലനായി ഭക്ഷണത്തിനുപോലും വഴിയില്ലാതെ കഷ്ടപ്പെടുന്നവനായും ജന്മം നൽകി. ചില സമയങ്ങളിൽ എന്നെ സ്വർഗ്ഗീയതുല്യമായ ജീവിതസാഹചര്യങ്ങളിൽ ജനിക്കുവാനും ജീവിക്കുവാനും സഹായിക്കുന്നു; എന്നിട്ട് നിയെന്നെ നരകതുല്യമായ ജീവിതസാഹചര്യങ്ങളിലേക്ക് തള്ളിവിടുന്നു. ''

'' എന്റെ വിഡ്ഢിത്വവും മഠയത്തരവും നിറഞ്ഞ പ്രിയ മനസ്സേ! നീയെന്നെ വ്യത്യസ്തങ്ങളായ ജീവിതസാഹചര്യങ്ങളിലൂടെ നയിച്ചതുമൂലം ഞാൻ നിന്നോട് വലിയ തോതിൽ കടപ്പെട്ടിരിക്കുന്നു. എന്നാൽ ഞാൻ ഇപ്പോൾ ബുദ്ധോപദേശങ്ങൾ ശ്രവിച്ചിരിക്കുന്നു, എന്നെ നീ ശല്യപ്പെടുത്താതിരുന്നാൽ എനിക്ക് വീണ്ടും ദുഃഖഭരിതമായ ജീവിതത്തിലേയ്ക്ക് തിരിച്ചുപോകേണ്ടതായി വരുകയില്ല, മാത്രമല്ല, നമുക്കുരണ്ടാൾക്കും ചേർന്ന് വിനയത്തോടും ക്ഷമയോടുംകൂടി നിർവ്വാണത്തിന്റെ പാത പിൻതുടരാം.''

'' എന്റെ പ്രിയമനസ്സേ! നിന്നെക്കൊണ്ട് എല്ലാത്തിന്റെയും അർത്ഥം അടിസ്ഥാനരഹിതവും മാറ്റങ്ങൾക്കു വിധേയവുമാണെന്ന് പഠിക്കകയും; നീ വസ്തുക്കളുടെ മായിക പ്രപഞ്ചത്തിൽ അകപ്പെട്ട് അവയുടെ പിന്നാലെ പോകാതിരിക്കുവാൻ പഠിക്കുകയും, അവയുടെമേൽ അത്യാഗ്രഹം ഉണ്ടാക്കാതിരിക്കുകയും, ആർത്തിക്കും, അഹങ്കാരത്തിനും, ദേഷ്യത്തിനും വഴിപ്പെടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ നമുക്ക് ഈ യാത്ര ശാന്തമായി പൂർത്തീകരിക്കുവാൻ സാധിക്കും. അതിനുശേഷം പ്രജ്ഞയാകുന്ന വാളുകൊണ്ട് ആഗ്രഹമാകുന്ന വടവൃക്ഷത്തെ വെട്ടിവീഴ്ത്തുകയും, പ്രതികൂല സാഹചര്യങ്ങൾക്കും നല്ലതിനും ചീത്തക്കും, ലാഭത്തിനും നഷ്ടത്തിനും, പ്രശംസക്കും അവഹേളനത്തിനും വഴിപ്പെടാതെയിരുന്നാൽ നമുക്ക് നിത്യമായ ശാന്തിയിൽ കഴിയുവാനും സാധിക്കും.''

''എന്റെ പ്രിയ മനസ്സേ! നീയാണ് എന്നിൽ വിശ്വാസത്തിന്റെ വിത്ത് വിതച്ചത്; നീയാണ് എന്നെ നിർവ്വാണത്തിന്റെ പാതയിൽ ജീവിക്കുവാൻ പ്രേരിപ്പിച്ചത്. എന്തുകൊണ്ടാണ് നീ വളരെ വേഗം അത്യാഗ്രഹത്തിനും, സുഖലോലുപതകൾക്കും മറ്റും വീണ്ടും അടിമപ്പെട്ടുപോകുന്നത്?''

''എന്റെ പ്രിയ മനസ്സേ! എന്താണ് നീ അവിടെയുമിവിടേയും ഒരു ലക്ഷ്യവുമില്ലാതെ അലഞ്ഞുതിരിയുന്നത്? നമുക്ക് ഈ വലിയ കടമ്പയായ മോഹവലയത്തിൽ നിന്ന് രക്ഷപ്പെടാം. ഇവിടെവരെ നമ്മൾ നീ ആഗ്രഹിക്കുന്നതുപോലെയാണ് കാര്യങ്ങൾ ചെയ്തിരുന്നത്, എന്നാൽ ഇപ്പോൾ മുതൽ നീ ഞാൻവിചാരിക്കുന്നപോലെ കാര്യങ്ങൾ ചെയ്യണം, എന്നിട്ട് നമുക്ക് ഒത്തുചേർന്ന് ബുദ്ധോപദേശങ്ങൾ പിൻതുടരാം.''

'' എന്റെ പ്രിയമനസ്സേ! ഈ മലനിരകൾ, നദികൾ, സമുദ്രങ്ങൾ തുടങ്ങിയവ മാറ്റങ്ങൾക്കു വിധേയപ്പെടാവുന്നതും വേദന ഉണ്ടാക്കാവുന്നവയുമാണ്. എവിടെ നിന്നാണ് നമുക്ക് മോഹവലയത്തിൽ പെട്ടിരിക്കുന്ന ഈ ലോകത്തിൽ ശാന്തിയും സമാധാനവും കണ്ടെത്തുവാൻ

സാധിക്കുന്നത്? നമുക്ക് ബുദ്ധോപദേശങ്ങൾ പിൻതുടരുകയും തുടർന്ന് ഈ ജീവിത ദുഃഖങ്ങളാകുന്ന കടൽകടന്ന് നിർവ്വാണത്തെ പ്രാപിക്കാനും ശ്രമിക്കാം.''

5. അതുകൊണ്ട് ആര് നിർവ്വാണം ആഗ്രഹിക്കുന്നുവോ അവർ അവരുടെ മനസ്സിനെ സ്വയം പാകപ്പെടുത്തുന്നു. അതിനുശേഷം അവർ വളരെ ഉറച്ചമനസ്സോടെ മുന്നോട്ടു പോകുന്നു. ആ ശ്രമത്തിൽ ആരെങ്കിലും അവരെ അപകീർത്തിപ്പെടുത്തുകയോ, അപമാനിക്കുകയോ ചെയ്താലും അവയെ എല്ലാം ക്ഷമയോടെ സഹിച്ചുകൊണ്ട് ഉദ്ദേശ ശുദ്ധിയോടെ മുന്നോട്ടു പോകുന്നു. അവർ അവരെ മുഷ്ടികൊണ്ട് മർദ്ദിക്കപ്പെട്ടാലും, കല്ലുകൾകൊണ്ട് എറിയപ്പെട്ടാലും, വാളുകൾകൊണ്ട് മുറിവേൽപിക്കപ്പെട്ടാലും അവയെ എല്ലാം ക്ഷമയോടും സഹിഷ്ണുതയോടും സഹിക്കുകയും തന്റെ ലക്ഷ്യത്തെ നോക്കി മുന്നോട്ടു പോകുകയും ചെയ്യും.

ശത്രുക്കൾ തങ്ങളുടെ തലവെട്ടി മാറ്റുകയാണെങ്കിൽ പോലും മനസ്സ് അചഞ്ചലമായി നിലകൊള്ളും. അതിനുശേഷവും അവർ നിശ്ചയദാർഢ്യത്തോടെ മുന്നോട്ടു പോകും. അവരുടെ മനസ്സുകൾ ഈ പരീക്ഷണങ്ങളുടെ തീവ്രതയിൽ കലുഷിതമാകുകയാണെങ്കിൽ, അവർ ഒരിക്കലും ബുദ്ധന്റെ യഥാർത്ഥ ഉപദേശങ്ങൾ അനുസരിക്കുന്നവരായിരിക്കുകയില്ല. എന്തുതന്നെ സംഭവിച്ചാലും അവർ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും പാതയിൽ നിശ്ചയദാർഢ്യത്തോടെ നിർവ്വാണം സാധിക്കുകയെന്ന ലക്ഷ്യത്തോടെ മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യും. അവഹേളനം വന്നാലും, ദൗർഭാഗ്യം വന്നാലും, ഒരുവൻ അവന്റെ തീരുമാനത്തിൽ ഉറച്ചു നിൽക്കുകയും ഒരിക്കലും മാറാത്ത വിധത്തിൽ മനസ്സിന്റെ സമചിത്തത വെടിയാതെ പ്രവർത്തിക്കുകയും ചെയ്യും, എന്തെന്നാൽ ബുദ്ധന്റെ ഉപദേശങ്ങൾ അവന് എന്നും തുണയായുണ്ട്.

നിർവ്വാണം പ്രാപിക്കുന്നതിനുവേണ്ടി ഒരുവൻ അസാദ്ധ്യമായ കാര്യങ്ങൾ സാധിക്കുകയും, ചെയ്യാൻ പ്രയാസമുള്ള കാര്യങ്ങൾ ചെയ്യുകയും ചെയ്യണം.
ഒരുവൻ അവനാൽ കഴിയുന്നവിധത്തിൽ അവന്റെ അവസാന ശ്രമംപോലും അതിനായി ഉപയോഗിക്കണം. നിർവ്വാണം സാധിക്കുന്നതിനായി ഒരുവൻ ഒരുദിവസം ഒരു ധാന്യമണിമാത്രം ഭക്ഷിക്കണമെന്ന് നിഷ്കർഷിക്കപ്പെടുകയാണെങ്കിൽ, അവൻ അതിനനുസരിച്ച് ഒരു മണി ധാന്യം ഭക്ഷിച്ച് ജീവിക്കണം. മാത്രമല്ല അതിനായി അവൻ അഗ്നിയിൽ കൂടി നടക്കേണ്ടി വന്നാലും അവൻ അതനുസരിച്ച് മുന്നോട്ടു പോകണം.

എന്നാൽ ഒരുവൻ ഇവയെല്ലാം എന്തെങ്കിലും ഗൂഢോദ്ദേശത്തോടെ മറ്റെന്തെങ്കിലും സാധിച്ചെടുക്കാമെന്ന ലക്ഷ്യത്തോടെ ചെയ്യരുത്. ഒരുവൻ അവ ചെയ്യുന്നത് ശരിയായതും നല്ലതുമായ കാര്യങ്ങളായതുകൊണ്ടാണ്. അത്തരം ശ്രമങ്ങൾ ഒരുവൻ കാരുണ്യഭാവത്തോടുകൂടി ഒരമ്മ അവളുടെ രോഗിയായ കുഞ്ഞുകുട്ടിയെ യാതൊരു ഉപാധികളുമില്ലാതെ തികഞ്ഞ സമർപ്പണബുദ്ധിയോടെ പരിപാലിക്കുന്ന രീതിയിൽവേണം ചെയ്യുവാൻ.

6. ഒരിടത്ത് ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം തന്റെ രാജ്യത്തെയും പ്രജകളെയും ഒരുപോലെ സ്നേഹിച്ചിരുന്നു, അതുപോലെ രാജ്യകാര്യങ്ങൾ മുറപോലെയും സമചിത്തതയോടെ കാരുണ്യത്തെ ആധാരമാക്കിയും നിർവ്വഹിച്ചുപോന്നു. ഈ കാരണങ്ങൾ കൊണ്ടുതന്നെ അദ്ദേഹത്തിന്റെ രാജ്യം ശാന്തിപൂർണ്ണവും സമൃദ്ധിയും കൊണ്ട് എല്ലാവരുടെയിടയിലും പ്രസിദ്ധമായിരുന്നു. അദ്ദേഹം നിർവ്വാണവും അവബോധവും സിദ്ധിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലും ഏർപ്പെട്ടിരുന്നു. മാത്രമല്ല, അതിനെ സഹായിക്കുന്ന വിധത്തിലുള്ള സാരോപദേശങ്ങൾ നല്കുന്നവർക്ക് അദ്ദേഹം പാരിതോഷികങ്ങളും മറ്റും നല്കാമെന്ന് ഏല്ക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ സമർപ്പണ ബുദ്ധിയും അറിവും സ്വർഗ്ഗത്തിലെ ദേവന്മാരുടെ ശ്രദ്ധയിൽ പെടുകയും ചെയ്തു. എന്നാൽ അവർ അദ്ദേഹത്തെ ചില പരീക്ഷണങ്ങൾക്ക് വിധേയനാക്കുവാൻ തീരുമാനിച്ചു. ഒരു ദേവൻ ഒരു സാത്താന്റെ വേഷത്തിൽ പ്രച്ഛന്നവേഷധാരിയായി ആ രാജാവിന്റെ രാജധാനിയുടെ വതിൽക്കൽ വന്നു, എന്നിട്ട് തന്നെ രാജാവിന്റെ അടുത്തെത്തിക്കുവാനും തന്റെവശം വളരെ വിശിഷ്ടമായ ഒരു ഉപദേശമുണ്ടെന്നും ഭൃത്യന്മാരോട് പറഞ്ഞു.

ഈ വാർത്ത കേട്ട് ഉത്സുകനായ രാജാവ് അയാളെ കൊട്ടാരത്തിലേയ്ക്ക് കൂട്ടികൊണ്ടുവരുവാൻ നിർദ്ദേശം നല്കി. ആ സാത്താൻ വളരെ ബീഭത്സമായ രൂപം പ്രാപിച്ചുകൊണ്ട് തനിക്ക് ഭക്ഷണം നല്കുവാൻ കല്പിച്ചു. എന്നിട്ട് പറഞ്ഞു തനിക്കിഷ്ടമായ ഭക്ഷണം വരുന്നതുവരെ താൻ ഒന്നും ഭക്ഷിക്കില്ലെന്ന്. വിവിധ തരം ഭക്ഷണം ആ സാത്താന് നല്കി എന്നിരുന്നാലും ഒന്നും അവന് പിടിച്ചില്ല. അവൻ ചൂടുള്ള മനുഷ്യമാംസവും രക്തവും ആവശ്യപ്പെട്ടു. രാജകുമാരനും രാജ്ഞിയും തങ്ങളുടെ ശരീരങ്ങൾ നല്കി. അതിൽ തൃപ്തനാകാതെ ആ സത്വം രാജാവിന്റെ മാംസം വേണമെന്ന് ശാഠ്യം പിടിച്ചു.

രാജാവ് തന്റെ ശരീരം നല്കാമെന്ന് വാഗ്ദാനം ചെയ്തു എന്നാൽ അതിനുമുമ്പ് രാജാവിന് ആ ഉപദേശം കേൾക്കണമെന്ന് ആവശ്യപ്പെട്ടു.

അപ്പോൾ പ്രച്ഛന്നവേഷധാരിയായ ആ ദേവൻ ഇങ്ങനെ ഉരുവിട്ടു: '' കഷ്ടപ്പാടുകൾ തൃഷ്ണയിൽ നിന്നാണ് ഉണ്ടാകുന്നത് അതുപോലെ ഭയവും തൃഷ്ണയിൽ നിന്നാണ് ഉണ്ടാകുന്നത്. ആര് തൃഷ്ണയെ മാറ്റിക്കളയുന്നുവോ അവർ കഷ്ടപ്പാടുകൾക്കും ഭയത്തിനുമിരയാകുകയില്ല.'' പെട്ടെന്ന് ആ ദേവൻ തന്റെ സ്വരൂപം പ്രാപിക്കുകയും അതോടൊപ്പം രാജകുമാരനും രാജ്ഞിയും ജീവിതത്തിലേയ്ക്ക് തിരിച്ചു വരുകയും ചെയ്തു.

7. ഒരിക്കൽ ഹിമാലയപർവ്വതനിരകളിൽ ഒരു മനുഷ്യൻ നേരായമാർഗ്ഗം തേടി നടക്കുന്നുണ്ടായിരുന്നു. തന്റെ മനസ്സിലുള്ള മായികപ്രപഞ്ചത്തെ മാറ്റുവാൻ പ്രാപ്തിയുള്ള എന്തെങ്കിലും ഉപദേശം കണ്ടുകിട്ടുകയാണെങ്കിൽ, അയാൾ ലോകത്തിലുള്ള എന്തുവേണമെങ്കിലും, ധനമോ, അമൂല്യ വസ്തുക്കളോ, സുഖസൗകര്യങ്ങളോ അങ്ങനെ എന്തു വേണമെങ്കിലും നല്കുവാൻ തയ്യാറായിരുന്നു.

ദേവന്മാർ ആ മനുഷ്യന്റെ ആത്മാർത്ഥതയിൽ സന്തുഷ്ടനാകുകയും അയാളുടെ മനസ്സിനെ പരീക്ഷണങ്ങൾക്ക് വിധേയനാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ഒരു ദേവൻ സാത്താന്റെ രൂപത്തിൽ ഹിമാലയത്തിൽ പ്രത്യക്ഷപ്പെടുകയും ഇങ്ങനെ പാടുകയും ചെയ്തു: ''എല്ലാം

മാറിക്കൊണ്ടിരിക്കുന്നു, എല്ലാം പ്രത്യക്ഷമാകുകയും അപ്രത്യക്ഷമാകുകയും ചെയ്തുകൊണ്ടിരിക്കുന്നു.''

അയാൾ ആ ഗാനം ശ്രവിക്കുകയും അതിൽ ആകൃഷ്ടനാകുകയും ചെയ്തു. അയാളുടെ അനുഭവം ദാഹിച്ചിരുന്ന ഒരു മനുഷ്യന് ഒരു അരുവിയിൽ നിന്ന് വരുന്ന തണുത്ത ജലം കുടിക്കുവാൻ കിട്ടുന്നതുപോലെയും അല്ലെങ്കിൽ ഒരു അടിമയെ യഥേഷ്ടം വിമുക്തനാക്കിയതുപോലെയൊ ഒക്കെയായിരുന്നു. അയാൾ സ്വയം പറഞ്ഞു, ''അവസാനം ഞാൻ തിരഞ്ഞുകൊണ്ടിരുന്ന സാരോപദേശം കണ്ടെത്തിയിരുക്കുന്നു.'' അയാൾ ആ ശബ്ദത്തെ പിൻതുടരുകയും അവസാനം ബീഭത്സമായ ഒരു സാത്താനെ കാണുകയും ചെയ്തു. എന്നാൽ ശാന്തമായ മനസ്സോടെ അയാൾ ആ സാത്താനെ നോക്കി ഇങ്ങനെ പറഞ്ഞു: '' ഇപ്പോൾ ഞാൻ കേട്ട പരിശുദ്ധമായ ഗാനം പാടിയതു താങ്കളാണെങ്കിൽ ദയവുചെയ്തു വീണ്ടും അതുപോലെയുള്ള ഒരു ഗാനം കൂടി പാടൂ.''

സാത്താൻ പറഞ്ഞു: '' ശരിയാണ് ആ ഗാനം പാടിയത് ഞാൻ തന്നെയാണ്, എന്നാൽ ഞാൻ ഇനിയും പാടണമെങ്കിൽ എനിക്ക് കഴിക്കാൻ എന്തെങ്കിലും തരണം. എനിക്ക് വല്ലാതെ വിശക്കുന്നു.''

ആ മനുഷ്യൻ അയാളോട് ഇങ്ങനെ യാചിച്ചു : '' ആ ഗാനത്തിന് ഒരു പരിശുദ്ധഭാവമുണ്ട് അത് ഞാൻ വളരെക്കാലമായി തിരഞ്ഞുകൊണ്ടിരിക്കുന്നതായിരുന്നു. ഞാൻ അതിന്റെ ഒരുഭാഗം മാത്രമെ ശ്രവിച്ചിട്ടുള്ളു; ദയവുചെയ്തു ബാക്കിഭാഗം കൂടി എന്നെ ശ്രവിക്കാൻ അനുവദിക്കണം.''

എന്നാൽ ആ സാത്താൻ വീണ്ടും ഇങ്ങനെ പറഞ്ഞു: '' എനിക്കു വല്ലാതെ വിശക്കുന്നു, എനിക്ക് മനുഷ്യമാംസവും രക്തവും കഴിക്കുവാൻ വലിയ ആഗ്രഹമുണ്ട്. അതുകിട്ടുകയാണെങ്കിൽ ഞാൻ ആ ഗാനം പാടി അവസാനിപ്പിക്കാം.''

ആ ദിവ്യ ഉപദേശങ്ങൾ ശ്രവിക്കുവാനുള്ള അത്യാഗ്രഹംകൊണ്ട് ആ മനുഷ്യൻ അയാളുടെ മാംസവും രക്തവും ആ ഗാനം മുഴുവൻ ശ്രവിച്ച ശേഷം നല്കാമെന്ന് ഉറപ്പുനല്കി. തുടർന്ന് ആ സാത്താൻ ഇങ്ങനെ പാടി:
എല്ലാം മാറിക്കൊണ്ടിരിക്കുന്നു

എല്ലാം പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷപ്പെടുകയും ചെയ്യുന്നു

എപ്പോൾ ഒരുവൻ ജീവിതത്തിനും മരണത്തിനും അപ്പുറം സഞ്ചരിക്കുന്നുവോ, അപ്പോൾ പൂർണ്ണ ശാന്തതയുണ്ടാകും.

ഇതുകേട്ട ആ മനുഷ്യൻ അവിടെക്കണ്ട പാറമേലും മരങ്ങൾ മേലും അത് കുറിച്ചിട്ടു. അതിനുശേഷം ഒരു മരത്തിൽ കയറിനിന്ന് അയാൾ അവിടെ നിന്ന് ഊർന്ന് ആ സാത്തന്റെ പാദത്തിലേക്ക് വരുകയും ചെയ്തു, എന്നാൽ ആ സമയത്ത് അവിടെ ആ സാത്തൻ ഉണ്ടായിരുന്നില്ല, അതിനുപകരമായി അവിടെ ഒരു ദിവ്യപ്രകാശം കാണപ്പെടുകയും ആ ദേവൻ സ്വരൂപം പ്രാപിച്ച് അയാളെ സ്വീകരിക്കുകയും അയാളെ യാതൊരു ഉപദ്രവും കൂടാതെ അയക്കുകയും ചെയ്തു.

8. ഒരിക്കൽ സദാപ്രരുദിതാ എന്നപേരിൽ ഒരു യഥാർത്ഥ സത്യാന്വേഷിയായ മനുഷ്യനുണ്ടായിരുന്നു. അയാൾ എല്ലാ പ്രലോഭനങ്ങളും, പ്രശസ്തിയും, ലാഭേച്ഛയും മറന്ന് വളരെ സാഹസികമായി അപകടങ്ങളെ തരണം ചെയ്തുകൊണ്ട് തന്റെ അന്വേഷണ പാത തുടരുവാൻ ശ്രമിച്ചു. ഒരിക്കൽ ഒരു ശബ്ദം സ്വർഗ്ഗത്തിൽ നിന്ന് അയാളുടെ അടുത്തേയ്ക്കു വന്നു. അത് ഇങ്ങനെ പ്രസ്താവിച്ചു: ''സദാപ്രരുദിതാ, നീ കിഴക്കോട്ടു സഞ്ചരിക്കുക. ഒരിക്കലും ഉഷ്ണത്തെപ്പറ്റിയോ ശൈത്യത്തെപ്പറ്റിയോ ചിന്തിക്കരുത്, ഒരിക്കലും പ്രശംസക്കും അവഹേളനത്തിനും പാത്രമാവതിരിക്കൂ, ഒരിക്കലും നല്ലതിനെയും ചീത്തയെയും തരംതിരിച്ച് കാണാതിരിക്കൂ, കിഴക്കിനെ ലക്ഷ്യമാക്കി മാത്രം പോകുക. കിഴക്കിന്റെ അങ്ങേ അറ്റത്ത് നീയൊരു യഥാർത്ഥ ഗുരുവിനെ കാണും അയാൾ നിനക്ക് നിർവ്വാണത്തിന്റെ മാർഗ്ഗം ഉപദേശിച്ചുതരും. ''

സദാപ്രരുദിതാ ഈ നല്ല ഉപദേശത്തിൽ സന്തുഷ്ടനായി അപ്പോൾതന്നെ കിഴക്കിനെ നോക്കി യാത്ര തിരിച്ചു. ചിലപ്പോൾ ഏതെങ്കിലും വയലിലോ അല്ലെങ്കിൽ മലംപ്രദേശത്തോ അവൻ അല്പം വിശ്രമിക്കുകയോ ഉറങ്ങുകയോ ചെയ്തിട്ടുണ്ടാകാം.

ഒരു വിദേശിയെന്ന നിലയിൽ അയൽനാട്ടുകളിലും ദൂരദേശങ്ങളിലും വളരെ വിഷമങ്ങളും കഷ്ടതകളും സഹിച്ച് യാത്രചെയ്തു. ഒരിക്കൽ അയാൾ സ്വയം അടിമക്കച്ചവടക്കാർക്ക് വിറ്റു, മറ്റൊരിക്കൽ തന്റെ ശരീരത്തിൽ നിന്ന് മാംസം മുറിച്ചു വില്ക്കേണ്ടിവന്നിട്ടുണ്ട്.

എന്നാൽ ഈ കഷ്ടതകൾക്കെല്ലാം അവസാനം അയാൾ താൻ അന്വേഷിച്ചുവന്ന ഗുരുവിനെ കാണുകയും ഉപദേശങ്ങൾ സ്വീകരിക്കുന്നതിനുള്ള താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തു.

ഒരു പഴഞ്ചൊല്ലുണ്ട് : ''നല്ല കാര്യങ്ങളും വസ്തുക്കളും വിലപിടിപ്പുള്ളതാണ്,'' സദാപ്രരുദിതാ അത് വളരെ കഷ്ടമായ ഒരു വലിയ യാത്രക്കുശേഷം യഥാർത്ഥത്തിൽ കണ്ടുപിടിച്ചു. അയാളുടെ കൈയ്യിൽ തന്റെ ഗുരുവിന് ദക്ഷിണ നല്കുന്നതിനായി കുറച്ച് സാമ്പ്രാണിതിരികളോ പുഷ്പങ്ങളോ വാങ്ങുന്നതിനായി ഒരു ചില്ലിക്കാശുപോലുമില്ലാതെ. കൂലിപ്പണി ചെയ്യുവാൻ തീരുമാനിച്ചെങ്കിലും ആരും അയാളെ വിളിക്കുവാൻ തയ്യാറായില്ല. എവിടെയോ ഒരു അശുഭമായ ദൗർഭാഗ്യം അയാളെ പിൻതുടരുന്നതായി അയാൾക്കുതോന്നി. നിർവ്വാണത്തിലേയ്ക്കുള്ള പാത വളരെ കഷ്ടങ്ങൾ നിറഞ്ഞതാണ് അത് പിൻതുടരുന്നത് വളരെ കഷ്ടമാണ്.

അവസാനം സദാപ്രരുദിതാ ഗുരുവിന്റെ അടുത്തെത്തി. അപ്പോൾ അയാൾക്ക് ഒരു പുതിയ തടസ്സം കാണപ്പെട്ടു. അയാളുടെ കൈയ്യിൽ നാരായമോ മഷിയോ ഓലയോയില്ല ഗുരുവിൽ നിന്ന് കുറിപ്പ് എഴുതിയെടുക്കുവാനായി അയാൾ ഒരു കത്തിയുപയോഗിച്ച് തന്റെ ശരീരത്തിൽ മുറിവുണ്ടാക്കി ആ രക്തമുപയോഗിച്ച് അയാൾ ഗുരുവിൽ നിന്നുള്ള ഉപദേശങ്ങൾ എഴുതിയെടുത്തു.

9. ഒരിക്കൽ സുധന എന്ന ഒരു ബാലൻ നിർവ്വാണം പ്രാപിക്കുന്നതിനെപ്പറ്റി ഗാഢമായി ആഗ്രഹിക്കുകയും അതിനായി ശ്രമിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഒരു മുക്കുവനിൽ നിന്ന് അവൻ കടലിനെപ്പറ്റി പഠിച്ചു. ഒരു വൈദ്യനിൽ നിന്ന് അവൻ ചികിത്സയെപ്പറ്റിയും രോഗികളോട് കരുണകാണിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും മറ്റും മനസ്സിലാക്കി. ഒരു ധനികനായ മനുഷ്യനിൽ നിന്ന് ധനസമ്പാദനത്തിന്റെ ആവശ്യത്തെപ്പറ്റി പഠിക്കുകയും നിർവ്വാണം സാധിക്കുന്നതിന് ഒരു ചെറിയ ശ്രമം ആവശ്യമാണെന്ന് മനസ്സിലാക്കുകയും ചെയ്തു.

ധ്യാനത്തിലിരിക്കുന്ന ഒരു സന്യാസിയിൽ നിന്ന് അവൻ സുപ്രധാനമായ ഒരു കാര്യം മനസ്സിലാക്കി ശുദ്ധവും ശാന്തവുമായ മനസ്സിന് മറ്റു മനസ്സുകളെ ശുദ്ധമാക്കുന്നതിനും ശാന്തമാക്കുന്നതിനും അതിശയമായ കഴിവുണ്ടെന്ന്. ഒരിക്കൽ അവൻ വളരെ വിശേഷ സ്വഭാവമുള്ള ഒരു സ്ത്രീയെ പരിചയപ്പെട്ടു. അവരുടെ കരുണാർദ്രമായ പെരുമാറ്റത്തിൽ നിന്നും മറ്റും അവന് ഒരു കാര്യം വ്യക്തമായി, വിവേകത്തിന്റെ യഥാർത്ഥ ഫലമാണ് പരസഹായപ്രവൃത്തികളെന്ന്.

ഒരിക്കൽ അവൻ ഒരു നാടുചുറ്റി നടക്കുന്ന വൃദ്ധനായ വഴിയാത്രക്കാരനെ കാണാനിടയായി. അയാളിൽ നിന്ന് വളരെ സുപ്രധാനമായ ഒരു കാര്യം അവന് അറിയുവാൻ സാധിച്ചു. ഒരു ലക്ഷ്യത്തിൽ എത്തിച്ചേരണമെങ്കിൽ ഒരുവൻ വാളുകൾകൊണ്ടുള്ള ഒരു മല താണ്ടുകയും തീകനലുകൾ ഒഴുകുന്ന ഒരു അരുവിയും കടന്നുപോകണമെന്ന്. ഈ അനുഭവങ്ങളിൽ നിന്ന് സുധനക്ക് ഒരു കാര്യം വ്യക്തമായി, യഥാർത്ഥ ഉപദേശങ്ങളും ജീവിതസംബന്ധിയായ പൊരുളുകളും എവിടെ നിന്നുവേണമെങ്കിലും ലഭിക്കാവുന്നതാണ്.

അവൻ ക്ഷമയെപ്പറ്റി ഒരു ദരിദ്രയും അംഗവൈകല്യം സംഭവിച്ചവളുമായ ഒരു സ്ത്രീയിൽ നിന്നാണ് മനസ്സിലാക്കിയത്; അതുപോലെ സന്തോഷത്തെപ്പറ്റിയുള്ള പാഠം മൈതാനത്തിൽ കളിച്ചുകൊണ്ടിരുന്ന കുട്ടികളിൽ നിന്നാണ് മനസ്സിലാക്കിയത്; മറ്റുള്ളവർ ഇച്ഛിക്കുന്ന കാര്യങ്ങളോ വസ്തുക്കളോ ആഗ്രഹിക്കാത്ത വളരെ ശാന്തരും സമാധാന പ്രിയരുമായ മനുഷ്യരിൽ നിന്ന് അവൻ എങ്ങനെ ഈ ലോകത്തോട് സ്വരുമപ്പെട്ടുപോകാം എന്ന പാഠവും പഠിച്ചു.

അവൻ ഒത്തൊരുമയേയും ഐക്യത്തെയും കുറിച്ചുള്ള പാഠങ്ങൾ സാമ്പ്രാണി തിരിയുണ്ടാക്കുന്നതിനുള്ള രാസപദാർത്ഥങ്ങൾ കലർത്തുന്നരീതിയിൽ നിന്ന് മനസ്സിലാക്കുകയും നന്ദി അർപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പുഷ്പങ്ങൾ അലങ്കരിക്കുന്ന രീതിയിൽ നിന്ന് മനസ്സിലാക്കുകയും ചെയ്തു. ഒരിക്കൽ കാട്ടിൽകൂടി നടന്നുപോകുമ്പോൾ ഒരു തണൽമരത്തിനടിയിൽ വിശ്രമിക്കാനിടയാകുകയും, അതിനടുത്ത് വീണുകിടന്നതും നശിച്ചുകൊണ്ടിരിക്കുന്നതുമായ മരക്കുറ്റിയിൽ നിന്ന് ഒരു ചെറിയ മുകുളം പൊട്ടിവിടർന്നു വരുന്നതായി കണ്ടു. അതിൽ നിന്നും അവൻ ജീവിതത്തിന്റെ അനിശ്ചിതത്വത്തെപ്പറ്റി പഠിച്ചു.

പകലിലെ സൂര്യപ്രകാശവും രാത്രിയിൽ മിന്നുന്ന നക്ഷത്രങ്ങളും അവന്റെ മനസ്സിനെ ഉൾപുളകം കൊള്ളിക്കുകയും ആത്മാവിന് പുതിയ ഒരു ഉണർവ്വ് നല്കുകയും ചെയ്തു. അങ്ങനെ സുധന തന്റെ നീണ്ടയാത്രയിൽ നിന്ന് പലകാര്യങ്ങളും മനസ്സിലാക്കി.

ആർ നിർവ്വാണം ആഗ്രഹിക്കുന്നുവോ അവർ തീർച്ചയായും അവരുടെ മനസ്സിനെ ഒരു മനോഹരമായ കൊട്ടാരമായി സൂക്ഷിക്കുകയും അത് മനോഹരപ്പെടുത്തുകയും ചെയ്യണം. അവർ അവരുടെ മനസ്സിന്റെ

വാതായനങ്ങൾ ബുദ്ധന് കടന്നുവരുന്നതിനായി തുറന്നുവെക്കുകയും ചെയ്യണം, അതിനുശേഷം അദ്ദേഹത്തെ വിനയപുരസ്സരം സ്വീകരിച്ച് മനസ്സിന്റെ ആന്തരിക തലങ്ങളിലേയ്ക്ക് അനുനയിക്കുകയും ചെയ്യണം, അവിടെ അദ്ദേഹത്തിന് വിശ്വാസമാകുന്ന സുഗന്ധവും സന്തോഷവും നന്ദിയുമാകുന്ന പുഷ്പങ്ങളും നല്കണം.

## II
## പരിശീലന മാർഗ്ഗങ്ങൾ

1. നിർവ്വാണം ആഗ്രഹിക്കുന്നവർക്ക് പരിശീലിക്കാവുന്ന മൂന്നുമാർഗ്ഗങ്ങളുണ്ട്: ആദ്യമായി പരിശീലനസ്വഭാവത്തെ ശിക്ഷണപ്പെടുത്തിയെടുക്കുക. രണ്ടാമതായി, ശരിയായ മനസ്സിന്റെ ഏകാഗ്രത; മൂന്നാമതായി പ്രജ്ഞയും വിവേകവും.

എന്താണ് ശിക്ഷണങ്ങൾ? സാധരണവ്യക്തിയോ, അറിയുവാൻ മാത്രം ആഗ്രഹിക്കുന്നവനോ ആയാലും, നല്ല പെരുമാറ്റത്തിന്റെ കാര്യങ്ങൾ മനസ്സിലാക്കിയിരിക്കണം. ഒരുവൻ അവന്റെ മനസ്സിനെയും ശരീരത്തെയും നിയന്ത്രണത്തിൽ കൊണ്ടുവന്ന് അവന്റെ പഞ്ചേന്ദ്രിയങ്ങളുടെ വാതിലുകളെ അടച്ച് അതിന് കാവൽ നിൽക്കുകയും ചെയ്യണം. അവൻ തിന്മയെപ്പറ്റി ബോധവാനും അതിനെപ്പറ്റി എല്ലാനിമിഷങ്ങളിലും അതിനെ ഭയപ്പെടുകയും വേണം, അവൻ എപ്പോഴും നല്ല കർമ്മങ്ങളിലേർപ്പെടുവാൻ മാത്രം ഉത്സുകനുമായിരിക്കണം.

എന്താണ് മനസ്സിന്റെ ഏകാഗ്രതയെന്നത്? അത് അഹങ്കാരത്തിൽ നിന്നും തിന്മ നിറഞ്ഞ ആഗ്രഹങ്ങളിൽ നിന്നും മനസ്സിന്റെ ശാന്തിയെ നശിപ്പിക്കുന്നതിനുമുമ്പ് വളരെ വേഗം മാറിപ്പോകുന്നതിനെ സൂചിപ്പിക്കുന്നു, എന്തെന്നാൽ തിന്മക്ക് മനസ്സിന്റെ ശാന്തിയേയും സമാധാനത്തേയും വളരെ വേഗം നശിപ്പിക്കുവാൻ സാധിക്കും.

എന്താണ് പ്രജ്ഞയെന്നത്? അത് ക്ഷമയോടുകൂടിയും കൃത്യമായും നാല് ആര്യസത്യങ്ങളെ മനസ്സിലാക്കുകയും ദുഃഖങ്ങളുടെ യഥാർത്ഥ അവസ്ഥയും അതിന്റെ സ്വഭാവം അറിയുകയും; ദുഃഖങ്ങളുടെ ശ്രോതസ്സിനെ മനസ്സിലാക്കുകയും; ദുഃഖനിവരണത്തിനുള്ള മാർഗ്ഗങ്ങളെപ്പറ്റി അറിയുക;

അതിനുശേഷം ദുഃഖം ഉന്മൂലനം ചെയ്യുന്നതിനുള്ള ആര്യമാർഗ്ഗങ്ങളെ മനസ്സിലാക്കുക തുടങ്ങിയവയാണ്.

ആര് ഈ മൂന്നുമാർഗ്ഗങ്ങളും കൃത്യമായി പരിശീലിക്കുന്നുവോ അയാളെ ബുദ്ധന്റെ യഥാർത്ഥ ശിഷ്യനെന്നു വിളിക്കാം.

പശുക്കളുടെ യാതൊരു രൂപസാദൃശ്യമോ ശബ്ദമോ കൊമ്പുകളോ ഒന്നുമില്ലാത്ത ഒരു കഴുത ഒരു കന്നുകാലിക്കൂട്ടത്തിനോടൊപ്പം യാത്രപോകുകയും അവയുടെ ഇടയിൽ നിന്ന് ഇങ്ങനെ പറയുകയും ചെയ്തു: ''നോക്കൂ ഞാനും ഒരു പശുവാണ്'', ആരെങ്കിലും അവനെ വിശ്വസിക്കുമോ? അതേപോലെ വിഡ്ഢിത്വമാണ് ഒരു മനുഷ്യൻ ആ മൂന്നുമാർഗ്ഗങ്ങളെ പിൻതുടർന്ന് തന്റെ പരിശീലനങ്ങൾ നടത്താതിരിക്കുകയും എന്നാൽ ബുദ്ധമാർഗ്ഗം പിൻതുട്രുന്നവനെന്ന് സ്വയം പ്രകീർത്തിക്കുകയും ചെയ്യുകയെന്നത്.

ഒരു കർഷകൻ തന്റെ വിളവെടുപ്പ് ശിശിരത്തിൽ നടത്തണമെങ്കിൽ അയാൾ നിലം നല്ലതുപോലെ ഉഴുതെടുത്ത് അതിൽ വിത്ത് വിതച്ച്, ആവശ്യത്തിന് വെള്ളമൊഴിച്ച്, വസന്തകാലത്തിൽ വളർന്നുവരുന്ന കളകളും മറ്റും പറിച്ച് മാറ്റിയെടുക്കണം. അതുപോലെ, നിർവ്വാണം ആഗ്രഹിക്കുന്ന വ്യക്തിയും ആ മൂന്നുവിധത്തിലുള്ള പരിശീലനം നടത്തണം. കർഷകന് വിത്ത് ഇന്നു മുളക്കുന്നതായും, നാളെ ചെടികൾ വളരുന്നതായും, മറ്റെന്നാൾ വിളവെടുക്കുന്നതായും വിഭാവനം ചെയ്യുവാൻ സാധിക്കുകയില്ല.

അതുകൊണ്ട് നിർവ്വാണം ആഗ്രഹിക്കുന്ന വ്യക്തി ഇപ്പോൾ തന്നെ ലൗകികാഗ്രഹങ്ങളിൽ നിന്ന് മുക്തിനേടാമെന്നോ, എല്ലാ ബന്ധങ്ങളിൽ നിന്നും നാളെതന്നെ മോചനം കിട്ടാമെന്നോ, മറ്റെന്നാൾ നിർവ്വാണം സാദ്ധ്യമാക്കുമെന്നോ പ്രതീക്ഷിക്കുവാൻ സാദ്ധ്യമല്ല.

എങ്ങനെ വളരുന്ന ചെടികൾ കർഷകനിൽ നിന്നും ആത്മാർത്ഥമായ പരിപാലനം വിത്തുവിതക്കുന്നതു മുതൽ അതിന്റെ വളർച്ചയുടെ ഓരോഘട്ടത്തിലും  കാലാവസ്ഥ മാറ്റത്തിനനുസരിച്ച്  പുഷ്പിക്കുമ്പോഴും കായ്കൾ ഉണ്ടാകുമ്പോഴും മറ്റും ധാരാളമായി സ്വീകരിക്കുന്നുവോ, അതുപോലെ നിർവ്വാണം ആഗ്രഹിക്കുന്ന വ്യക്തി ക്ഷമയോടും താല്പര്യത്തോടും കൂടി നിർവ്വാണം പ്രാപിക്കുന്നതിനുള്ള നിലം പാകപ്പെടുത്തി മൂന്നുവിധത്തിലുള്ള പരിശീലനങ്ങളിലൂടെ നിർവ്വാണം സാദ്ധ്യമാക്കിയെടുക്കണം.

2. നിർവ്വാണത്തിന്റെ പാതയിലുള്ള യാത്രയിൽ ഒരുവൻ സുഖസൗകര്യങ്ങളുടെ കാര്യത്തിൽ വളരെ ശ്രദ്ധയുള്ളവനും മനസ്സ് ആഗ്രഹങ്ങളുടെ സ്വാധീനത്താൽ കലുഷിതമായിരിക്കുകയും ചെയ്താൽ, ആ യാത്ര വളരെ വിഷമം നിറഞ്ഞതായിത്തീരും. ജീവിതസൗകര്യങ്ങളെ സാധാരണ രീതിയിൽ ആസ്വദിക്കുന്നതും, ശരിയായ പാത മനസ്സിലാക്കി അത് ആസ്വദിക്കുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

മുമ്പ് വിവരിച്ചതുപോലെ മനസ്സാണ് എല്ലാത്തിന്റെയും ഉറവിടം. മനസ്സ് ലൗകികജീവിതത്തെ മാത്രം ആസ്വദിക്കുവാൻ ശ്രമിക്കുകയാണെങ്കിൽ ദുഃഖവും മോഹഭംഗവും തീർച്ചയായും പിൻതുടരും, എന്നാൽ മനസ്സ് സത്യമായ പാതയിൽ സന്തുഷ്ടിയും സംതൃപ്തിയും കണ്ടെത്തുകയാണെങ്കിൽ തീർച്ചയായും നിർവ്വാണം സിദ്ധിക്കുവാൻ സാധിക്കും.

അതിനാൽ ആര് നിർവ്വാണം ആഗ്രഹിക്കുന്നുവോ അവർ മനസ്സിനെ ശുദ്ധമാക്കിവെക്കുവാൻ പഠിക്കണം, മാത്രമല്ല, മൂന്നു മാർഗ്ഗങ്ങളുമുപയോഗിച്ച് പരിശീലനം നടത്തുവാനും പഠിക്കണം. അവർ കാര്യങ്ങൾ അറിയുന്നരീതി നല്ലതുപോലെ മനസ്സിലാക്കുകയാണെങ്കിൽ അവർക്ക് വളരെയെളുപ്പം ഏകാഗ്രത കൈവരിക്കുവാൻ സാധിക്കും; ഏകാഗ്രത കൈവരിക്കുകയാണെങ്കിൽ സ്വാഭാവികമായും അവരിൽ പ്രജ്ഞ ഉരുവെടുക്കും; തുടർന്ന് പ്രജ്ഞ അവരെ നിർവ്വാണത്തിലേയ്ക്കും നയിക്കും.

തീർച്ചയായും ഈ മൂന്നു മാർഗ്ഗങ്ങൾ (കാര്യങ്ങൾ മനസ്സിലാക്കുന്നരീതി, ഏകാഗ്രത പരിശീലിക്കുന്ന രീതി, ബുദ്ധിപരമായ ഉൾക്കാഴ്ചയോടെ നിരിക്ഷിക്കുന്നരീതി) ആണ് ഒരുവനെ നിർവ്വാണത്തിലേയ്ക്ക് നയിക്കുന്നത്.

അവയെ വേണ്ടവിധം പിൻതുടരാതിരുന്നതിനാലാണ് മനുഷ്യൻ വളരെക്കാലമായി മോഹവലയത്തിന്റെ പിടിയിൽ പെട്ടുപോയത്. അതുമനസ്സിലാക്കിയവർ ഒരിക്കലും ഇക്കാര്യങ്ങളെക്കുറിച്ച് ലൗകികജീവിതമാഗ്രഹിക്കുന്നവരുമായി തർക്കിക്കരുത്. പക്ഷെ സ്വയം അവരുടെ ആന്തരികലോകത്തിൽ അവയെക്കുറിച്ച് തികഞ്ഞ ഏകാഗ്രതയോടെ ചിന്തിക്കുകയും ക്ഷമയോടെ ധ്യാനിക്കുകയും, തികഞ്ഞ പരിശുദ്ധമായ മനസ്സോടെ നിർവ്വാണത്തിനായി ശ്രമിക്കുകയും ചെയ്യണം.

3. ഈ മൂന്നുവിധത്തിലുള്ള പരിശീലനങ്ങളെ വീണ്ടും അപഗ്രഥിക്കുകയാണെങ്കിൽ അവ അഷ്ടാംഗമാർഗ്ഗങ്ങളെന്ന ആര്യമാർഗ്ഗങ്ങളെ വെളിപ്പെടുത്തുന്നതായിട്ടു കാണാം. അതിനോടൊപ്പം നാല് പ്രവർത്തനരീതികളെയും, നാല് വീക്ഷണങ്ങൾ, അഞ്ച് ശക്തികളുടെ ഉപയോഗം, ആറ് പരിശീലനങ്ങളുടെ പൂർണ്ണത എന്നിവ കണക്കിലെടുക്കണം

അഷ്ടാംഗ ആര്യസത്യങ്ങൾ എന്നുതുകൊണ്ടുദ്ദേശിക്കുന്നത് ശരിയായ വീക്ഷണം, ശരിയായ ചിന്ത, ശരിയായ സംസാരം, ശരിയായ പെരുമാറ്റം, ശരിയായ ജീവിതരീതി, ശരിയായ പരിശ്രമം, ശരിയായ മനസ്സാന്നിദ്ധ്യം, ശരിയായ ഏകാഗ്രത തുടങ്ങിയവയാണ്.

ശരിയായ വീക്ഷണമെന്നാൽ നല്ലവണ്ണം നാല് ആര്യസത്യങ്ങളെ മനസ്സിലാക്കുകയെന്നതാണ്, പ്രത്യക്ഷത്താലും ആഗ്രഹങ്ങളാലും വഞ്ചിതരാകാതെ ഭൗതികലോകത്തിൽ കാണുന്ന കാര്യകാരണ വ്യവസ്ഥയെ ശരിക്കും വിലയിരുത്തണം.

ശരിയായ ചിന്തയെന്നത് ആഗ്രഹങ്ങളുടെ പിന്നലെ പോകാതെ, ആ ആഗ്രഹങ്ങളെ പ്രീണിപ്പെടുത്തുവാൻ ശ്രമിക്കാതെ, അഹങ്കാരത്തിനും ദേഷ്യത്തിനും ഹിംസക്കും അടിമപ്പെടാതെയിരിക്കുന്നതിനെയാണ്.

ശരിയായ സംസാരമെന്നാൽ നുണ, വിഡ്ഢിത്വം, ശകാരം, ദ്വയാർത്ഥപ്രയോഗം, ശപിക്കൽ എന്നിവയിൽ ഏർപ്പെടാതെയിരിക്കുകയെന്നതാണ്.

ശരിയായ പെരുമാറ്റം എന്നത്, വ്യഭിചാരം, കളവ്, മോഷണം, ജീവനെ നശിപ്പിക്കൽ തുടങ്ങിയവയിൽ ഏർപ്പെടാതെയിരിക്കുകയെന്നതാണ്.

ശരിയായ ജീവിതരീതിയെന്നത് നാണക്കേടുണ്ടാക്കുന്ന രീതിയിൽ ജീവിക്കാതിരിക്കുകയെന്നതിലാണ്.

ശരിയായ ശ്രമം എന്നത് ഒരുവന്റെ ഉത്തമ പരിശ്രമം കൊണ്ട് ശരിയായ ലക്ഷ്യത്തെ പ്രാപിക്കുകയെന്നതാണ്.

ശരിയായ മനസ്സാന്നിദ്ധ്യം എന്നത് ശുദ്ധവും ചിന്താനിരതവുമായ മനോനില ഉണ്ടാക്കിയെടുക്കുകയെന്നതാണ്.

ശരിയായ ഏകാഗ്രതയെന്നത് മനസ്സിനെ ശരിയായ രീതിയിൽ ഏകാഗ്രതക്ക് സജ്ജമാക്കുന്ന രീതിയിൽ ശാന്തമായി വെക്കുകയും അതുമൂലം മനസ്സ് സ്വയം അതിന്റെ ശുദ്ധമായ അന്തസത്ത മനസ്സിലാക്കുകയും ചെയ്യുന്നതിനെയാണ് ഉദ്ദേശിക്കുന്നത്.

4. നാല് വീക്ഷണങ്ങൾ എന്നത്, ആദ്യമായി മനുഷ്യശരീരത്തെ അശുദ്ധമായി കാണുകയും, എല്ലാ ബന്ധനങ്ങളെയും തുടച്ചുമാറ്റുകയും ചെയ്യുകയെന്നത്; രണ്ടാമതായി, എല്ലാ ഇന്ദ്രിയങ്ങളും അവയ്ക്ക് സന്തോഷമോ ദുഃഖമോ നല്കുവാനുള്ള കാര്യങ്ങളെ ആശ്രയിക്കാതെ എല്ലാ ഭൗമവസ്തുക്കളെയും

ദുഃഖത്തിന്റെ ശ്രോതസ്സുകളായി കാണുകയെന്നതാണ്; മൂന്നാമതായി, മനസ്സിനെ എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതും എപ്പോഴും ഒരുതരം പ്രകമ്പനാവസ്ഥാവിശേഷമുള്ള ഒന്നായിക്കാണണം; നാലാമതായി, ഇപ്പോൾവരെ തുടങ്ങിവച്ച നല്ല കർമ്മങ്ങൾ നല്ലതുപോലെ തുടർന്ന് നടത്തുകയും അതിനെ പോഷിപ്പിക്കുകയും ചെയ്യുന്നത്. ഒരുവൻ ഈ നാല് കാര്യങ്ങളും ശ്രദ്ധയോടെയും അർപ്പണ ബുദ്ധിയോടെയും പിൻതുടരണം.

5. നാല് ശരിയായ പ്രവർത്തനരീതിയെന്നത്: ആദ്യമായി തിന്മ ആരംഭിക്കുന്നതിനുമുമ്പ് അതിനെ തടയുകയെന്നത്; രണ്ട്, തിന്മ

ആരംഭിക്കുകയാണെങ്കിൽ ഉടനെ തന്നെ അതിനെ മാറ്റുന്ന രീതി; മൂന്ന്, നന്മ ചെയ്യുവാൻ പ്രേരിപ്പിക്കുന്ന രീതി; നാലാമതായി, ആരംഭിച്ച നന്മയെ വളർത്തിയെടുക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രീതി. ഒരുവൻ ഈ നാല് രീതികളേയും നിരന്തരമായി പിൻതുടരണം.

6. അഞ്ച് ശക്തികളുടെ ഉറവിടമെന്നത്: ആദ്യമായി വിശ്വസിക്കുവാനുള്ള സന്നദ്ധത; രണ്ടാമതായി ശ്രമിക്കുവാനുള്ള താല്പര്യം; ജാഗരൂക്രായിരിക്കുവാനുള്ള സന്നദ്ധത; ഏകാഗ്രതയിലിരിക്കുവാനുള്ള മനസ്സിന്റെ കഴിവ്; അഞ്ചാമതായി പ്രജ്ഞയും സ്ഥിരബുദ്ധിയും നിലനിർത്തുവാനുള്ള കഴിവ്. ഈ അഞ്ച് ശക്തിയുടെ ഉറവിടങ്ങളും നിർവ്വാണം സിദ്ധിക്കുവാൻ അത്യാവശ്യ ഘടകങ്ങളാണ്.

7. നിർവ്വാണമാകുന്ന മറുകരയിലെത്തുന്നതിന് ആറ് പരിശീലനങ്ങൾ സ്വായത്തമാക്കി പ്രാവീണ്യം നേടണം: ദാനത്തിന്റെ വഴി, അറിവിനെ നിയന്ത്രിക്കുവാനുള്ള കഴിവിന്റെ വഴി, ശ്രമത്തിലൂടെ കാര്യങ്ങൾ സാധിക്കുവാനുള്ള വഴി, പരിശ്രമത്തിന്റെ വഴി, മനസ്സിന്റെ ഏകാഗ്രത നിലനിർത്തുവാനുള്ള കഴിവിന്റെ വഴി, അവസാനമായി പ്രജ്ഞയുടെ വഴി. ഈ വഴികൾ ശ്രദ്ധയോടുകൂടി പിൻതുടരുകവഴി ഒരുവന് മോഹങ്ങളുടെയും മായയുടെയും ഇക്കരയിൽനിന്ന് നിർവ്വാണത്തിന്റെ മറുകരയിലെത്തുവാൻ സാധിക്കും.

ദാനത്തിലൂടെ ലഭിക്കുന്ന പരിശീലനം ഒരുവനെ തന്നിലുള്ള സ്വാർത്ഥതയെ മാറ്റിയെടുക്കാൻ സഹായിക്കുന്നു; അറിവിനെ നിയന്ത്രിക്കുവാനുള്ള കഴിവ് ഒരുവനെ മറ്റുള്ളവരുടെ സുഖസൗകര്യങ്ങളെക്കുറിച്ച് ബോധവാനാക്കുന്നു.
ശ്രമത്തിലൂടെ കാര്യങ്ങൾ സാധിക്കുവാനുള്ള വഴി ഒരുവനെ ദേഷ്യം നിറഞ്ഞതും ഭയചകിതവുമായ മനസ്സിനെ നിയന്ത്രണ വിധേയമാക്കുവാൻ ശീലിപ്പിക്കുന്നു; പരിശ്രമത്തിന്റെ വഴി ഒരുവനെ ജാഗരൂകനും വിശസ്ഥനുമാക്കുവാൻ സഹായിക്കുന്നു; ഏകാഗ്രതയുടെ പരിശീലനം ഒരുവനെ അവന്റെ മനസ്സിൽ നടക്കുന്ന അലസമായ ചിന്തകളുടെ മേൽ നിയന്ത്രണം ഉണ്ടാക്കുവാൻ സഹായിക്കുന്നു; പ്രജ്ഞയുടെ പരിശീലനരീതി ഒരുവനെ അവന്റെ മനസ്സിൽ നിന്ന് എല്ലാഇരുളുകളെയും മാറ്റി അറിവിന്റെയും സ്വയബോധത്തിന്റെയും ഉൾവെളിച്ചം തെളിച്ചുകാണിക്കുന്നു.

ദാനവും അറിവിനെ നിയന്ത്രിക്കുവാനുള്ള കഴിവും ഒരുവലിയ കൊട്ടാരം നിർമ്മിക്കുന്നതിനുള്ള അസ്ഥിവാരം ആദ്യം തന്നെ ഉറപ്പിക്കുന്നു. കാര്യങ്ങൾ സാധിക്കുന്നതിനുള്ള കഴിവും പരിശ്രമത്തിന്റെയും വഴി ആ കൊട്ടാരത്തിന്റെ

ഭിത്തികളായി ശത്രുക്കളിൽ നിന്ന് ആ സൗധത്തെ സംരക്ഷിക്കുന്നു. ഏകാഗ്രതയും പ്രജ്ഞയും ഒരുവന്റെ കൈയ്യിലുള്ള ആയുധങ്ങളെപ്പോലെ ഒരുവന്റെ ഉപയോഗിക്കുവാനുള്ള പ്രാവീണ്യം അനുസരിച്ച് ജീവിതത്തിനും മരണത്തിനുമിടയിൽ അവനെ സഹായിക്കുന്നു.

ഒരുവൻ അവസരത്തിനനുസരിച്ച് അല്ലെങ്കിൽ കൊടുക്കുന്നതാണ് നല്ലതെന്നു കരുതി ഒരു ദാനമോ സമ്മാനമോ നല്കുന്നുവെങ്കിൽ അതിനെ ഒരു യഥാർത്ഥ ദാനമെന്ന് പറയുവാൻ സാധിക്കുകയില്ല. ഒരു യഥാർത്ഥ ദാനമെന്നത് ഒരുവന്റെ അനുകമ്പയുടെയും സ്നേഹത്തിന്റെയും ഒരു പ്രതിഫലനമാണ്, അത് ആരും ചോദിച്ചിട്ട് നല്കപ്പെടുന്നതല്ല, മാത്രമല്ല അങ്ങനെയുള്ളവർ അത്തരം ദാനം ഒരു ചുമതലപോലെ എപ്പോഴും ചെയ്തുകൊണ്ടിരിക്കും.

അതൊരിക്കലും ഒരു യഥാർത്ഥ ദാനമാകുന്നില്ല. എപ്പോൾ ദാനം പേരിനും പ്രശസ്തിക്കും വേണ്ടിയോ അല്ലെങ്കിൽ ഒരുവൻ നഷ്ടബോധത്തോടെ കൊടുക്കുകയോ ചെയ്യുമ്പോൾ. ശരിയായ ദാനം ഒരുവൻ സന്തോഷത്തോടുകൂടി കൊടുക്കുന്നത് അവൻ തന്നെയാണെന്നുള്ള വസ്തുത മറന്നും അതുവാങ്ങുന്നവൻ ഒരു പുരസ്കാരം സ്വീകരിക്കുന്ന ലാഘവത്തോടെ സ്വീകരിക്കുമ്പോൾ മാത്രമാണ്.

ശരിയായ ദാനം സ്വാഭാവികമായി ഒരുവൻ അവന്റെ കാരുണ്യം നിറഞ്ഞ മനസ്സോടെ ഒരു അനന്തര ഫലവും പ്രതീക്ഷിക്കാതെ നിർവ്വാണം കൊടുക്കുന്നവനും വാങ്ങുന്നവനും ഒരുപോലെ ലഭിക്കണം എന്ന് ഇച്ഛിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്.

വളരെ സാധാരണക്കാർക്കുപോലും ചെയ്യാവുന്ന ദാന പ്രവർത്തികൾ ഏഴുവിധമുണ്ട്: ഒന്നാമതായി ശാരീരികമായി നല്കാവുന്നവ. ഒരുവൻ വേല ചെയ്തുകൊടുത്തുകൊണ്ട് സേവനം ദാനം ചെയ്യുന്നരീതി; അതിന്റെ ഏറ്റവും ശ്രേഷ്ഠമായ രീതിയെന്നത് ഒരുവൻ അവന്റെ ജീവൻ തന്നെ ദാനമായി നല്കുന്നരീതിയാണ്. അത് ഇനിവരുന്ന കഥയിൽ വിവരിച്ചിട്ടുണ്ട്. രണ്ടാമത്തേത് ആത്മീയ ദാനമാണ്. ഇത് കരുണാദ്രമായ പെരുമാറ്റവും പ്രവർത്തികളും

മറ്റുള്ളവർക്കുവേണ്ടി നല്കുമ്പോഴാണ്. മൂന്നാമത്തേത്, കണ്ണുകളെക്കൊണ്ട് ദാനം ചെയ്യിപ്പിക്കുകയെന്നത്.

ഇത് സ്നേഹാദ്രമായ നോട്ടം ഒരുവൻ മറ്റുള്ളവർക്ക് കൊടുക്കുകയും അതിന്റെ ഫലമായി അതുസ്വീകരിക്കുന്നവന് സമാധാനവും ശാന്തിയും അനുഭവപ്പെടുമ്പോഴാണ്. നാലാമതായി നല്ല പ്രസന്നമായ മുഖത്തോടെ എല്ലാവരേയും അഭിമുഖികരിക്കുകയെന്നതാണ്. എന്നുവെച്ചാൽ വളരെ പ്രസന്നവും പുഞ്ചിരി നിറഞ്ഞതുമായ മുഖത്തോടെ എല്ലാവരേയും സ്വാഗതം ചെയ്യുകയെന്നതാണ്. അഞ്ചാമത്തേത് വാക്കുകൊണ്ടുള്ള ദാനമാണ്. ഇത് ശാന്തമായി മറ്റുള്ളവരെ അലോസരപ്പെടുത്താതെ സംസാരിക്കുകയെന്നതാണ്. ആറാമത്തേത് സ്വന്തം ഇരിപ്പിടം മറ്റൊരുവന് ദാനം ചെയ്യുകയെന്നതാണ്. ഇത് ഒരുവന്റെ ഇരിപ്പിടം മറ്റുള്ളവർക്ക് ഇരിക്കാൻ കൊടുക്കുന്നതാണ്. ഏഴാമത്തെ ദാനമെന്നത് താമസിക്കുവാൻ സ്ഥലം നല്കുകയെന്നതാണ്. ഇത് ഒരു രാത്രി ഒരുവന് തന്റെ വീട്ടിൽ ഉറങ്ങുവാൻ ഇടം നല്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുമ്പോഴാണ്. ഇത്തരം പുണ്യദായകമായ ദാനങ്ങൾ ആർക്കും ദൈനംദിന ജീവിതത്തിൽ എപ്പോൾ വേണമെങ്കിലും ചെയ്യാം.

8. ഒരിടത്ത് സത്തവ എന്ന പേരിൽ ഒരു രാജകുമാരൻ ഉണ്ടായിരുന്നു. ഒരു ദിവസം അവനും അവന്റെ മൂത്ത സഹോദരനും കാട്ടിൽ കളിക്കാൻ പോയി. അവർ അവിടെ വിശന്നു വലയുന്ന ഒരു പെൺപുലിയെക്കണ്ടു. അവൾ അവളുടെ ഏഴ് കുട്ടികളെയും വിശപ്പടക്കുവാനായി ഒരേയടിയിൽ തിന്നുകളയും എന്നപോലെ ഒരു സാഹചര്യം വരുന്നതായി കണ്ടു.

അതുകണ്ട മൂത്ത സഹോദരൻ ഭയപ്പെട്ട് അവിടെനിന്ന് ഓടി, എന്നാൽ സത്തവ ഒരു മലമുകളിൽ കയറിനിന്ന ശേഷം ആ പുലിയുടെ മേലേക്ക് ചാടി വീണു.

രാജകുമാരൻ സത്തവ അപ്പോൾതന്നെ പൊടുംന്നനെ ഇങ്ങനെയൊരു പുണ്യപ്രവൃത്തി ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിച്ചു, അവൻ സ്വയം ഇങ്ങനെ പറഞ്ഞു: '' ഈ ശരീരം മാറിക്കൊണ്ടിരിക്കുന്നതും അനിത്യവുമാണ്. ഞാൻ ഈ ശരീരത്തെ വളരെയധികം സ്നേഹിച്ചിരുന്നു, ഒരിക്കലും നശിപ്പിക്കണമെന്ന് ചിന്തിച്ചിട്ടുപോലുമില്ല. എന്നാൽ ഞാൻ ഇപ്പോൾ ഈ പെൺപുലിക്ക് അവളുടെ വിശപ്പടക്കാനായി ഇത് നല്കുകയാണ് അങ്ങനെ എനിക്ക് നിർവ്വാണം പ്രാപിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.'' ഈ രീതിയിൽ ഉറച്ചതും ദൃഢമായതുമായ തീരുമാനമെടുത്ത രാജകുമാരൻ സത്തവയുടെ ചിന്ത യഥാർത്ഥത്തിലുള്ള നിർവ്വാണം സാധിക്കുവാനുള്ള ആഗ്രഹത്തിന്റെ ഉദാഹരണമായി കാണാം.

9. നിർവ്വാണം കാംക്ഷിക്കുന്ന വ്യക്തി പരിമിതികളില്ലാത്ത നാല് മാനസികാവസ്ഥകളെ തന്നിൽ പ്രിയപ്പെട്ടതായി വളർത്തിയെടുക്കണം. അവ: കാരുണ്യം, മൃദുല സ്വഭാവം, സന്തോഷം, സമചിത്തത തുടങ്ങിയവയാണ്. കാരുണ്യത്തെ പിൻതുടരുക വഴി ഒരുവന് അഹങ്കാരത്തിന്റെ സ്വാധീനത്തിൽ നിന്ന് മോചിതനാകുവാൻ സാധിക്കും; മൃദുലമായ പെരുമാറ്റരീതികൾകൊണ്ട് ഒരുവന് ദേഷ്യത്തിൽ നിന്ന് മോചനം സാധ്യമാക്കാം; സന്തോഷം ഉണ്ടാകുമ്പോൾ ദുഃഖം മാറിപ്പോകും; മനസ്സിന്റെ സമചിത്തതയിൽക്കൂടി ഒരുവന് ബന്ധുക്കളെയും ശത്രുക്കളെയും തരംതിരിച്ചുകാണുന്ന മാനസികാവസ്ഥയിൽ നിന്ന് മോചിതനാകുവാൻ സാധിക്കും.

മനുഷ്യരെ സംതൃപ്തിയുള്ളവരും സന്തോഷമുള്ളവരുമാക്കുവാൻ പ്രേരിപ്പിക്കുന്നത് ഒരു മഹാകാരുണ്യത്തിന്റെ പ്രവർത്തനം മൂലമാണ്; ഒരു നിസ്സീമമായ മൃദുലതയാണ് മനുഷ്യനെ അസംതൃപ്തിയും, ദുഃഖവുമുണ്ടാക്കുന്ന എല്ലാ കാരണങ്ങളെയും മാറ്റുന്നത്; അതുപോലെ ഒരു മഹാസന്തോഷമാണ് സന്തോഷം നിറഞ്ഞ മനസ്സിനെ ഉണർത്തി എല്ലാവരെയും തൃപ്തിയിലും സന്തോഷത്തിലും ജീവിക്കുവാൻ പ്രേരിപ്പിക്കുന്നത്.

അങ്ങനെ എല്ലാവരും സന്തോഷവന്മാരാകുമ്പോൾ നിലനിൽക്കുന്നതും പരിധികളില്ലാത്തതുമായ ഒരു ശാന്തി നിലവിൽ വരും; തുടർന്ന് ഒരുവന് എല്ലാറ്റിനോടും തുല്യവും സമചിത്തതയിൽ അധിഷ്ഠിതവുമായ ഒരു വൈകാരിക അടുപ്പം ഉണ്ടാകും.

വളരെ ശ്രദ്ധയോടുകൂടി ഒരുവൻ ഈ നാല് ഉത്തമങ്ങളായ മാനസികാവസ്ഥകളെ പരിപോഷിപ്പിച്ചെടുക്കണം, അങ്ങനെ ഒരുവനാൽ അഹങ്കാരം, ദ്വേഷ്യം, ദുഃഖം, മിത്ര-ശത്രുഭേദങ്ങൾ തുടങ്ങിയവ മാറ്റിയെടുക്കുവാൻ സാധിക്കും, എന്നാൽ ഇത് അത്ര സുലഭമായ കാര്യമല്ല. തിന്മനിറഞ്ഞതും ദുഷ്ടവാസനകൾ നിറഞ്ഞതുമായ ഒരു മനസ്സിനെ മാറ്റിയെടുക്കുകയെന്നത് ഒരു കാവൽ നായയെ താണ്ടുന്നതിലും ദുഷ്കരമാണ്; അതുപോലെ ശുദ്ധമായ ഒരു മനസ്സിനെ കാട്ടിലെ മാൻപേടയെപ്പോലെ നഷ്ടപ്പെടുവാൻ വളരെയെളുപ്പമാണ്. അതുമല്ലെങ്കിൽ ദുഷ്ടതനിറഞ്ഞ മനസ്സിനെ കല്ലിൽ എഴുതിയ അക്ഷരങ്ങൾപോലെ മായ്ക്കുവാൻ വളരെ പ്രയാസമാണ്. നന്മനിറഞ്ഞമനസ്സിനെ വെള്ളത്തിലെഴുതിയ അക്ഷരങ്ങൾപോലെ എളുപ്പം മായ്ക്കുവാൻ സാധിക്കും. തീർച്ചയായും ജീവിതത്തിലെ ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യം ഒരുവൻ നിർവ്വാണത്തിലേയ്ക്കുള്ള പാത പിൻതുടരുകയെന്നതാണ്.

10. ഒരിക്കൽ ശ്രോണയെന്നുപേരുള്ള ഒരു യുവാവുണ്ടായിരുന്നു. അയാൾ ധനികനായിരുന്നെങ്കിലും വളരെ മോശമായ ആരോഗ്യപ്രശ്നങ്ങളുമുള്ളവനായിരുന്നു. എന്നാലും അവൻ നിർവ്വാണം സ്വീകരിക്കുന്നതിൽ ശ്രദ്ധാലുവായി ബുദ്ധശിഷ്യനായി മാറുകയും ചെയ്തു. നിർവ്വാണം സാധിക്കുന്നതിനായി അവൻ കഠിനപ്രയത്നം നടത്തുകയും തുടർന്ന് അവന്റെ കാലുകൾക്ക് പരിക്കേല്ക്കുകയും ചെയ്തു.

ബുദ്ധന് അവനോട് കരുണ തോന്നി ഇങ്ങനെ പറഞ്ഞു: '' ശ്രോണ എന്റെ കുട്ടി, നീ എപ്പോഴെങ്കിലും വീട്ടിൽവെച്ച് വീണ വായിച്ചിട്ടുണ്ടോ? നിനക്കറിയാമോ വീണ ഒരിക്കലും അതിന്റെ കമ്പികൾ അധികം മുറുകിയിരുന്നാലോ അല്ലെങ്കിൽ വളരെ അയഞ്ഞിരുന്നാലോ സംഗീതം ഉണ്ടാക്കുകയില്ല; വീണയിൽ നിന്നുള്ള സംഗീതം സുന്ദരവും കർണ്ണാന്ദവുമാകുന്നത് അതിന്റെ കമ്പികൾ ആവശ്യത്തിന് മുറുകിയിരിക്കുമ്പോൾ മാത്രമാണ്.''

''നിർവ്വാണം പ്രാപിക്കുന്നതിനുള്ള പരിശീലനങ്ങളും അതുപോലെയാണ് വീണയുടെ കമ്പികൾപോലെ അത് ശരിയായി മുറുക്കികെട്ടണം. നിന്റെ മനസ്സാകുന്ന കമ്പികളെ വളരെ മുറുക്കികെട്ടിയാലും വളരെ അയച്ചു കെട്ടിയാലും നിർവ്വാണം സാധിക്കുവാൻ ബുദ്ധിമുട്ടനുഭവപ്പെടും. അതുകൊണ്ട് നിന്റെ പ്രവർത്തനങ്ങളെ പുനഃപരിശോധിക്കുകയും സമചിത്തതയോടെ പ്രവർത്തിക്കുകയും ചെയ്യണം.''

ഈ വാക്കുകളുടെ സൂക്ഷ്മാർത്ഥം മനസ്സിലാക്കിയ ശ്രോണ അതനുസരിച്ച് തന്റെ പരിശീലനരീതിയെ മാറ്റുകയും തുടർന്ന് ഉദ്ദേശിച്ച കാര്യം സാധിക്കുകയും ചെയ്തു.

11. ഒരിക്കൽ അഞ്ച് ആയുധങ്ങൾ സൂക്ഷ്മമായും കൃത്യമായും കൈകാര്യം ചെയ്യാനറിയാവുന്ന ഒരു രാജകുമാരനുണ്ടായിരുന്നു. ഒരുദിവസം അയാൾ തന്റെ പരിശീലനം കഴിഞ്ഞ് വീട്ടിലേയ്ക്ക് തിരിക്കുമ്പോൾ വഴിയിൽ വളരെ കഠിനമായ തോലുള്ള ഒരു വലിയ രക്ഷസ്സിനെ കണ്ടു.

ആ രക്ഷസ് കുമാരനെ നോക്കി അടുത്തേയ്ക്ക് വന്നു, പക്ഷെ അവൻ അതിനെക്കണ്ട് ഭയപ്പെട്ടില്ല. അവൻ ഒരു അമ്പ് ആ രാക്ഷസനെ നോക്കി എയ്തു, പക്ഷെ ഒരു ഫലവുമുണ്ടായില്ല. അടുത്തതായി ഒരു കുന്തം അതിനെനോക്കി എറിഞ്ഞു; ആ കുന്തത്തിനും ആ രക്ഷസ്സിന്റെ തോലിന്റെ കട്ടിയെ ഭേദിക്കാനായില്ല. അതിനുശേഷം കുമാരൻ വളരെ വിശേഷമായ മൂർച്ചയുള്ള ഒരു കുന്തം ആ സത്വത്തിനെ നോക്കി തൊടുത്തുവിട്ടു അതിനും ഒരു സവിശേഷ ഫലവും ഉണ്ടാക്കാൻ സാധിച്ചില്ല. അവൻ വാളുപയോഗിച്ചു പക്ഷെ, ആ വാൾ ഒടിയുഞ്ഞു പോയി. ആ കുമാരൻ തന്റെ കൈകളും കാലുകളും മുഷ്ടിയും മറ്റുമുപയോഗിച്ച് ആക്രമിച്ചുവെങ്കിലും അതിലൊന്നും യാതൊരു ഫലവുമുണ്ടായില്ല. ആ രക്ഷസ് തന്റെ ഭീമാകാരങ്ങളായ കൈകൾ ഉപയോഗിച്ച് ആ രാജകുമാരനെ പൊക്കിയെടുത്തു. എന്നിട്ടും രാജകുമാരൻ കീഴടങ്ങാതെ തന്റെ തലയുപയോഗിച്ച് ആക്രമിക്കുവാൻ തുടങ്ങി.

അ രക്ഷസ് ഇങ്ങനെ പറഞ്ഞു: '' നീ കീഴടങ്ങാതെയിരിക്കുന്നതിൽ അർത്ഥമില്ല ഞാൻ ഇപ്പോൾ നിന്നെ വിഴുങ്ങുവാൻ പോകുകയാണ്. '' എന്നാൽ, രാജകുമാരൻ ഇങ്ങനെ പറഞ്ഞു: '' നീ വിചാരിക്കുന്നുണ്ടാകും ഞാൻ എന്റെ കൈയ്യിലുള്ള എല്ലാ ആയുധങ്ങളും ഉപയോഗിച്ചു കഴിഞ്ഞുവെന്നും ഞാൻ നിസ്സഹായനാണെന്നും, എന്നാൽ എന്റെ കൈയ്യിൽ അവസാനമായി ഒരു ആയുധമുണ്ട്. നീയെന്നെ വിഴുങ്ങുകയാണെങ്കിൽ ഞാൻ നിന്റെ വയറ്റിനുള്ളിൽ ചെന്ന് ആ ആയുധം ഉപയോഗിക്കും.''

രാജകുമാരന്റെ ഈ ആത്മധൈര്യം ആ രക്ഷസിനെ കുറച്ച് അലോസരപ്പെടുത്തി. മറുപടിയായി അത് ഇങ്ങനെ ചോദിച്ചു: '' എങ്ങനെയാണ് നിനക്ക് അതുചെയ്യുവാൻ സാധിക്കുന്നത്?'' രാജകുമാരൻ പറഞ്ഞു: '' സത്യത്തിന്റെ ശക്തികൊണ്ട് എനിക്കതു സാധിക്കും''

അതുകേട്ട ആ രക്ഷസ് കുമാരനെ തന്റെ പിടിയിൽ നിന്ന് മോചിപ്പിക്കുകയും, കുമാരനോട് സത്യത്തിനെപ്പറ്റിയുള്ള ഉപദേശം നൽകുവാൻ ആവശ്യപ്പെടുകയും ചെയ്തു.

ഈ കഥ നല്കുന്ന പാഠം ശിഷ്യന്മാരെ അവരുടെ ശ്രമത്തിൽ ഉത്സാഹപ്പെടുത്തുവാനും പരാജയങ്ങളെക്കണ്ട് ഭയപ്പെടാതിരിക്കുവാൻ കൂടിയാണ്.

12. ക്രമാതീതമായ ആത്മാഭിമാനവും അതുപോലെതന്നെ ലജ്ജകലർന്ന വിമുഖതയും മനുഷ്യന് യാതൊരു പ്രയോജനവും ചെയ്യുന്നില്ല, പക്ഷെ ലജ്ജിക്കുന്നതും അപമാനപ്പെടുന്നതും ഒരു മനുഷ്യനെ കാത്തുസൂക്ഷിക്കുന്നു. സാധരണയായി മനുഷ്യർ അവരുടെ മാതാപിതാക്കന്മാർ, മുതിർന്നവർ, സഹോദരി സഹോദരങ്ങൾ എന്നിവരെ ബഹുമാനിക്കുന്നു, കാരണം അവർ ലജ്ജയെയും അപമാനത്തെയും ഭയപ്പെടുന്നു. എന്നാൽ ശരിയായ ചിന്തയിലൂടെ അപമാനിക്കപ്പെടും എന്ന മിഥ്യാബോധത്തിൽ നിന്ന് ഒരുവന് മാറിനിൽക്കുവാനും, മറ്റുള്ളവരുടെ മോശമായ പ്രവൃത്തികൾ കണ്ട് ലജ്ജിക്കുവാനും സാധിക്കും.

ഒരുവന് പശ്ചാത്തപിക്കുന്ന ഹൃദയമുണ്ടെങ്കിൽ അവന്റെ പാപങ്ങൾ അപ്രത്യക്ഷിതമാകും, എന്നാൽ പശ്ചാത്തപിക്കാത്ത മാനസികഭാവം വെച്ചുപുലർത്തുന്നവന്റെ പാപങ്ങൾ തുടരുകയും അവൻ ശപിക്കപ്പെട്ടവനായി തീരുകയും ചെയ്യും.

ആര് യഥാർത്ഥ ഉപദേശങ്ങളുടെ അന്തസത്ത ശരിക്കും ഉൾക്കൊള്ളുകയും അതിന്റെ അർത്ഥം മനസ്സിലാക്കുകയും അവനവനെത്തന്നെ അതുമായി താരതമ്യപ്പെടുത്തുകയും ചെയ്യുമ്പോൾ മാത്രമെ അവന് അതിൽ നിന്ന് യഥാർത്ഥ ഫലം ലഭിക്കുകയുള്ളു.

ഒരുവൻ യഥാർത്ഥ ഉപദേശങ്ങൾ അറിയുകയും എന്നാൽ അത് ജീവിതത്തിൽ പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അവൻ അവന്റെ നിർവ്വാണം സിദ്ധിക്കുന്നതിനുള്ള ശ്രമത്തിൽ പരാജയപ്പെട്ടുവെന്ന് തന്നെ കരുതണം.

വിശ്വാസം, എളിമ, വിനയം, പരിശ്രമം, പ്രജ്ഞ തുടങ്ങിയ ഗുണങ്ങൾ നിർവ്വാണം ആഗ്രഹിക്കുന്ന ഒരുവന് വലിയ ശക്തിയുടെയും ആത്മവിശ്വാസത്തിന്റെയും സ്രോതസ്സുകളായി പ്രവർത്തിക്കുന്നു. ഇതിൽ ഏറ്റവും പ്രധാനമായത് പ്രജ്ഞ അല്ലെങ്കിൽ ഗ്രഹിക്കുവാനുള്ള ശക്തിയാണ്, മറ്റുള്ളവ ആ ശക്തിയുടെ മറ്റ് അംഗങ്ങളാണ്. ഒരു മനുഷ്യൻ അവന്റെ പരിശീലന സമയത്ത്, ലൗകികജീവിതത്തെ അത്യധികം സ്നേഹിക്കുകയോ, വ്യർത്ഥവും അനാവശ്യവുമായ സംഭാഷണത്തിൽ അതിയായ താല്പര്യം കാണിക്കുകയോ, അല്ലെങ്കിൽ പരിശീലന സമയത്ത് ഉറക്കത്തിലേക്ക് സ്വയം തെന്നിമാറുകയോ ചെയ്യുകയാണെങ്കിൽ, അവൻ നിർവ്വാണത്തിനുവേണ്ടിയുള്ള പരിശീലനങ്ങളിൽ നിന്ന് പിൻതിരിയണം.

13. ഈ പരിശീലനങ്ങളാൽ ചിലർ ചില സമയങ്ങളിൽ വളരെപ്പെട്ടെന്ന് മറ്റുള്ളവരെക്കാൾ വിജയം കൈവരിച്ചെന്നുവരാം. എന്നാൽ ഒരുവൻ ഒരിക്കലും അങ്ങനെ മറ്റുള്ളവർ സാധ്യമാക്കുന്ന വിജയം കണ്ട് സ്വന്തം പരിമിതികളെ ഒരു പോരായ്മയായി നിർണ്ണയിച്ച് പിന്മാറിപോകരുത്.

ഒരു മനുഷ്യൻ അമ്പെയ്ത് പരിശീലിക്കുകയാണെങ്കിൽ അവന് വളരെ വേഗം പുരോഗതിയുണ്ടാക്കുവാൻ സാധിക്കുകയില്ല; പക്ഷെ, അവൻ ക്ഷമയോടെ പരിശീലിക്കുകയാണെങ്കിൽ ദിവസം ചെല്ലുംതോറും അവന്റെ സൂക്ഷ്മതകൂടി വരുകയും സാവധാനം അവൻ അമ്പെയ്ത്തിൽ നിപുണത നേടി വിജയം കൈവരിക്കുകയും ചെയ്യും. ഒരു നദി ഒരു ചെറിയ ഉറവയിൽ നിന്നാണ് ആരംഭിക്കുന്നത്, അത് സാവധാനം വലുതായി വളർന്ന് വികസിച്ച് അവസാനം ഒരു സാഗരത്തിൽ ചെന്ന് പതിക്കുന്നു.

ഈ ഉദാഹരണങ്ങളിൽ വിവരിച്ചപോലെ ഒരു മനുഷ്യൻ ശ്രദ്ധയോടും അർപ്പണ ബുദ്ധിയോടും കൂടി തന്റെ പരിശീലനം നടത്തുകയാണെങ്കിൽ, അവൻ തീർച്ചയായും നിർവ്വാണം എന്ന തന്റെ ലക്ഷ്യത്തെ പ്രാപിക്കും.

മുമ്പുവിവരിച്ചപോലെ ഒരുവൻ അവന്റെ കണ്ണുകൾ തുറന്നുവെക്കുകയാണെങ്കിൽ, അവൻ എല്ലായിടത്തും ബുദ്ധോപദേശങ്ങളുടെ മൂല്യങ്ങൾകാണും, അതുകൊണ്ട് അവന്റെ നിർവ്വാണം സാധിക്കുന്നതിനുള്ള വഴികൾ അന്തമില്ലാതെ നിലനിൽക്കുന്നു.

ഒരിക്കൽ ഒരുവൻ ഒരു ചന്ദനത്തിരി കത്തിക്കുകയായിരുന്നു. അവൻ അല്പംകഴിഞ്ഞപ്പോൾ മനസ്സിലാക്കി അതിന്റെ സുഗന്ധം വരുകയോ പോകുകയൊ ചെയ്യുന്നില്ല, അത് പ്രത്യക്ഷമാകുകയോ അപ്രത്യക്ഷമാകുകയോചെയ്യുന്നില്ല. ഈ വിചിത്രമായ വസ്തുത മനസ്സിലാക്കുക വഴി അവൻ നിർവ്വാണത്തിലേക്ക് നയിക്കപ്പെട്ടു.

ഒരിക്കൽ ഒരു മനുഷ്യന്റെ കാലിൽ ഒരു മുള്ള് തറച്ചു. അതിനെതുടർന്ന് അയാൾ കഠിനമായ വേദന അനുഭവിച്ചു; ഈ സംഭവം അയാളെ ഇങ്ങനെ ചിന്തിക്കുവാൻ പ്രേരിപ്പിച്ചു, വേദനയെന്നത് മനസ്സിന്റെ പ്രതികരണത്തെ ആസ്പദമാക്കിയുള്ള ഒരവസ്ഥ മാത്രമാണ്.

ഈ സംഭവത്തിനു ശേഷം ഒരു ഗാഢമായചിന്ത അയാളിൽ ഉണ്ടായി, മനസ്സിനെ ഈ വേദനാവസ്ഥയിൽ നിയന്ത്രിച്ചില്ലെങ്കിൽ അത് നിയന്ത്രാണതീതമായി പോകും, എന്നാൽ ഒരുവന് ഈ വേദനാവസ്ഥയെ മനസ്സാന്നിദ്ധ്യത്തോടെ തരണം ചെയ്യുവാൻ സാധിച്ചാൽ അവന് മനസ്സിനെ ശുദ്ധമാക്കിയെടുക്കുവാൻ സാധിക്കും. ഈ ചിന്തകളിൽ നിന്ന് കുറച്ച് സമയം കഴിഞ്ഞപ്പോൾ അയാൾക്ക് നിർവ്വാണം സംഭവിച്ചു.

വളരെ ദൃഢമായ ആഗ്രഹങ്ങളുള്ള മറ്റൊരു മനുഷ്യനുണ്ടായിരുന്നു. ഒരു ദിവസം അയാൾ തന്റെ അഹങ്കാരം നിറഞ്ഞ മനസ്സിനെപ്പറ്റി ചിന്തിക്കുകയായിരുന്നു. അപ്പോൾ അയാൾക്ക് മനസ്സിലായി അയാളുടെ അത്യാഗ്രഹം നിറഞ്ഞ ചിന്തകളുടെ അവസ്ഥാന്തരങ്ങളും പരിണാമങ്ങളും വളരെപ്പെട്ടെന്ന് പ്രജ്ഞ അല്ലെങ്കിൽ സ്ഥിരബുദ്ധിയുടെ പ്രഭാവത്തിൽ എരിഞ്ഞു

പോകുന്നവമാത്രമാണ്. അതായിരുന്നു അയാളെ നിർവ്വാണം പ്രാപിക്കുന്നതിന് യഥാർത്ഥത്തിൽ സഹായിച്ച ചിന്ത.

ഒരു പഴഞ്ചൊല്ലുണ്ട്: ''നിന്റെ മനസ്സിനെ സമചിത്തതയിൽ നിർത്തൂ, സമചിത്തതയിലൂടെ ഈ ലോകം മുഴുവനും സമവീക്ഷണത്തിന്റെ പരിധിയിൽ വരും.'' ഈ വാക്കുകളെ പിൻപറ്റൂ. ഈ ലോകത്തിലുള്ള എല്ലാ വ്യത്യാസങ്ങളും അപക്വവും, പക്ഷാഭേദപരവുമായ ചിന്തയിൽ നിന്നാണ് ഉത്ഭവിക്കുന്നത്.. അതുകൊണ്ട് നിർവ്വാണത്തിലേയ്ക്ക് ഒരു മാർഗ്ഗമുണ്ട്, ഈ വാക്കുകളിൽ നിന്നുതന്നെ നിർവ്വാണത്തിലേയ്ക്കുള്ള വഴികൾ നിരവധിയാണെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

## III
## വിശ്വാസത്തിന്റെ മാർഗ്ഗങ്ങൾ

1. ആര് ബുദ്ധന്റെ മൂന്ന് അമൂല്യനിധികളായ ബുദ്ധം, ധർമ്മം, സംഘം എന്നിവയിൽ അഭയംതേടുന്നുവോ അവരെ ബുദ്ധന്റെ യഥാർത്ഥ അനുയായികൾ എന്ന് വിളിക്കുന്നു. ബുദ്ധശിഷ്യന്മാർ നാല് വിധത്തിലുള്ള മനോനിയന്ത്രണ മാർഗ്ഗങ്ങളായ അറിവ്, വിശ്വാസം, ദാനം, പ്രജ്ഞ എന്നിവ പരിശീലിക്കുന്നു.

ബുദ്ധശിഷ്യന്മാർ അഞ്ച് അറിവുകൾ പരിശീലിക്കുന്നു. അവ, കൊല്ലാതിരിക്കുക, കളവ് നടത്താതിരിക്കുക, വ്യഭിചാരം ചെയ്യാതിരിക്കുക, നുണപറയാതിരിക്കുക, മദ്യസേവയും മയക്കുമരുന്നും ഉപയോഗിക്കാതിരിക്കുക തുടങ്ങിയവയാണ്.

ബുദ്ധശിഷ്യന്മാർക്ക് ബുദ്ധന്റെ പരമമായ പ്രജ്ഞയിൽ വിശ്വാസമുണ്ട്. അവർ അതുമൂലം അത്യാഗ്രഹത്തിൽ നിന്നും സ്വാർത്ഥതയിൽ നിന്നും മോചിതരായി ദാനത്തിന്റെ പാത പിൻതുടരുന്നു. അവർ കാര്യകാരണ വ്യവസ്ഥിതിയുടെ അർത്ഥം ശരിക്കും മനസ്സിലാക്കുകയും, ജീവിതത്തിന്റെ നൈമിഷികാവസ്ഥയെക്കുറിച്ച് ഉൾക്കാഴ്ച്ചയുണ്ടാക്കുകയും പ്രജ്ഞയുടെ രീതികളോട് ഉറച്ച വിധേയത്വം പ്രകടിപ്പിക്കുകയും ചെയ്യുന്നു.

കിഴക്കോട്ട് ചാഞ്ഞുനിൽക്കുന്ന ഒരു മരം സാധരണയായി കിഴക്കുദിശയിലേയ്ക്ക് മറിയുവാനെ സാധ്യതയുള്ളു, അതുപോലെ ബുദ്ധോപദേശങ്ങൾ ശ്രവിക്കുന്ന ഒരു മനുഷ്യൻ അതിൽ വിശ്വാസമുറപ്പിക്കുകയാണെങ്കിൽ തീർച്ചയായും അയാൾ ബുദ്ധന്റെ പരിശുദ്ധ രാജ്യത്ത് പുനർജ്ജനിക്കുകതന്നെ ചെയ്യും.

2. ബുദ്ധോപദേശങ്ങളുടെ അടിസ്ഥാനം കുറിക്കുന്ന ആ അമൂല്യ രത്നങ്ങളെ ബുദ്ധം, ധർമ്മം, സംഘം തുടങ്ങിയവയിൽ വിശ്വസിക്കുന്നവർ ബുദ്ധന്റെ യഥാർത്ഥശിഷ്യന്മാരായിത്തീരുമെന്ന വചനം ആപ്തവാക്യമായി നിലകൊള്ളുന്നു.

ശ്രീബുദ്ധൻ പരമമായ നിർവ്വാണം സിദ്ധിച്ചവ്യക്തിയാണ്, അദ്ദേഹം ആ ബോധവും ജ്ഞാനവും ഈ ലോകത്തിന്റെ ഉദ്ധരണത്തിനും ക്ഷേമത്തിനും വേണ്ടി വിനിയോഗിച്ചു. ധർമ്മമെന്നത് സത്യവും നിർവ്വാണത്തിലേക്കും ജ്ഞാനത്തിലേക്കും നയിക്കുന്ന ആന്തരിക ചോദനയാണ്, അതാണ് ബുദ്ധോപദേശങ്ങളുടെ അന്തസത്തയും. സംഘം മെന്നത് ബുദ്ധമാർഗ്ഗം സ്വീകരിച്ചവരുടെ കൂട്ടായ്മയാണ്, സഹോദരസമാനമായ അവരുടെ ജീവിതം ബുദ്ധത്തിലും ധർമ്മത്തിലുമുള്ള അവരുടെ വിശ്വാസത്തെ ആധാരപ്പെടുത്തിയാണ് നിലകൊള്ളുന്നത്.

നമ്മൾ ബുദ്ധത്തെപ്പറ്റിയും ധർമ്മത്തെപ്പറ്റിയും സഹോദരസമാനമായ കൂട്ടായ്മയെപ്പറ്റിയും സംസാരിക്കുമ്പോൾ നമ്മൾ അവയെ മൂന്നു വ്യത്യസ്ത കാര്യങ്ങളായി കാണുന്നു. എന്നാൽ അവ യഥാർത്ഥത്തിൽ ഒരു വസ്തുതയുടെ വിവിധ അവസ്ഥാവിശേഷങ്ങൾ മാത്രമാണ്. ബുദ്ധം ധർമ്മത്തിന്റെ ആന്തരിക അവസ്ഥയാണ് അത് സഹോദരസമാനമായ കൂട്ടായ്മയിൽ കൂടിമാത്രമെ പ്രാപിക്കുവാൻ സാധിക്കുകയുള്ളു. അതുപോലെ ബുദ്ധനിലുള്ള വിശ്വാസമെന്നത് ധർമ്മത്തിലും സാഹോദര്യത്തിലുമുള്ള വിശ്വാസവും അർപ്പണബോധവുമാണ് സൂചിപ്പിക്കുന്നത്.

അതുകൊണ്ട് മനുഷ്യർ ജ്ഞാനവും മോചനവും, ബുദ്ധനിലുള്ള വിശ്വാസത്തിൽ നിന്ന് മാത്രം നേടിയെടുക്കുന്നു. ബുദ്ധൻ മാത്രമാണ് പരമമായ നിർവ്വാണം സിദ്ധിച്ച വ്യക്തി. അദ്ദേഹത്തിന്റെ സ്നേഹവും കരുണയും വർണ്ണനാതീതമാണ്, അതുകൊണ്ടുതന്നെ അദ്ദേഹത്തിന് എല്ലാവരെയും തന്റെ സ്വന്തം മക്കളെപ്പോലെ സ്നേഹിക്കുവാൻ സാധിക്കും. അതിനാൽ എല്ലാവരും ബുദ്ധനെ സ്വന്തം പിതാവിനെപ്പോലെ സ്നേഹിക്കണം അങ്ങനെ

ആർക്കുവേണമെങ്കിലും ബുദ്ധനുമായി താദാത്മ്യം പ്രാപിക്കുവാനും അതിലൂടെ നിർവ്വാണം സിദ്ധിക്കുവാനും സാധിക്കും.

ആര് ബുദ്ധനെ ബഹുമാനിക്കുന്നുവോ അവർ അദ്ദേഹത്തിന്റെ ജ്ഞാനത്താൽ അനുഗ്രഹീതരാകുകയും അരുളിനാൽ വാഴ്ത്തപ്പെടുകയും ചെയ്യും.

3. ഈ ലോകത്തിൽ ഒരു കാര്യവും ബുദ്ധനിൽ വിശ്വസിക്കുന്നതിലധികം പ്രയോജനദായകമായി ഭവിക്കുന്നില്ല. ബുദ്ധന്റെ നാമം ശ്രവിക്കുന്നതും, വിശ്വസിക്കുന്നതും, ഒരു നിമിഷമെങ്കിലും അതിൽ സന്തുഷ്ടനാകുന്നതും ചെയ്യുന്നത് വർണ്ണനാതീതമായ ഫലങ്ങൾ നേടുവാൻ ഒരുവനെ പ്രാപ്തനാക്കുന്നു.

അതിനാൽ ഒരുവൻ ബുദ്ധമാർഗ്ഗം സ്വീകരിച്ച് ധന്യനാകുകയും, ആ ഉപദേശങ്ങൾ ഈ ലോകത്തിന്റെ എല്ലാ കഷ്ടനഷ്ടങ്ങൾക്കിടയിലും ശ്രവിക്കുകയും അതുവഴി കഷ്ടതകളിൽ നിന്നും ജീവിത ദുഃഖങ്ങളിൽ നിന്നും മോചനം നേടണം.

ധർമ്മത്തെപ്പറ്റി സംസാരിക്കുവാനും പഠിപ്പിക്കുവാനും അറിയാവുന്ന ഒരു ഗുരുവിനെ കണ്ടുപിടിക്കുവാൻ പ്രയാസമാണ്; അതിലും ബുദ്ധിമുട്ടാണ് ഒരു ബുദ്ധനെ കാണുവാൻ സാധിക്കുകയെന്നത്; അതിലും ബുദ്ധിമുട്ടുള്ളതാണ് അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ വിശ്വസിക്കുകയെന്നത്.

പക്ഷെ ഇപ്പോൾ നീ കണ്ടുപിടിക്കാൻ ബുദ്ധിമുട്ടുള്ള ഒരു ബുദ്ധനെ കണ്ടുപിടിച്ചിരിക്കുന്നു, നീ കേൾക്കാൻ പ്രയാസമുള്ള ഉപദേശങ്ങൾ കേൾക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ നീ അതിൽ സന്തോഷപ്പെടുകയും, വിശ്വസിക്കുകയും ആ ബുദ്ധനിൽ എല്ലാം അർപ്പിക്കുകയും ചെയ്യണം.

4. മനുഷ്യജീവിതമാകുന്ന ദീർഘദൂരയാത്രയിൽ, വിശ്വാസമാണ് ഏറ്റവും വലിയ തോഴൻ; അതാണ് ആ യാത്രയെ ഉത്തേജിപ്പിക്കുന്ന വസ്തുവും; മാത്രമല്ല, അതാണ് ഏറ്റവും വലിയ സമ്പാദ്യവും.

ധർമ്മത്തെ കൈയിലേന്തുന്ന കരങ്ങളാണ് വിശ്വാസം; ആ ശുദ്ധമായ കൈകളാണ് എല്ലാഗുണങ്ങളെയും സ്വീകരിക്കുന്നത്. വിശ്വാസമാണ് എല്ലാ അശുദ്ധങ്ങളെയും മാറ്റിക്കളയുന്ന അഗ്നി, അത് എല്ലാ ഭാരങ്ങളെയും മാറ്റി ഒരുവന്റെ വഴിയെ കാട്ടിത്തരുന്ന വഴികാട്ടിയാണ്.

വിശ്വാസം അത്യാഗ്രഹം, ഭയം, അഹന്ത തുടങ്ങിയവയെ മാറ്റിക്കളയുന്നു. അത് വിനയവും മറ്റുള്ളവരെ ബഹുമാനിക്കുവാനും പഠിപ്പിക്കുന്നു; അത് സാഹചര്യങ്ങൾ ഉണ്ടാക്കുന്ന ബന്ധനങ്ങളിൽ നിന്ന് സ്വതന്ത്രനാകുവാനും ഒരുവനെ സഹായിക്കുന്നു; അത് ഒരുവന് കഷ്ടതകളെ അഭിമുഖീകരിക്കുവാൻ ധൈര്യം നല്കുന്നു; അത് പ്രലോഭനങ്ങളെ നേരിടാനുള്ള ശക്തിനല്കുന്നു; അത് ഒരുവനെ അവന്റെ പ്രവർത്തനങ്ങൾ ശുദ്ധവും സുതാര്യവുമാക്കാൻ സഹായിക്കുന്നു; മാത്രമല്ല, അത് ഒരുവന്റെ മനസ്സിൽ പ്രജ്ഞയുടെ വിത്ത് പാകുന്നു.

വിശ്വാസം ഒരുവനെ നിർവ്വാണത്തിലേയ്ക്കുള്ള നീണ്ടയാത്രയിൽ അവന്റെ കഷ്ടതകൾ മാറ്റുന്ന ഒരു ദിവ്യൗഷധമായി വർത്തിക്കുന്നു.

വിശ്വാസം നമ്മെ ബുദ്ധസാമീപ്യവും ആശ്രയവും ഒരുപോലെ വെളിവാക്കി തരുന്നു. നിരാശ്രയരായ നമ്മളെ ബുദ്ധന്റെ കരങ്ങളിലേയ്ക്ക് കൂട്ടികൊണ്ടുപോകുകയും ചെയ്യുന്നു. വിശ്വാസം നമ്മുടെ ദൃഢവും സ്വാർത്ഥത നിറഞ്ഞതുമായ മനസ്സുകളെ മൃദുലീകരിക്കുകയും, സൗഹൃദത്തിന്റെ അന്തരീക്ഷവും സഹതാപത്തോടെ കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള മനസ്സും നല്കുന്നു.

5. വിശ്വാസമുള്ളവർക്ക് ബുദ്ധോപദേശങ്ങളുടെ സാരാംശം ഏതുവിധത്തിൽ കേട്ടാലും തിരിച്ചറിയുവാൻ സാധിക്കും. വിശ്വാസം ഈ ലോകത്തിന്റെ നൈമിഷികമായ പ്രത്യക്ഷഭാവവും, പ്രത്യക്ഷത്തിൽ കാണുന്നതെല്ലാം വെറും കഴ്ചയായും, എന്നാൽ അതിനെയെല്ലാം ചൂഴ്ന്ന് ഒരു കാര്യകാരണവ്യവസ്ഥിതിയുണ്ടെന്നും, ആ കാര്യങ്ങളും അവയെ നിലനിർത്തുന്ന കാരണങ്ങളും മാറുമ്പോൾ വസ്തുക്കൾ അപ്രത്യക്ഷിതമകുകയോ അവയുടെ അവസ്ഥ മാറുകയോ ചെയ്യുമെന്ന സത്യം വെളിവാക്കിത്തരുന്നു. അതുപോലെ

വിശ്വാസം അത്തരം അവസ്ഥാവിശേഷമുള്ള ഈ ലോകത്തെ അംഗീകരിക്കുവാൻ നമ്മെ പഠിപ്പിക്കുന്നു.

വിശ്വാസം മനുഷ്യനെ ജീവിതത്തിന്റെ അവസ്ഥാന്തരങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ച ഉണ്ടാക്കിക്കൊടുക്കുന്നതിനോടൊപ്പം, ജീവിതയാത്രയിൽ എന്തു സംഭവിച്ചാലും അവയെല്ലാം മാറ്റങ്ങൾക്ക് വിധേയമായതിനാൽ അവയെ ധൈര്യപൂർവ്വം അഭിമുഖീകരിക്കുവാനും, ജീവിതത്തിന്റെ അടിസ്ഥാന സത്യം ഇത്തരം അവസ്ഥാന്തരങ്ങളെക്കുറിച്ചുള്ള ബോധമാണെന്നും, മാത്രമല്ല എന്തുതന്നെ സംഭവിച്ചാലും മാറിക്കൊണ്ടിരിക്കുന്ന ലോകാവസ്ഥ അങ്ങനെതന്നെ നിലനിൽക്കുമെന്നും വെളിവാക്കികൊടുക്കുന്നു.

വിശ്വാസത്തിൽ മൂന്നു വസ്തുതകൾ അടിസ്ഥാനമായിട്ടുണ്ട്: പശ്ചാത്താപം, മറ്റുള്ളവരുടെ ക്ഷേമത്തിലും കഴിവുകളിലും ആത്മാർത്ഥമായ ബഹുമാനം, ബുദ്ധദർശനത്തെ സ്വീകരിക്കുവാനുള്ള തയ്യാറും അതിനുള്ള പരിശ്രമവും.

മനുഷ്യർ വിശ്വാസത്തിന്റെ ഈ മൂന്നുവശങ്ങളും അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യണം; അവർ വികാരങ്ങളോടും തിന്മകളോടും ജാഗ്രതയുള്ളവരായിരിക്കണം; വികാര പ്രകടനവും തിന്മപ്രവർത്തികളെക്കുറിച്ച് ബോധവാന്മാരും അത്തരം പ്രവർത്തികളെപ്പറ്റി ലജ്ജയുള്ളവരും ക്ഷമയാചിക്കുവാൻ തയ്യാറുള്ളവരുമായിരിക്കണം; മറ്റുള്ളവരുടെ കഴിവിനെയും നന്മപ്രവർത്തികളെയും അംഗീകരിക്കുവാനും അവയെ പ്രകീർത്തിക്കുവാനും അത് അവർക്ക് നന്മവരുത്തുന്ന രീതിയിലുമായിരിക്കണം; അതുപോലെ അവർ ബുദ്ധോപദേശങ്ങളെ അംഗീകരിക്കുവാനും അതിനോടോപ്പം ജീവിക്കുവാനും പഠിക്കണം.

വിശ്വാസത്തിന്റെ മനസ്സെന്നത് ആത്മാർത്ഥതയുടെ മനസ്സാണ്; അത് ആഴമുള്ള മനസ്സാണ്, ആ മനസ്സ് ബുദ്ധന്റെ പരിശുദ്ധരാജ്യത്തിൽ പ്രവേശിക്കുവാൻ ബുദ്ധസഹായംതേടുവാനും ആത്മാർത്ഥമായ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യും.

അതുകൊണ്ട്, ബുദ്ധൻ വിശ്വാസത്തിന്റെ ശക്തിനല്കി മനുഷ്യരെ പരിശുദ്ധരാജ്യത്തിൽ പ്രവേശിക്കുവാൻ സഹായിക്കും, ആ ശക്തി അവരെ ശുദ്ധീകരിക്കുകയും, ആ ശക്തി അവരെ മനോനിഷേധത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്യും. അവർക്ക് ഒരുനിമിഷത്തേക്കുമാത്രം വിശ്വാസം

ഉണ്ടായാലും, അവർ ബുദ്ധന്റെ നാമം പ്രകീർത്തിക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുന്നതുവഴി, അവർ ആ പരിശുദ്ധരാജ്യത്തിലേയ്ക്ക് നയിക്കപ്പെടുകയും ചെയ്യും.

6. വിശ്വാസമെന്നത് ലൗകികചിന്തയിൽ മുഴുകിയിരിക്കുന്ന മനസ്സിൽ രൂപപ്പെടുന്നതല്ല- മറിച്ച് അത് മനുഷ്യന്റെ മനസ്സിൽ അന്തർലീനമായിക്കിടക്കുന്ന ബുദ്ധസ്വഭാവത്തിന്റെ പൂർണ്ണതയാണ്. ഒരുവൻ ബുദ്ധനെ മനസ്സിലാക്കുമ്പോൾ അവൻ ബുദ്ധനായിത്തിരുകതന്നെ ചെയ്യുന്നു; അതുപോലെ ഒരുവൻ ബുദ്ധനിൽ വിശ്വാസമർപ്പിക്കുമ്പോൾ അവനും ബുദ്ധനായിത്തിരുക തന്നെ ചെയ്യുന്നു.

എന്നാൽ ഒരിക്കൽ ബുദ്ധസ്വഭാവം നഷ്ടപ്പെട്ടാൽ അത് വീണ്ടെടുക്കുവാൻ ബുദ്ധിമുട്ടുണ്ട്. അഹങ്കാരത്തിന്റെയും ദേഷ്യത്തിന്റെയും വൈരാഗ്യത്തിന്റെയും പ്രഭാവവും അവയുടെ ഉത്ഭവവും, നാശവും അടിക്കടി സംഭവിക്കുന്ന ഈ ലോകത്തിൽ, പരിശുദ്ധി സ്വഭാവമായുള്ള ബുദ്ധസ്വഭാവം നില നിർത്തുകയെന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്, എന്നിരുന്നാലും വിശ്വാസം ഒരുവനെ അതുസാധ്യമാക്കുന്നതിനു സഹായിക്കുന്നു.

വിഷം നിറഞ്ഞ മുള്ളുമുരിക്കുകൾ വളരുന്ന ഒരു വനത്തിൽ അത്തരം മരങ്ങൾ മാത്രമെ വളരുകയുള്ളു, ചന്ദനമരം വളരാൻ പ്രയാസമാണ്. ചന്ദനമരം അത്തരം വനത്തിൽ വളരുകയെന്നത് ഒരു അത്ഭുതംപോലെ സംഭവിക്കുന്ന കാര്യമാണ്. അതുപോലെയാണ് അശുദ്ധവാസനകളുള്ള മനുഷ്യരുടെ മനസ്സിൽ ബുദ്ധനിലുള്ള വിശ്വാസം വളരുകയെന്നത്.

അത്തരം അശുദ്ധമായ മനസ്സുകളിൽ, ബുദ്ധനിലുള്ള വിശ്വാസം വളരുകയെന്നത് അടിസ്ഥാനപരമായി ബുദ്ധിമുട്ടുള്ള ഒരുകാര്യമാണ്.

എന്നുവെച്ചാൽ മനസ്സിൽ ആ വിശ്വാസം വളരുന്നതിന് ഒരു മൂലകാരണം ആവശ്യമില്ല, എന്നാൽ കരുണാദ്രഭരിതമായ ബുദ്ധമനസ്സിൽ അത് വളരുകയെന്നത്, ഒരു സ്വാഭാവികമായ കാര്യമാണ് ആ കാരുണ്യം തന്നെയാണ് വിശ്വാസത്തിനും ആധാരം.

7. അതുകൊണ്ട് വിശ്വാസം പരിപാവനവും ഫലപ്രദവുമാണ്. പക്ഷെ അലസമായ മനസ്സുകളിൽ ഒരിക്കലും ഉണരുകയില്ല. അഞ്ച് സംശയങ്ങൾ പ്രത്യേകിച്ച് മനുഷ്യമനസ്സിന്റെ അന്തരാളങ്ങളിൽ ഉണരുകയും അത് വിശ്വാസത്തിനെ ക്ഷയിപ്പിക്കുകയും ചെയ്യുന്നു.

ആദ്യമായി, ബുദ്ധന്റെ പ്രജ്ഞയിലുള്ള അവിശ്വാസം; രണ്ടാമതായി, ബുദ്ധോപദേശങ്ങളിലുള്ള അവിശ്വാസം; മൂന്ന്, ബുദ്ധോപദേശം നല്കുന്നവരിലുള്ള അവിശ്വാസം; നാല്, ആര്യമാർഗ്ഗങ്ങളിൽ പറയുന്ന പരിശീലനരീതിയെക്കുറിച്ചുള്ള സംശയവും, അവിശ്വാസവും; അഞ്ചാമതായി, ഒരുവൻ അവന്റെ അജ്ഞതയും അവിശ്വാസവും കാരണം ബുദ്ധമാർഗ്ഗം സ്വീകരിച്ചവരെ നിരുത്സാഹപ്പെടുത്തുകയും അവരുടെ ശ്രമങ്ങളെ അവഹേളിക്കുകയും ചെയ്യുന്നത്.

തീർച്ചയായും, സംശയത്തെക്കാൾ നാശസ്വഭാവിയായി ഒന്നും തന്നെയില്ല. സംശയം മനുഷ്യരെത്തമ്മിൽ അകറ്റി നിർത്തുന്നു. അത് സൗഹൃദത്തെയും നല്ല പെരുമാറ്റത്തെയും നശിപ്പിക്കുന്ന ഒരു വിഷവിത്താണ്. അത് വേദനിപ്പിക്കുകയും ശല്യം ചെയ്യുകയും ചെയ്യുന്ന ഒരു വിഷം നിറഞ്ഞ മുള്ളാണ്; അത് ശിരച്ഛേദനം മാത്രം നടത്തുന്ന ആരാച്ചാരുടെ വാളാണ്.

വളരെക്കാലം മുമ്പ് ബുദ്ധന്റെ കാരുണ്യത്തിൽ നിന്നാണ് വിശ്വാസത്തിന്റെ ആരംഭമുണർന്നത്. ഒരിക്കൽ ഒരുവനിൽ വിശ്വാസം വന്നുഭവിച്ചാൽ, അവൻ ആ വസ്തുത മനസ്സിലാക്കുകയും ആ നന്മനല്കിയതിന് ബുദ്ധനോട് കൃതജ്ഞതയുള്ളവനായിരിക്കുകയും ചെയ്യണം.

ഒരുവൻ ഒരുകാര്യം ഒരിക്കലും മറക്കരുത് എന്തെന്നാൽ ഒരുവനിൽ വിശ്വാസമുണരുന്നത് അവനിൽ കാരുണ്യമുള്ളതുകൊണ്ടുമാത്രമല്ല, വളരെക്കാലങ്ങൾക്കുമുമ്പ് ബുദ്ധന്റെ കാരുണ്യമാകുന്ന പരിശുദ്ധ വെളിച്ചം മനുഷ്യമനസ്സിൽ ഉണ്ടാകുകയും അത് അവന്റെ അജ്ഞതയെ തുടച്ചുമാറ്റുവാൻ പ്രാപ്തമായതുകൊണ്ടുകൂടിയാണ്. അത് ഒരുപാരമ്പര്യമായി നിലകൊള്ളുകയും, ഇപ്പോൾ വിശ്വാസിയായി മാറിയ ഒരുവൻ ആ പാരമ്പര്യത്തിലേയ്ക്ക് പ്രവേശിക്കുകയും ചെയ്യുന്നു.

ഒരുവൻ അവനിൽ കുടികൊള്ളുന്ന ബുദ്ധനിലുള്ള വിശ്വാസം ബുദ്ധകാരുണ്യത്തിലൂടെ ഉണർത്തിയെടുക്കുകയാണെങ്കിൽ.സാധാരണ ജീവിതം നയിക്കുന്ന ഒരു മനുഷ്യനുപോലും ബുദ്ധന്റെ പരിശുദ്ധരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കും.

യഥാർത്ഥത്തിൽ ഈ ലോകത്തിൽ ജനിക്കുകയെന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്, അതുപോലെതന്നെ ബുദ്ധിമുട്ടുള്ളകാര്യമാണ് ധർമ്മത്തെപ്പറ്റി ശ്രവിക്കുകയും അതിൽ വിശ്വാസമുണർത്തുകയെന്നിങ്ങനെയുള്ള കാര്യങ്ങൾ, അതുകൊണ്ട് ഒരുവൻ അവന്റെ പരമമായ ശ്രമം ബുദ്ധോപദേശങ്ങൾ ശ്രവിക്കുന്നതിനുവേണ്ടി ചിലവഴിക്കണം.

## IV
## പരിശുദ്ധ വചനങ്ങൾ

1. " അവൻ എന്നെ അവഹേളിച്ചു, അവൻ എന്നെ പരിഹസിച്ചു, അവൻ എന്നെ ഉപദ്രവിച്ചു." ഇങ്ങനെ ഒരുവൻ ചിന്തിക്കുകയാണെങ്കിൽ അവന്റെ ദേഷ്യവും വൈരാഗ്യബുദ്ധിയും അവനെ വിട്ടുപോകില്ല. അത് അവനിൽ നിർല്ലോപമായി തുടരുകയും ചെയ്യും.

അസംതൃപ്തിനിറഞ്ഞ ചിന്തകൾ ഒരുവനിലുണ്ടെങ്കിൽ ദേഷ്യവും വൈരാഗ്യവും അവനിൽ നിന്ന് മാറിപോകില്ല. ദേഷ്യവും വൈരാഗ്യവും അസംതൃപ്തി വിട്ടുമാറുന്നതോടെ മാറി മറഞ്ഞുപോകുന്നു.

ഒരു വീടിന്റെ മേൽക്കൂര മോശമായി ഉണ്ടാക്കിയതോ അല്ലെങ്കിൽ വളരെക്കാലം നല്ല രീതിയിൽ സംരക്ഷിക്കാതിരുന്നതോ ആണെങ്കിൽ മഴപെയ്യുമ്പോൾ അതിന്റെ ഉള്ള് നനയും; അതുപോലെ അത്യാർത്തിയും അഹങ്കാരവും അപക്വവും പരിശീലന വിധേയവുമല്ലാത്ത മനസ്സിലേക്ക് ദേഷ്യം വളരെ എളുപ്പം കടന്നുചെല്ലുന്നു.

**സിദ്ധിയാർജ്ജിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ**

മരണത്തിലേക്കുള്ള കുറുക്കുവഴിയാണ് മടി, പക്ഷെ ഉണർന്നിരിക്കുന്ന മനസ്സ് ജീവിതത്തിലേയ്ക്കുള്ള പാതയാണ്; വിഡ്ഢികൾ മഠയന്മാരും ബുദ്ധിമാന്മാർ ശുഷ്കാന്തിയുള്ളവരുമായിരിക്കും.

അസ്ത്രം നിർമ്മിക്കുന്ന ഒരുവൻ അവൻ ഉണ്ടാക്കുന്ന അസ്ത്രം ഏറ്റവും നിവർന്നിരിക്കുന്നതിനായി ശ്രദ്ധിക്കും, അതുപോലെ ബുദ്ധിമാനായ മനുഷ്യൻ മനസ്സിനെ നേരെ നിർത്തുവാൻ ശ്രദ്ധിക്കും.

അശാന്തമായ മനസ്സ് എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കും, അത് അവിടെയുമിവിടെയുമായി മാറിക്കൊണ്ടിരിക്കുന്നതിനാൽ നിയന്ത്രിക്കുവാൻ വളരെ ബുദ്ധിമുട്ടാണ്; ശാന്തമായ മനസ്സെന്നാൽ സമാധാനമാണ്.; അതുകൊണ്ട്, ഒരുവന്റെ നിയന്ത്രണത്തിൽ അവന്റെ മനസ്സിനെ നിർത്തുന്നതാണ് ഏറ്റവും ബുദ്ധി.

ഒരുവന്റെ മനസ്സാണ് അവനെ അമിതാഗ്രഹങ്ങളിലേക്കും തിന്മയിലേക്കും നയിക്കുന്ന ഏറ്റവും പ്രധാന ഘടകം അല്ലാതെ അവന്റെ ശത്രുക്കളോ എതിരാളികളോ അല്ല.

ആര് തന്റെ മനസ്സിനെ അഹങ്കാരത്തിൽ നിന്നും ദേഷ്യത്തിൽ നിന്നും വിഡ്ഢിത്തരങ്ങളിൽ നിന്നും സംരക്ഷിക്കുന്നുവോ അവൻ ശരിയായതും നിരന്തരം നിലനിൽക്കുന്നതുമായ സമാധാനം പ്രാപിക്കുവൻ അർഹനാകുന്നു.

2. മനോഹരങ്ങളായ വാക്യങ്ങൾ ഉച്ചരിക്കുകയും അവയൊന്നുപോലും പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുന്നത് ഒരുഭംഗിയുള്ള പുഷ്പത്തിൽ സുഗന്ധമില്ലാതിരിക്കുന്നതിനു തുല്യമാണ്.

ഒരു പുഷ്പത്തിന്റെ സുഗന്ധം ഒരിക്കലും കാറ്റിനെതിരായിട്ട് പറന്നുനിൽക്കുകയില്ല, എന്നാൽ ഒരു നല്ല മനുഷ്യന്റെ പ്രശസ്തി ലോകത്തിലെ എല്ലാപ്രതികൂലാവസ്ഥകളെയും താണ്ടി ഉയർന്നു നിൽക്കുന്നു.

ഉറക്കം വരുവാൻ ബുദ്ധിമുട്ടുള്ളവന് രാത്രി നീണ്ടതായി അനുഭവപ്പെടും, അതുപോലെ ക്ഷീണിതനായ ഒരു യാത്രക്കാരന് യാത്ര ദുഷ്കരമായി തോന്നും; അതുപോലെ മോഹഭംഗങ്ങളും ദുഃഖങ്ങളും നിറഞ്ഞ ജീവിതം ശരിയായ

ശിക്ഷണവും ഉപദേശവും ശ്രവിക്കാത്തവന് ബുദ്ധിമുട്ടുള്ളതായി തോന്നിയേക്കാം.

ഒരു യാത്രയിൽ ഒരുവൻ സഹയാത്രികനായി തിരഞ്ഞെടുക്കേണ്ടത് അവനുമായി സമാനസ്വഭാവമുള്ളവരും അല്ലെങ്കിൽ അവനേക്കാൾ ശ്രേഷ്ഠമായ മാനസികനിലയുള്ളവരുമായിട്ടായിരിക്കണം, ഒരു വിഡ്ഢിയോടൊപ്പമോ തന്നെക്കാൾ മോശം മാനസികാവസ്ഥയുള്ളവരുമായി യാത്രനടത്തുന്നതിനേക്കാൾ നല്ലത് ഒറ്റക്ക് യാത്രചെയ്യുന്നതാണ്.

ആത്മാർത്ഥതയില്ലാത്തവനും തിന്മനിറഞ്ഞവനുമായ ഒരു സുഹൃത്ത് വന്യമൃഗങ്ങളേക്കാൾ അപകടകാരിയാണ്; ഒരു മൃഗം നിന്റെ ശരീരത്തിൽ മുറിവേൽപ്പിച്ചേക്കാം എന്നാൽ ഒരു ദുഷ്ടനായ സുഹൃത്ത് നിന്റെ മനസ്സിനെ വേദനിപ്പിക്കുന്നു.

ഒരു മനുഷ്യന് അവന്റെ ചിന്തകളെ നിയന്ത്രിക്കുവാൻ സാധിക്കുകയാണെങ്കിൽ എങ്ങനെയാണ് സ്വന്തമെന്ന പ്രയോഗങ്ങളായ ‘‘ഇതെന്റെ പുത്രനാണ്’’ അല്ലെങ്കിൽ ‘‘ ഇതെന്റെ സ്വത്താണ്’’ തുടങ്ങിയ ചിന്തകൾ അവന് സംതൃപ്തി നല്കുന്നത്. ഒരു വിഡ്ഢി അത്തരം ചിന്തകളിൽ വ്യാപൃതനായി ദുഃഖിക്കുന്നു.

വിഡ്ഢിയായിരുന്നിട്ട് സ്വയം ഒരു മഠയനെന്ന് വിചാരിക്കുന്നതാണ്, ഒരു വിഡ്ഢി സ്വയം ബുദ്ധിമാനെന്ന് വിചാരിക്കുന്നതിനെക്കാൾ ഭേദം.

ഒരു തവി അതിൽ എടുക്കുന്ന ഭക്ഷണസാധനം രുചിക്കുകയില്ല, അത് തവിയായി തന്നെയിരിക്കും അതുപോലെ ഒരു വിഡ്ഢിക്ക് വർഷങ്ങളോളം ഒരു സന്യാസിയോടൊപ്പം ജീവിച്ചാലും, ആ ബുദ്ധിമാനായ മനുഷ്യന്റെ വിവേകവും രീതികളും മനസ്സിലാകുകയില്ല.

പുതിയതായി കറന്ന പാൽ ഉറകൂടുവാൻ താമസിക്കും, അതുപോലെ പാപം നിറഞ്ഞ പ്രവർത്തികളും ചിന്തകളും പെട്ടെന്ന് ദോഷഫലങ്ങൾ കാണിക്കുകയില്ല. പാപ പ്രവർത്തികൾ ചാരത്തിൽ മൂടികിടന്നു നീറുന്ന കല്കരിക്ക് തുല്യമാണ് അത് വളരെക്കാലം അങ്ങനെ നീറിക്കൊണ്ടിരിക്കും എന്നാൽ അപ്രത്യക്ഷിതമായി ഒരു തീക്കാറ്റുപോലെ അത് ശക്തിയായി പൊട്ടി വിടർന്നുവരും.

**സിദ്ധിയാർജ്ജിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ**

ഒരു മനുഷ്യൻ അംഗീകാരത്തിനും കൂടുതലധികാരത്തിനും ലാഭത്തിനും വേണ്ടി ഒരു വിഡ്ഢിയെപ്പോലെ പ്രവർത്തിക്കുന്നു. എന്നാൽ അത്തരം ആഗ്രഹങ്ങളും പ്രവൃത്തികളും ഒരിക്കലും ശരിയായ സന്തോഷം ആർക്കും നല്കുന്നില്ല മറിച്ച് അവ ദുഃഖം മാത്രം പ്രദാനം ചെയ്യുന്നു.

ഒരു നല്ല സുഹൃത്ത് തെറ്റുകുറ്റങ്ങളും മറ്റും തുറന്നുകാണിച്ചുതരുകയും തിന്മയെ അകറ്റുന്നതിനുള്ള മാർഗ്ഗങ്ങൾ ഉപദേശിക്കുകയും ചെയ്യുന്നു. ആ വെളിപ്പെടുത്തലുകൾ യഥാർത്ഥത്തിൽ ഒരു മറഞ്ഞിരിക്കുന്ന നിധി തുറന്നുകാണിക്കുന്നതിനു തുല്യമാണ്, എന്തെന്നാൽ അതിലൂടെ ഒരുവന് യഥാർത്ഥ സന്തോഷം നേടുവാൻ സാധിക്കും.

3. ഒരു മനുഷ്യൻ നല്ല ഉപദേശങ്ങൾ ശ്രവിക്കുകയും അതിന്റെ സാരാംശം മനസ്സിലാക്കുകയും ചെയ്യുമ്പോൾ അയാൾക്ക് മനഃശാന്തിയോടെ ഉറങ്ങുവാൻ സാധിക്കുന്നു. എന്തെന്നാൽ അത്തരം ഉപദേശങ്ങൾ ശ്രവിക്കുക വഴി അയാളുടെ മനസ്സ് ശുദ്ധീകരിക്കപ്പെടുന്നു.

ഒരു ആശാരി കഴുക്കോൽ നേരെ പണിയുവാൻ ശ്രദ്ധിക്കും, ഒരു അസ്ത്രം ഉണ്ടാക്കുന്നവൻ അത് വളരെ നേരെ വളവില്ലാതെ എല്ലായിടത്തിലും തുല്യഭാരം നിലനിൽക്കുന്ന രീതിയിൽ ഉണ്ടാക്കുവാൻ ശ്രദ്ധിക്കും; അതുപോലെ ഒരു ജലസേചന പദ്ധതി നടത്തുവാൻ ആഗ്രഹിക്കുന്ന വ്യക്തി ചുരങ്കവും തോടുകളും വെള്ളം സാവധാനം ഒഴുകുന്ന രീതിയിൽ നിർമ്മിക്കുവാൻ ശ്രമിക്കും. ഒരു ബുദ്ധിമാനായ മനുഷ്യൻ അവന്റെ മനസ്സിനെ നേരായ പാതയിൽ നയിക്കുവാൻ ശ്രമിക്കും എന്തെന്നാൽ അതുമൂലം മനസ്സ് ബുദ്ധിമുട്ടുകളില്ലാതെ ജീവിതപ്രശ്നങ്ങളെ അഭിമുഖികരിക്കുവാനുള്ള ക്ഷമത നേടിയെടുക്കും.

ഒരു വലിയ പാറ കാറ്റിനാൽ ഉലയുകയില്ല, ബുദ്ധിമാനായ ഒരു മനുഷ്യന്റെ മനസ്സ് ആ പാറയെപ്പോലെ ഉറച്ചുനിൽക്കുകയും അത് അവഹേളനത്താലോ പ്രശംസയാലോ ഉലയുകയോ ചെയ്യുകയില്ല.

ഒരുവൻ അവനെത്തന്നെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതാണ് ഒരായിരം യുദ്ധങ്ങൾ ഒന്നിച്ച് ജയിക്കുന്നതിനേക്കാൾ വലുത്.

ഒരു ദിവസം മാത്രം ജീവിച്ചിട്ട് നല്ല ഉപദേശങ്ങൾ ശ്രവിക്കുന്നതാണ്, ഒരു നൂറു വർഷം ജീവിച്ചിട്ട് അത്തരം സാരോപദേശങ്ങൾ ശ്രവിക്കുവാൻ സാധിക്കാതിരിക്കുന്നതിനേക്കാൾ ഉത്തമം.

ഒരുവൻ അവനെത്തന്നെ സ്നേഹിക്കാതിരിക്കാനും എപ്പോഴും സ്വയം ദുർവിചാരങ്ങൾക്കടിമപ്പെടാതിരിക്കുവാനും ശ്രദ്ധിക്കുന്നത് നന്നായിരിക്കും. ജീവിതത്തിൽ ഒരിക്കലെങ്കിലും അവൻ വിശ്വാസത്തെ കടപിടിക്കുവാൻ ശ്രമിക്കണം, അത് യുവാവായിരിക്കുമ്പോഴോ, മദ്ധ്യവയസ്കനായിരിക്കുമ്പോഴോ അതുമല്ലെങ്കിൽ വൃദ്ധനായിരിക്കുമ്പോഴോ ചെയ്താലും കുഴപ്പമില്ല.

ലോകം എപ്പോഴും കത്തിക്കൊണ്ടിരിക്കുന്നു, ആ അഗ്നി അഹങ്കാരത്തിന്റെയും ദേഷ്യത്തിന്റെയും വിഡ്ഢിത്തരങ്ങളുടെയും ജ്വാലകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ഒരുവൻ ആ അഗ്നിയുടെ സാമീപ്യത്തിൽ നിന്ന് എത്രയും വേഗം രക്ഷപ്പെടുന്നതാണ് ബുദ്ധി.

ലോകം ഒരു കുമിളപൊലെയും, ചിലന്തിവലപോലെയും, അല്ലെങ്കിൽ വൃത്തികെട്ട ഒരു പെട്ടിയിൽ സൂക്ഷിച്ചുവെച്ചിരിക്കുന്ന നാറുന്ന വസ്തുക്കൾക്കും തുല്യമാണ്: അതു മനസ്സിലാക്കി ഒരുവൻ എപ്പോഴും അവന്റെ മനോനൈർമ്മല്യത്തെ സംരക്ഷിക്കുവാൻ ശ്രമിക്കണം.

4. തിന്മയെ അകറ്റി നിർത്തുക, നന്മയെ അന്വേഷിക്കുക, മനസ്സിനെ ശുദ്ധമായി വെക്കുക, എന്നിവയാണ് ബുദ്ധോപദേശങ്ങളുടെ അന്തസത്ത.

നിരന്തരമായ പരിശ്രമം നടത്തുകയെന്നതാണ് ഏറ്റവും വലിയ ബുദ്ധിമുട്ടുള്ള പരിശീലനം, എന്നാൽ ആര് നിരന്തരമായി ശ്രമിക്കുന്നുവോ അയാൾക്ക് അവസാന വിജയം ഉറപ്പായും കിട്ടുന്നു.

ഒരുവൻ അതൃപ്തിയും കുറ്റപ്പെടുത്തലുകളും അവൻ ഏറ്റവും അതൃപ്തനായിരിക്കുമ്പോൾ തന്നെ മനസ്സിൽ നിന്ന് ഒഴിവാക്കണം; ഒരുവൻ ഏറ്റവും ദുഃഖിതനായിരിക്കുന്ന സമയത്ത് അവന്റെ മനസ്സിൽ നിന്ന് ദുഃഖത്തെ മാറ്റി നിർത്തുവാൻ ശീലിക്കണം; അതുപോലെ ഏറ്റവും അത്യാർത്തി നൽകുന്ന കാര്യങ്ങളുടെ നടുവിൽ നിന്ന് ആർത്തിയെ ഒഴുവാക്കുന്നതിനുള്ള പരിശീലനം അഭ്യസിക്കണം. സ്വാർത്ഥ ചിന്തയെ ഒഴിവാക്കുവാനായി ഒരുവൻ ധാരാളിത്വത്തിന്റെ നടുവിൽ നിന്ന് പരിശീലനരീതികൾ അഭ്യസിക്കണം.

ആരോഗ്യവാനായിരിക്കുകയെന്നതാണ് ഏറ്റവും വലിയ വിജയവും നേട്ടവും; ഉള്ളതു കൊണ്ട് തൃപ്തിപ്പെടുന്നതാണ് ധാരാളം ധനം സ്വന്തമാക്കുന്നതിനേക്കാൾ ഉത്തമം; സൗഹൃദത്തിന്റെ അളവുകോൽ ആത്മാർത്ഥതയുള്ളവനായിരിക്കുകയെന്നതാണ്; നിർവ്വാണം സാധിക്കുകയെന്നതാണ് ഏറ്റവും വലിയ സന്തോഷകരമായ കാര്യം.

എപ്പോഴാണോ ഒരുവൻ ഭയത്തിൽ നിന്ന് വിമുക്തിനേടുന്നത്, അപ്പോൾ അവൻ തിന്മയെ അകറ്റി നിർത്തി, ശാന്തത നേടി, സാരോപദേശങ്ങൾ

ശ്രവിക്കുവാനുള്ള മനഃസ്ഥിതി കൈവരിക്കുകയും, അതിനോട് മമത പ്രകടിപ്പിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യും.

നീ ആഗ്രഹിക്കുന്ന വസ്തുക്കളോട് അധികം താല്പര്യം കാണിക്കാതിരിക്കുകയും, വെറുക്കുന്ന കാര്യങ്ങളെ തീർത്തും നിഷേധിക്കാതിരിക്കുകയും ചെയ്യണം. ദുഃഖം, ഭയം, ബന്ധനം എന്നിവ ഒരുവന്റെ ഇഷ്ടാനിഷ്ടങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് സംഭവിക്കുന്നത്.

5. തുരുമ്പ് ഇരുമ്പിൽ വളരുകയും അവസാനം അത് ഇരുമ്പിനെത്തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു, അതുപോലെ തിന്മ മനുഷ്യമനസ്സിൽ നിന്ന് ഉത്ഭവിച്ച് വളർന്ന് അവസാനം അത് മനസ്സിനെത്തന്നെ ഇല്ലാതാക്കുകയും ചെയ്യും.

ഒരു ഗ്രന്ഥം ശ്രദ്ധയോടും ആത്മാർത്ഥതയോടും വായിക്കാതിരിക്കുകയാണെങ്കിൽ അത് പൊടിപിടിച്ച് നശിച്ചുപോകും; ഒരുവീട് സമയാസമയങ്ങളിൽ വേണ്ടുന്ന പണികൾ ചെയ്ത് സൂക്ഷിച്ചില്ലെങ്കിൽ അത് വൃത്തികെട്ടും ചിതലെടുത്തും നശിച്ചുപോകും. അതുപോലെ ഒരു മടിയനായ മനുഷ്യൻ സ്വയം നശിച്ചുപോകും.

അവിശുദ്ധമായ പ്രവൃത്തികൾ ഒരു മനുഷ്യനെ നശിപ്പിച്ചുകളയും; ദാനത്തിൽ പിശുക്ക് ദാനത്തിന്റെ ഫലമില്ലാതാക്കും; അതുപോലെ തിന്മപ്രവൃത്തികൾ ഈ ജീവിതത്തെ മാത്രമല്ല വരുന്ന ജീവിതങ്ങളെയും നശിപ്പിച്ചുകളയും.

ഏറ്റവും വലിയ അവിശുദ്ധമായ കാര്യം അജ്ഞാതയാകുന്ന അവിശുദ്ധിയാണ്. ഒരുവന് അജ്ഞതതീർത്തും മാറ്റാതെ അവന്റെ ശരീരത്തെയോ മനസ്സിനെയോ ശുദ്ധീകരിക്കുവാൻ സാധിക്കുകയില്ല.

നാണക്കേടിലേക്ക് വഴുതി വീഴാൻ വളരെ എളുപ്പമാണ്, ഒരു കാക്കയെപ്പോലെ ചികഞ്ഞ് നാറ്റിച്ച്, മറ്റുള്ളവരെ ബുദ്ധിമുട്ടിപ്പിക്കുന്നതും, അതിൽ ഒരു വിഷമവും ബുദ്ധിമുട്ടും കാണിക്കാതിരിക്കുന്നതും ഒരു വിഷമവുമില്ലാത്ത കാര്യങ്ങളാണ്.

വിനയം കാണിക്കയെന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ് അതുപോലെത്തന്നെയാണ് ബഹുമാനവും ഔന്നത്യവും കാണിക്കുക, മനസ്സിനെ പരിശുദ്ധമായിവെക്കുക, ബന്ധനങ്ങളിൽ നിന്ന് മോചിതനായി നിൽക്കുക, ബുദ്ധിയുപയോഗിച്ച് പ്രവൃത്തികൾ ചെയ്യുക തുടങ്ങിയ കാര്യങ്ങളും.

മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ കണ്ടുപിടിക്കുകയെന്നത് വളരെ എളുപ്പമുള്ള കാര്യമാണ്; എന്നാൽ തന്റെ തെറ്റുകൾ അംഗീകരിക്കുകയെന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഒരുവൻ മറ്റുള്ളവരുടെ തിന്മകളെ അതിന്റെ പരിണത ഫലം മനസ്സിലാക്കാതെ തുറന്നു കാണിക്കുന്നതിൽ ഉത്സുകത കാണിക്കുന്നു; അതുപോലെ അവന്റെ കുറ്റങ്ങൾ ഒരു ചൂതാട്ടക്കാരന്റെ കട്ടകൾ മറച്ചുപിടിക്കുവാനുള്ള സാമർത്ഥ്യം പോലെ മറച്ചുവെക്കുന്നു.

ആകാശത്തിൽ പറക്കുന്ന പക്ഷികളുടെയോ, വീശുന്ന കാറ്റിന്റെയോ, പുകയുന്ന പുകയുടെയോ അംശങ്ങൾ ആകാശത്തിൽ സ്ഥിരമായി നിൽക്കുന്നില്ല; തിന്മ നിറഞ്ഞ ഉപദേശങ്ങൾ ഒരിക്കലും നിർവ്വാണത്തിലെക്കോ ജ്ഞാനത്തിലെക്കോ നയിക്കപ്പെടുന്നില്ല. ഈ ലോകത്തിൽ ഒന്നും നിരന്തരമല്ല, എന്നാൽ യഥാർത്ഥജ്ഞാനിയുടെ മനസ്സ് അചഞ്ചലമായി നിൽക്കുന്നു.

6. ഒരു യോദ്ധാവ് കൊട്ടാരത്തിന്റെ വാതിലുകൾ സുരക്ഷിതമായി സംരക്ഷിക്കുന്നു. അതുപോലെ ഒരുവൻ തന്റെ മനസ്സിനെ വെളിയിൽ നിന്നുള്ള തിന്മകളിൽ നിന്നും, സ്വന്തം മനസ്സിൽ ഉണ്ടാകുന്ന തിന്മകളിൽ നിന്നും സുരക്ഷിതമായി സംരക്ഷിക്കണം. ഈ പ്രവൃത്തി ഒരുവൻ ജീവിക്കുന്ന ഓരോ നിമിഷവും ശ്രദ്ധയോടെ നിർവ്വഹിക്കണം.

എല്ലാവരും അവനവന്റെ തന്നെ യജമാനനാണ്, അവനവൻ തന്നെയാണ് അവനവന് ആശ്രയിക്കാവുന്ന ഏറ്റവും സുരക്ഷിതമായ മരുപ്പച്ചയും. അതുകൊണ്ട് ഓരോരുത്തനും അവനവനെത്തന്നെ നിയന്ത്രിക്കുവാൻ പഠിക്കണം.

ലൗകിക ജീവിതത്തിൽ നിന്ന് ആത്മീയ സ്വാതന്ത്ര്യത്തിനുള്ള ആദ്യമാർഗ്ഗം ഒരുവൻ അവന്റെ മനസ്സിനെ നിയന്ത്രിക്കുകയെന്നതു മാത്രമാണ്, അത് സാധിക്കുവാനുള്ള ഏകമാർഗ്ഗം അനാവശ്യമായ സംസാരം ഉപേക്ഷിക്കുകയും മനസ്സിനെ പരിശോധനക്കു വിധേയമാക്കുകയുമാണ്.

സൂര്യൻ പകലുകളെ ശോഭനമാക്കുന്നു. നിലാവ് രാത്രിയെ വെളിച്ചം കൊണ്ട് നിറക്കുന്നു. ശരിയായ അച്ചടക്കവും ശിക്ഷണവും ഒരു യോധാവിനെ ശ്രേയസുറ്റവനാക്കുന്നു. അതുപോലെ ശാന്തമായ ധ്യാനം ഒരു യഥാർത്ഥ സത്യാന്വേഷിയെ നിർവ്വാണം സിദ്ധിക്കുവാൻ പ്രാപ്തനാക്കുന്നു.

പഞ്ചേന്ദ്രിയങ്ങളായ കണ്ണ്, ചെവി, മൂക്ക്, നാക്ക്, ശരീരം തുടങ്ങിയവയെ ഒരുവൻ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ സാധിക്കാതിരുന്നാൽ ഒരുവൻ അവന്റെ ചുറ്റുപാടുകളിൽ നിന്ന് പ്രചോദിതനാകുന്നു, പക്ഷെ നിർവ്വാണം സിദ്ധിച്ച ഒരുവൻ ഒരിക്കലും അത്തരം ചുറ്റുപാടുകളുടെ പ്രേരണക്ക് വിധേയനാകുന്നില്ല. ആര് തന്റെ ഇന്ദ്രിയങ്ങളുടെ പ്രവർത്തനത്തിൽ കാര്യമായ നിയന്ത്രണം ആഗ്രഹിക്കുന്നുവോ അവൻ നിർവ്വാണം സിദ്ധിക്കുന്നതിനുള്ള പരിശീലനങ്ങളിൽ ഏർപ്പെടേണ്ടതാണ്.

7. ഒരുവൻ തന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് ചിന്തിക്കുകയാണെങ്കിൽ അവന് സാഹചര്യങ്ങളെക്കുറിച്ച് മനസ്സിലാക്കാനുള്ള കഴിവ് നഷ്ടപ്പെടുകയും അതിന്റെ പ്രഭാവത്തിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള കഴിവും കുറയുന്നു; എന്നാൽ ആര് അത്തരം ബന്ധനങ്ങളിൽ നിന്ന് മോചിതനാകുന്നുവോ അവനിൽ സാഹചര്യങ്ങളെപ്പറ്റിയുള്ള അവബോധം ഉണ്ടാകുകയും മാത്രമല്ല, അവയിൽ നിന്ന് പുതിയ അറിവുകൾ ഉണ്ടാക്കുവാനും സാധിക്കുന്നു.

ദുഃഖം സന്തോഷത്തെ പിൻതുടരുന്നു; സന്തോഷം ദുഃഖത്തെ പിൻതുടരുന്നു. എന്നാൽ ഒരുവൻ സന്തോഷത്തേയും ദുഃഖത്തേയും, അല്ലെങ്കിൽ നല്ലപ്രവൃത്തിയേയും ചീത്ത പ്രവൃത്തിയേയും വേർതിരിച്ച് വിവിധ തട്ടിലിട്ട് വീക്ഷിക്കാതിരിക്കുകയാണെങ്കിൽ അവന് ഈ ലോകത്തിന്റെ വൈവിധ്യങ്ങളിൽ നിന്ന് മോചനം നേടുവാൻ സാധിക്കും.

ഭാവിയെക്കുറിച്ച് മുൻകൂറായി വേവലാതിപ്പെടുകയും അല്ലെങ്കിൽ ഭൂതകാലത്തെക്കുറിച്ച് വിഷമിക്കുകയും ചെയ്യുന്നതിന്റെ ഫലം ഉണങ്ങിയ വൈക്കോൽ കാറ്റിൽ പറന്നു പോകുന്നതുപോലെയാണ്. അത്തരം ചിന്തകൾക്ക് യഥാർത്ഥത്തിൽ അടിസ്ഥാനമില്ല.

മനസ്സിന്റെയും ശരീരത്തിന്റെയും യഥാർത്ഥ ആരോഗ്യരഹസ്യമെന്നത് ഭൂതകാലത്തെക്കുറിച്ച് വ്യാകുലപ്പെടുന്നതിലോ ഭാവിയെക്കുറിച്ച് അനാവശ്യമായി ദുഃഖിക്കുന്നതിലോ, അതുമല്ലെങ്കിൽ ഭാവിയിലുണ്ടായേക്കാവുന്ന വിപത്തുകളെപ്പറ്റി അത്യധികമായി വിഷമിക്കുന്നതിലോ അല്ല; മറിച്ച്

ബുദ്ധിപരമായി ചിന്തിക്കുകയും ആത്മാർത്ഥമായി ഇപ്പോൾ ചെയ്യേണ്ട കാര്യങ്ങൾ തന്മയത്വത്തോടെ നടപ്പാക്കുകയും ചെയ്യുന്നതിലാണ്.

ഭൂതകാലത്തിൽ ജീവിക്കാതിരിക്കുക, ഭാവിയെക്കുറിച്ച് ദിവാസ്വപ്നം കാണാതിരിക്കുക. മനസ്സിനെ വർത്തമാനകാലത്തിലും ഇപ്പോൾ ചെയ്യേണ്ട പ്രവർത്തികളിലും വ്യാപരിപ്പിക്കുക.

ഇപ്പോൾ ചെയ്യേണ്ടകാര്യങ്ങൾ നല്ലരീതിയിൽ കുറ്റമറ്റതായി ചെയ്യുന്നത് ശ്രേയസ്സുണ്ടാക്കുന്ന കാര്യമാണ്; ഇന്നു ചെയ്യേണ്ട കാര്യങ്ങൾ നാളെക്ക് മാറ്റിവെക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. ഇന്നത്തെ ജോലികൾ കൃത്യമായി നിർവ്വഹിക്കുകവഴി ഒരുവന് നല്ല ഒരുനാൾ ചിലവിട്ടതിന്റെ സംതൃപ്തി ലഭിക്കും.

പ്രജ്ഞയെന്നത് ശരിയായ വഴികാട്ടിയും, വിശ്വാസമെന്നത് ശരിയായ സഹചാരിയുമാണ്. ഒരുവൻ അജ്ഞതയും ദുഃഖങ്ങളുമാകുന്ന ഇരുട്ടിൽ നിന്ന് രക്ഷപ്പെടുവാൻ ശ്രമിക്കുകയും തുടർന്ന് നിർവ്വാണത്തിന്റെ പ്രകാശത്തെ ഉൾക്കൊള്ളുവാൻ ശ്രമിക്കുകയും ചെയ്യണം.

ഒരുവന്റെ ശരീരവും മനസ്സും ശുദ്ധമായിരിക്കുകയും അത് അവന്റെ പൂർണ്ണ നിയന്ത്രണത്തിലായിരിക്കുകയും ചെയ്യുകയാണെങ്കിൽ അവന്റെ പ്രവർത്തികളിൽ അത് പ്രശോഭിക്കും. അത് ഒരു ദൈവീക പ്രവൃത്തിയാണ്. വിശ്വാസം അവന്റെ ധനമായിരിക്കുകയും, ആത്മാർത്ഥത അവന്റെ ജീവിതത്തിനും പ്രവർത്തികൾക്കും ഒരു മധുരിമ നല്കുകയും, അവൻ നേടിയ പുണ്യം അവന്റെ ദൈവീകപ്രവർത്തികൾക്ക് നാന്ദിയുമായിത്തീരും.

ജീവിതയാത്രയിൽ വിശ്വാസമെന്നത് ഒരു പോഷകം പോലെ പ്രവർത്തിക്കുന്നു, പുണ്യപ്രവർത്തികൾ ഒരു ആരാമവും, പ്രജ്ഞയെന്നത് പകലിലെ വെളിച്ചവും ശരിയായ മാനസികാവസ്ഥയെന്നത് രാത്രിയിലെ സംരക്ഷകനും. ഒരു മനുഷ്യൻ ശുദ്ധമായ ജീവിതരീതി അവലംബിക്കുകയാണെങ്കിൽ അവനെ ഒന്നിനും നശിപ്പിക്കുവാൻ സാധിക്കുകയില്ല; ഒരുവൻ അത്യാർത്തിക്കുമേൽ ആധിപത്യം നേടിക്കഴിഞ്ഞാൽ അവന്റെ ആ സ്വാതന്ത്ര്യത്തെ ഒന്നിനും ഹനിക്കുവാൻ സാധിക്കുകയില്ല.

ഒരുവൻ അവന്റെ കുടുംബത്തിനുവേണ്ടി അവനെത്തന്നെ മറന്ന് പ്രവർത്തിക്കണം; ഒരുവൻ അവന്റെ കുടുംബത്തിനെ അവന്റെ ഗ്രാമത്തിന്റെ

ക്ഷേമത്തിനുവേണ്ടി മറക്കണം; ഒരുവൻ അവന്റെ ഗ്രാമത്തിനെ രാജ്യത്തിന്റെ ക്ഷേമത്തെയോർത്ത് മറക്കണം; അതുപോലെ ഒരുവൻ നിർവ്വാണത്തിനുവേണ്ടി എല്ലാം മറന്ന് പ്രവർത്തിക്കണം.

എല്ലാം മാറാവുന്നവയാണ്, എല്ലാം പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷമാകുകയും ചെയ്യുന്നു, ഒരുവൻ ജനനമരണങ്ങൾ ഉണ്ടാക്കിയേക്കാവുന്ന ദാരുണമായ വേദനയെ മാനസികമായി മറികടക്കുന്നതുവരെ ശാന്തിയും സമാധാനവും അവന് ലഭിക്കുകയില്ല.